# കരയോഗ സൗഹൃദം


*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 52

വാല്യം - 16 ലക്കം - 12 വൃശ്ചികം - 1200 ഡിസംബർ - 2024



**18-11-24 മുതൽ 22-11-24 വരെ എറണാകുളം കരയോഗം ടി.ഡി.എം ഹാളിൽ നടത്തിയ ജ്ഞാനപ്പാന പ്രഭാഷണ പരമ്പരയുടെ ഉത്ഘാടനത്തിൽ നിന്ന്**





**21-11-24 മുതൽ 23-11-24 വരെ എറണാകുളം കരയോഗം ടി.ഡി.എം ഹാളിൽ നടത്തിയ അയ്യപ്പ ഭാഗവത പാരായണത്തിൽ നിന്ന്**



## എഡിറ്റോറിയൽ



# ക്ഷേത്രഭരണം വിശ്വാസികളെ ഏല്പ്പിക്കുക

ക്ഷേത്രങ്ങൾ സനാതനധർമ്മത്തിന്റെ ഈറ്റില്ലങ്ങളാണല്ലോ! ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ ധർമ്മാധിഷ്ഠിതമായിരിക്കണമെന്നും ഓരോ ക്ഷേത്രത്തിലെയും ആചാരാനുഷ്ഠാനങ്ങൾ ദേവന്റെ ഭാവചൈതന്യങ്ങൾക്കനുസരിച്ച് വ്യത്യാസമുണ്ടാകുമെന്നും എല്ലാവർക്കും അറിവുള്ളതാണ്. ഇതെല്ലാം ഹൈന്ദവരുടെ പരമ്പരാഗതമായി തുടർന്നു വരുന്ന വിശ്വാസപ്രമാണങ്ങൾക്കനുസരിച്ചാണുതാനും. ഓരോ പ്രദേശങ്ങളിലെയും ക്ഷേത്രങ്ങളുടെ സ്ഥിതി അല്ലെങ്കിൽ നിലവാരമനുസരിച്ച് അവിടെയുള്ളവരുടെ അവസ്ഥ അഥവാ ഉയർച്ചയും താഴ്ചയും നമുക്ക് മനസ്സിലാക്കുവാനും കഴിയും. കാരണം ഹിന്ദുവിന്റെ ആദ്ധ്യാത്മിക അഭയകേന്ദ്രങ്ങളാണ് ക്ഷേത്രങ്ങൾ. അതുകൊണ്ടുതന്നെയാണ് ഹൈന്ദവ വിരുദ്ധരുടെയും, ദേശവിരുദ്ധരുടെയും, വൈദേശികാക്രമണകാരികളുടെയും ഒക്കെ ആക്രമണങ്ങൾക്ക് ക്ഷേത്രങ്ങൾ ഇരയായിക്കൊണ്ടിരിക്കുന്നത്. പണ്ട് ശത്രുക്കൾ ആയുധം ഉപയോഗിച്ച് ക്ഷേത്രങ്ങളെ നശിപ്പിക്കുകയും അക്രമണങ്ങളിലൂടെ അധികാരം കൈക്കലാക്കി സനാതനധർമ്മഹത്യ നടത്തുകയും ചെയ്തിരുന്നുവെങ്കിൽ ഇന്ന് ഈ സ്വതന്ത്രജനാധിപത്യ ഭരണത്തിൽ അതേ ലക്ഷ്യം നിറവേറ്റുന്നത് മുഖം മൂടി അണിഞ്ഞ മതേതരത്വ ഭരണ സംവിധാനമാണ്.

സ്വതന്ത്ര ഭാരതത്തിൽ പ്രത്യേകിച്ച് കേരളത്തിൽ സ്വന്തം ആരാധനാലയങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ തീരുമാനിക്കാനോ, തന്റെ

## ഉള്ളടക്കം

വാല്യം 16 | ലക്കം 12 | ഡിസംബർ 2024


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 8 |
| വാസ്തു ശാസ്ത്രം | 9 |
| യാത്രാ വിവരണം | 10 |
| ക്ഷേത്രങ്ങളിലൂടെ | 12 |
| വഖഫ് | 15 |
| നൈപുണ്യ പരിശീലനം | 16 |
| കേരളത്തിന്റെ ശാക്തേയ പാരമ്പര്യം-8 | 19 |
| സുഭാഷിതം | 26 |
| ബുദ്ധിയിൽ നിന്നും നിർമ്മിത ബുദ്ധിയിലേയ്ക്ക്.... | 27 |
| ചതുരംഗ വീഥി | 30 |
| മദ്യത്തിൽ മുങ്ങുന്ന മലയാളി | 33 |
| ദന്ത സംരക്ഷണം | 34 |
| നമഃശിവായ | 36 |
| പശ്ചിഘട്ട മലനിരകളും വയനാട് ദുരന്തവും | 38 |
| ദൃക്ക് ദൃശ്യ വിവേകം -19 | 41 |
| പ്രകൃതിയുടെ കരുതൽ | 44 |
| മാസഫലം | 48 |
| മാട്രിമോണിയൽ. | 49 |



### പത്രാധിപസമിതി

ആലപ്പാട്ട് മുരളീധരൻ
(മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)

പി. രാമചന്ദ്രൻ (വേണു)

കെ.ടി. മോഹനൻ

വിശ്വാസപ്രമാണങ്ങൾക്കനുസരിച്ച് ധർമ്മാധിഷ്ഠിതഭരണം നടത്തുവാനോ അവകാശമില്ലാത്ത ഒരേ ഒരു വിഭാഗം ഇവിടുത്തെ ഹിന്ദുക്കൾ മാത്രമാണ്. ക്ഷേത്രഭരണം നടത്തേണ്ടത് സനാതനധർമ്മത്തെപ്പറ്റിയും, ക്ഷേത്രാചാരാനുഷ്ഠാനങ്ങളെപ്പറ്റിയും അവഗാധമായ പാണ്ഡിത്യമുള്ള ക്ഷേത്ര വിശ്വാസികളായിരിക്കണം. എന്നാൽ ഇന്നത്തെ നമ്മുടെ അവസ്ഥ എന്താണ്. ആരാണ് ക്ഷേത്രങ്ങൾ ഭരിക്കുന്നത്? നിരീശ്വരവാദികളും, അവിശ്വാസികളും, ക്ഷേത്രധ്വംസകരുമൊക്കെയല്ലേ ഇന്ന് ഭരണം കൈയ്യാളുന്നത്. ഹിന്ദുവിന്റെ ക്ഷേത്രങ്ങൾക്കുമേൽ മാത്രം സർക്കാരിന്റെ അധിശത്വം! സർക്കാർ നിയന്ത്രണത്തിലുള്ള ദേവസ്വം ബോർഡ് ഭരണം! ബോർഡിലെ നിയമനകാര്യങ്ങളിൽ, ക്ഷേത്രഭരണ കാര്യങ്ങളിൽ ഒന്നിലും ഭക്തജനങ്ങൾക്ക് യാതൊരു അവകാശവുമില്ല. മറ്റു മതവിഭാഗങ്ങളുടെ കാര്യം എടുക്കുക. അവരവരുടെ ആരാധനാലയങ്ങളുടെ പൂർണ്ണ അധികാരം അവർക്കുതന്നെ. ഇതാണോ മതേതരത്വം. സ്വന്തം ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനും, നടത്തിക്കൊണ്ടുപോകുന്നതിനും എല്ലാ പൗരന്മാർക്കും ഭരണഘടനാപരമായ അവകാശമുണ്ടെങ്കിലും ഹിന്ദുവിനുമാത്രം ആ അവകാശം നിഷേധിക്കപ്പെടുന്നു. ഇതിന്റെയൊക്കെ ദുരന്തഫലങ്ങളാണ് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്നത്.

ഒരു നൂറു വർഷം മുമ്പ് ഉണ്ടായിരുന്ന ക്ഷേത്രസ്വത്തുക്കളും, ഇന്നത്തെ സ്വത്തുക്കളും തമ്മിൽ ഒന്ന് താരതമ്യം ചെയ്തു നോക്കുക. അന്നുണ്ടായിരുന്നതിന്റെ കാൽഭാഗംപോലും ഇന്ന് കാണുകയില്ല. അതിവിപ്ലവം എന്ന് കൊട്ടിഘോഷിച്ചുകൊണ്ട് നടപ്പാക്കിയ ഭൂപരിഷ്കരണ നിയമം നടപ്പാക്കിയപ്പോഴും മറ്റു മതസ്ഥരുടെ ആരാധനാലയങ്ങളുടെ വകകളെ തൊടാതെ ക്ഷേത്രഭൂമി മാത്രം സർക്കാർ പിടിച്ചെടുത്തില്ലേ? അതിനുശേഷവും എത്രയോ ക്ഷേത്രഭൂമികളാണ് കയ്യേറിപോയിരിക്കുന്നത്. അതുപോലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണവും അറ്റകുറ്റപണികളും നടത്തുന്ന കാര്യത്തിൽ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത് കുറ്റകരമായ അനാസ്ഥയാണെന്ന് പറയാതിരിക്കുവാൻ നിർവാഹമില്ല. കോടിക്കണക്കിന് രൂപയാണ് ക്ഷേത്രങ്ങളിൽനിന്നും വരുമാനമായി ലഭിക്കുന്നത്. ഈ തുകയെല്ലാം എന്ത് ചെയ്യുന്നു.

വരുമാനമുള്ള ക്ഷേത്രങ്ങളിൽ മാത്രം മിനുക്കുപണികൾ ചെയ്താൽ മതിയോ? വരുമാനമില്ലാത്ത ചെറിയ ക്ഷേത്രങ്ങളിൽ പലതും ഇന്ന് തകർച്ചയുടെ വക്കിലാണ്. ക്ഷേത്രഭരണം സുതാര്യമാകണമെങ്കിൽ അത് ധർമ്മാനുസാരം നടക്കണമെങ്കിൽ ഭരണം വിശ്വാസികളെ ഏൽപ്പിക്കണം. ഇല്ല എങ്കിൽ അവിശ്വാസികളുടെ ഭരണം മൂലം ക്ഷേത്രാചാരങ്ങളിൽ വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റം ധർമ്മനുഷ്ഠാനങ്ങൾക്കെതിരായിട്ടുള്ളതാകും. ശബരിമലയിലും, ഗുരുവായൂരിലും ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിൽ ഇന്ന് ഭക്തജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിന്റെ പ്രധാന കാരണം ഇതുതന്നെയാണ്. ശബരിമലയിൽ തുടർച്ചയായുണ്ടാകുന്ന ആചാരലംഘനങ്ങളും അപ്പം, അരവണ പ്രശ്നങ്ങളുമെല്ലാം എന്തെ ചോദ്യം ചെയ്യപ്പെടാതെ പോകുന്നു. ഹിന്ദുവിനോടുമാത്രം സർക്കാർ ഈ ധാർഷ്ട്യം കാണിക്കുന്നത് നമ്മുടെ ഇടയിലുള്ള അനൈക്യം കാരണമാണ്. സനാതനധർമ്മകേന്ദ്രങ്ങളായ ക്ഷേത്രങ്ങളെ സർക്കാരിന്റെ ഭരണത്തിൽനിന്നും മോചിപ്പിച്ച് തനതായ ആചാരനുഷ്ഠാനകളോടുകൂടി നടത്തുന്നതിനുവേണ്ടി ഈ സമാജം ഉണരണം. എല്ലാ വ്യത്യാസങ്ങളും മാറ്റിവെച്ചുകൊണ്ട് നിലവിളക്ക് കൊളുത്തുന്ന സർവ്വരും ഇക്കാര്യത്തിലെങ്കിലും ഒന്നിക്കുക. ഇല്ലെങ്കിൽ അത് നാം നമ്മോടും വരുംതലമുറയോടും ചെയ്യുന്ന അക്ഷന്തവ്യമായ അപരാധമായിരിക്കും.

ഒന്നിച്ചാൽ വിജയിക്കാം ..... ഇല്ലെങ്കിൽ.....?

ജയ് ഹിന്ദ്

*******



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

*പ്രിയ കരയോഗാംഗങ്ങളെ,*

എറണാകുളം കരയോഗത്തിന്റെ 99-ാമത് സ്ഥാപകദിനം 2024 ഡിസംബർ 25 ബുധനാഴ്ച സമുചിതമായി ആഘോഷിക്കുകയാണ്. അതോടനുബന്ധിച്ച് കരയോഗാംഗങ്ങളുടെ കൂട്ടായ്മയായ കുടുംബസംഗമം ഉണ്ടായിരിക്കും. ഇത് സംബന്ധിച്ച് വ്യക്തമായ അറിയിപ്പും നിർദ്ദേശങ്ങളും ഈ ലക്കം സൗഹൃദത്തിൽ തന്നെ (പേജ്-7) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കഴിഞ്ഞ വാർഷികപൊതുയോഗത്തിന്റെ തീരുമാനത്തിനു വിധേയമായി ക്യാപിറ്റൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അംഗീകരിച്ച എറണാകുളം കരയോഗം ശതാബ്ദിയുടെ ഓർമ്മയ്ക്കായി ചെറായി ചൈൽഡ് കെയർ ഹോം ഗേൾസ്-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ മാസം ആരംഭിക്കുകയുണ്ടായി. നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ മുന്നോട്ടു പോകുന്നു. അടുത്ത വർഷം തന്നെ അതിന്റെ ഉദ്ഘാടനം നടത്തി പ്രവർത്തന പഥത്തിലേയ്ക്ക് കാല് എടുത്തുവയ്ക്കുവാൻ കഴിയുമെന്നാണ് ഭരണ സമിതി കരുതുന്നത്. ടി പദ്ധതിയെ കുറിച്ച് കൂടുതൽ വിശദീകരിക്കേണ്ട ആവശ്യമില്ല. പൊതുയോഗങ്ങളിലും മുൻകരയോഗസൗഹൃദലക്കങ്ങളിലും വിശദമായി തന്നെ പലപ്പോഴായി പ്രതിപാദിച്ചിട്ടുണ്ടെന്ന് ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

ശതാബ്ദിയോടനുബന്ധിച്ച് അംഗങ്ങളുടെ കുടുംബാംഗങ്ങൾക്ക് അംഗത്വം എടുക്കുന്നതിന് അനുവദിച്ചിട്ടുള്ള പ്രത്യേക ഇളവിൻ പ്രകാരമുള്ള അംഗത്വ കാമ്പെയിനും, മെമ്പർഷിപ്പ് വിതരണവും നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാ അംഗങ്ങളും അവരവരുടെ കുടുംബാംഗങ്ങളെ കരയോഗം അംഗങ്ങളായി ചേർക്കണമെന്നും, ഈ മഹത് പ്രസ്ഥാനത്തിന്റെ ഭാഗമാക്കണമെന്നും ഒരിക്കൽ കുടി അഭ്യർത്ഥിക്കുന്നു.

അതുപോലെതന്നെ നിലവിലുള്ള അംഗങ്ങൾ അവരുടെ ശരിയായ മേൽവിലാസമാണോ കരയോഗത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഓരോരുത്തരും ഉറപ്പ് വരുത്തണം. അംഗത്വമെടുത്ത സമയത്ത് തന്നിരിക്കുന്ന മേൽവിലാസത്തിൽ നിന്നും എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടെങ്കിൽ അത് രേഖാമൂലം നിശ്ചിത ഫോറത്തിൽ കൃത്യമായും കരയോഗത്തിൽ അറിയിക്കേണ്ടതാണ്. അങ്ങനെയുള്ള മാറ്റങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിനു വേണ്ടി കരയോഗത്തിൽ ആവശ്യമായ സംവിധാനങ്ങൾ നിലവിലുണ്ട്. മേൽവിലാസത്തിൽ മാറ്റമുള്ള എല്ലാ അംഗങ്ങളും ഈ സംവിധാനം ഉപയോഗപ്പെടുത്തണമെന്ന് അറിയിച്ചുകൊള്ളുന്നു. ഇല്ലെങ്കിൽ കരയോ ഗത്തിൽ നിന്നുമുള്ള അറിയിപ്പുകൾ നിങ്ങൾക്ക് ലഭിക്കാതെ പോകും.

മറ്റൊരു വിഷയം കരയോഗത്തിലെ അംഗത്വമെടുത്ത് ചില അംഗങ്ങൾ കാലയവനികയ്ക്കുള്ളിൽ അകപ്പെട്ടിട്ടും അവരുടെ ബന്ധുക്കളോ കുടുംബാംഗങ്ങളോ ടി വിവരം കരയോഗം ഓഫീസിൽ യഥാസമയം അറിയിക്കാത്തതുകൊണ്ട് ആ വിവരം രേഖപ്പെടുത്തുവാനോ, അവരുടെ പേരുകൾ അംഗത്വ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുവാനോ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അംഗങ്ങളുടെ വേർപാട് കൃത്യമായി യഥാസമയം കരയോഗം ഓഫീസിൽ അറിയിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

2024 ഡിസംബർ 13-ാം തീയതി (വൃശ്ചികം 28) നാരായണീയദിനത്തിൽ ടി.ഡി.എം. ഹാളിൽ രാവിലെ 7 മണി മുതൽ 3 മണി വരെ സമ്പൂർണ്ണ **നാരായണീയ പാരായണം** നടത്തുന്നു.

2024 ഡിസംബർ 15-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് എറണാകുളം കരയോഗം സാംസ്ക്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ **'അകായിലെ സംഗീതം'** 2010-ന് ശേഷമുള്ള പാട്ടുകൾ (പുതിയ പാട്ടുകൾ) ടി.ഡി.എം. ഹാളിൽ നടത്തുന്നു.

എറണാകുളം കരയോഗം സാഹിതിയോഗത്തിന്റെ പരിപാടി **ചർച്ച- 'കാളിദാസ സാഹിത്യം'**

ഡിസംബർ 22 ഞായറാഴ്ച വൈകുന്നേരം 3.30 ന് ടി.ഡി.എം. ഹാളിൽ

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 2024 ഡിസംബർ 17 ചൊവ്വാഴ്ച വൈകുന്നേരം 6.30-ന് **'കഥകളിപ്പദകച്ചേരി'** ടി.ഡി. എം കാവേരി ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ പ്രതിമാസ പരിപാടി Topic: Project KA-WH(Kochi as World Heritage): 2025 Activities ഡിസംബർ 14 ശനിയാഴ്ച വൈകുന്നേരം 4.00 മുതൽ 6.00 മണി വരെ ടി.ഡി.എം. ഹാളിൽ

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ 2025 ജനുവരി 1-ന് ബുധനാഴ്ച വൈകുന്നേരം 6.00-ന് നവനീത് ഉണ്ണികൃഷ്ണൻ അവതരിപ്പിക്കുന്ന **'പ്രണയ ഗീതങ്ങൾ'** ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ സജീവമായ പ്രവർത്തനങ്ങളും ഇടപെടലുകളും നിങ്ങളിൽ നിന്ന് ഉണ്ടാകണമെന്നും കരയോഗത്തിന്റെ പരിപാടികളിൽ നിങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും ഉറപ്പാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**ജനറൽ സെക്രട്ടറി**

*******

# എറണാകുളം കരയോഗം

**ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ**

**2024 ഡിസംബർ 10 മുതൽ 2025 ജനുവരി 10 വരെ**

| | | | | |
|---|---|---|---|---|
| 1. | 11-12-2024<br>18-12-2024<br>01-01-2025<br>08-01-2025 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല. പി.പി | 3.00 p.m - 4.30 p.m. |
| 2. | 12-12-2024<br>19-12-2024<br>26-12-2024<br>02-01-2025<br>09-01-2025 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 3. | 14-11-2024 | ശനി | എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന - Project KAWH | 4.00 p.m. - 6.00 p.m. |
| 4. | 15-12-2024 | ഞായർ | എറണാകുളം കരയോഗം സാംസ്ക്കാരികവേദി - അകായിലെ സംഗീതം 2010-ന് ശേഷമുള്ള പാട്ടുകൾ (പുതിയ പാട്ടുകൾ) | 4.00 p.m |
| 5. | 17-12-2024 | ചൊവ്വ | എറണാകുളം കരയോഗം കഥകളി ക്ലബ്ബ് പത്മഭൂഷൺ ഡോ.കലാമണ്ഡലം രാമൻകുട്ടി നായർ ജന്മശതാബ്ദി അനുസ്മരണ പ്രഭാഷണവും കഥകളിപ്പദ കച്ചേരിയും | 5.45 p.m |
| 6. | 22-12-2024 | ഞായർ | സാഹിതിയോഗം - കാളിദാസ സാഹിത്യം<br>അവതരണം - ശ്രീ ടി.എൻ.ടി നായർ | 3.30 p.m |
| 7. | 01-01-2025 | ബുധൻ | ബീം - പ്രണയ ഗീതങ്ങൾ<br>നവനീത് ഉണ്ണികൃഷ്ണൻ | 6.00 p.m. |

**എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക്**
**2024 നവംബർ മാസം സംഭാവന നൽകിയത്**

| | | |
|---|---|---|
| 1 | ജി.വി. പിള്ള, വസുദേവം, GVRRA 67 A, ശാസ്ത്രി ലൈൻ, പൊന്നുരുന്നി ഈസ്റ്റ് | 10,000 |

# 2024

# 99-ാമത് സ്ഥാപകദിനവും
# കുടുംബസംഗമവും

## ഡിസംബർ 25 ബുധനാഴ്ച ടി.ഡി.എം. ഹാളിൽ

### താഴെ പറയുന്ന പരിപാടികളനുസരിച്ച് നടത്തപ്പെടും

രാവിലെ എറണാകുളം കരയോഗ വിഘ്നേശ്വരക്ഷേത്രത്തിൽ തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ ശശിനമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ അഷ്ടദ്രവ്യഗണപതിഹോമം, നവകം, പഞ്ചഗവ്യം, അഭിഷേകം എന്നീ വിശേഷ പൂജാദികർമ്മങ്ങൾ നടത്തപ്പെടും. 10 മണി മുതൽ കരയോഗാംഗങ്ങളുടേയും കുടുംബാംഗങ്ങളുടേയും വിവിധ കലാപരിപാടികളും വൈകുന്നേരം 5.30 ന് അയ്യപ്പൻ പാട്ടും ഉണ്ടായിരിക്കും. എല്ലാവരേയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

കുടുംബസംഗമത്തോടനുബന്ധിച്ച് രാവിലെ മുതൽ നടത്തപ്പെടുന്ന വിവിധ കലാപരിപാടികളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള കരയോഗാംഗങ്ങൾ ഡിസംബർ 15ന് മുമ്പ് പ്രൊഫ. സുമംഗലാദേവിയെയോ, ശ്രീമതി ശുഭാ വിജയനേയോ നേരിട്ടോ ഫോണിലൂടേയോ ബന്ധപ്പെടേണ്ടതാണ്. **നമ്പർ : 9447785214, 9446357315.**

**കുടുംബസംഗമത്തിൽ പങ്കെടുക്കുന്ന എല്ലാ കരയോഗാംഗങ്ങളും നിർബന്ധമായും കൂപ്പൺ വാങ്ങിയിരിക്കേണ്ടതാണ്. കൂപ്പൺ നിരക്ക് അംഗങ്ങൾക്ക് 50 രൂപയും അവരുടെ അതിഥികൾക്ക് 100 രൂപയും 10 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യവുമായിരിക്കും. (കൂപ്പൺ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത് കൃത്യമായും സുതാര്യമായും ഉച്ചഭക്ഷണവും അത്താഴവും ഏർപ്പാടാക്കുവാൻ വേണ്ടി മാത്രമാണ്.)**

**കൂപ്പണുകൾ 2024 ഡിസംബർ 15 മുതൽ 22 വരെ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.**

## കാര്യപരിപാടികൾ

**രാവിലെ 10.00 മുതൽ 01.00 മണി വരെ വിവിധ കലാപരിപാടികൾ**

**11.30 : ജനറൽസെക്രട്ടറിയുടെ സന്ദേശം**

**1.00 മണി മുതൽ 2.00 മണി വരെ : ഉച്ചഭക്ഷണം**

**2 മണി മുതൽ വിവിധ കലാപരിപാടികൾ**

**Indoor Games, തമ്പോല, ഭാഗ്യവാൻ / ഭാഗ്യവതിയെ കണ്ടെത്തൽ മുതലായവ.**

**സമ്മാനദാനം**

**5.30ന് : അയ്യപ്പൻ പാട്ട്**

**8.30ന് : ഹരിവരാസനം**

**(തുടർന്ന് അന്നദാനം ഉണ്ടായിരിക്കുന്നതാണ്.)**



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## ഗുരുപൂജ

പ്രിയരേ,

വണ്ട് ഒരു ഗുരുനാഥന്റെ വീട്ടിൽ ഗുരുകുല സമ്പ്രദായമനുസരിച്ച് താമസിച്ച് പഠിച്ചിരുന്ന വിദ്യാർത്ഥികളിൽ സുകുമാരൻ എന്ന് പേരായ ഒരു കൊച്ചു മിടുക്കനും ഉണ്ടായിരുന്നു. മറ്റെല്ലാവരിലും നിന്ന് അനുസരണശീലവും ഗുരുഭക്തിയും അവന് കൂടുതലായിരുന്നു. ഗുരുപറഞ്ഞു കൊടുക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുന്ന കാര്യത്തിലും അവൻ മുമ്പൻതന്നെ.ഗുരുവിനും പത്നിക്കും അവനെ വളരെ ഇഷ്ടമായിരുന്നു. എന്നിരുന്നാലും ഉള്ളിലുള്ള ഇഷ്ടം പുറത്തുകാണിക്കാതെ ഗുരുനാഥൻ അവനെ വഴക്കു പറയുകയും ശാസിക്കുകയുമൊക്കെ ചെയ്യുമായിരുന്നു. ഗുരുവിന്റെ ഈ മനോഭാവം സുകുമാരനിൽ ഗുരുവിനോടുള്ള വിദ്വേഷമായി വളർന്നു.

സഹികെട്ട് അവൻ അദ്ദേഹത്തെ കൊന്നുകളയാൻ തന്നെ തീരുമാനിച്ചു. ഗുരു ഉറങ്ങിക്കിടക്കുമ്പോൾ, വലിയൊരു ഉരുളൻ കല്ല് മേലെനിന്ന് തലയ്ക്കിട്ട് കൊല്ലാൻ അവൻ പദ്ധതിയിട്ടു. ആരും കാണാതെ അവൻ കല്ലുമായി ഒളിച്ചിരുന്നു.

ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ ഗുരുപത്നി സുകുമാരനെക്കുറിച്ച് ഭർത്താവിനോട് ചോദിച്ചു. അങ്ങ് എന്തിനാണ് സുകുമാരനെ വെറുതെ എപ്പോഴും ശാസിക്കുന്നതും ശിക്ഷിക്കുന്നതും? അവൻ നല്ല കുട്ടിയല്ലേ? അപ്പോൾ ഗുരുനാഥൻ പറഞ്ഞു.

അവൻ മിടുക്കനാണ് ബുദ്ധിമാനും വിവേകിയുമാണ്. എനിക്ക് ഏറ്റവും ഇഷ്ടം അവനെയാണ്. സ്നേഹം കൊണ്ടും വാത്സല്യം കൊണ്ടുമാണ് ഞാനവനെ ശാസിക്കുന്നതും ശിക്ഷിക്കുന്നതും. പ്രത്യേക മമത അവനോട് എനിക്കുണ്ടെന്നറിഞ്ഞാൽ അവൻ ചിത്തയാകാൻ ഇടയുണ്ട്.

ഗുരുവും പത്നിയും തമ്മിലുള്ള സംസാരം കേട്ട സുകുമാരൻ നൊമ്പരപ്പെട്ടു. അവന് വലിയ വിഷമമായി. മുകളിൽ നിന്ന് താഴെ ഇറങ്ങി വന്നു ഗുരുനാഥനെ വണങ്ങി. എന്നിട്ട് ചോദിച്ചു.

'ഗുരുവിനെ വധിക്കാൻ ശ്രമിച്ച ശിഷ്യന് എന്ത് ശിക്ഷയാകാം ഗുരുനാഥാ?' കാര്യമൊന്നുമറിയാതെ ഗുരു പറഞ്ഞു. 'ഗുരു വധമോ? കൊടും പാതകം! ഉമിത്തീയിൽ വെന്തു നീറി മരിക്കണം അങ്ങനെ ചെയ്തവർ.' സുകുമാരൻ കാര്യം പറഞ്ഞു. അവനാണ് അത്തരമൊരു ചിന്തവന്നതെന്നറിഞ്ഞ് ഗുരു പറഞ്ഞു. 'നീയാണെങ്കിൽ വേണ്ട നീ എന്റെ വത്സല ശിഷ്യനാണ്.' നീ ഇപ്പോൾ അതേക്കുറിച്ചോർത്ത് പശ്ചാത്തപിക്കുന്നുണ്ടല്ലോ? അതുമതി. അവൻ പക്ഷേ കൂട്ടാക്കിയില്ല.

വലിയൊരു കുഴിയിൽ ഉമിനിറച്ച് തീയിട്ട് അതിലിറങ്ങിയിരുന്ന് നീറി ദഹിക്കാൻ തുടങ്ങി. ശ്രീകൃഷ്ണ ഭഗവാനെ മനസ്സിലോർത്ത് ആ നേരം അവൻ അവതാരലീലകൾ പാടി സ്തുതിച്ചു. ആ ദഗ്ദ്ധ ജീവിതത്തിൽനിന്ന് ഉറവകൊണ്ട ജ്ഞാനത്തിന്റെ തെളിനീരാണ് ശ്രീകൃഷ്ണ വിലാസം. അഞ്ചു സർഗ്ഗം പറഞ്ഞു കഴിഞ്ഞപ്പോഴേയ്ക്കും അവന്റെ ശരീരം വെണ്ണീറായി .

ഈ ശോക കഥ പണ്ടുകാലത്തെ ഗുരുശിഷ്യബന്ധത്തെക്കുറിച്ച് സ്പഷ്ടമാക്കുന്നു. ഇന്നുള്ള തലമുറ അതിൽ എത്രത്തോളം ശ്രദ്ധ പതിപ്പിക്കുമെന്ന് നിശ്ചയമില്ല. കാലത്തിന്റെ കുത്തൊഴുക്കിൽ ഇന്ന് ഗുരുശിഷ്യ ബന്ധത്തിനും, മറ്റ് ബന്ധങ്ങളിൽ ഉള്ളതുപോലെ ഉലച്ചിൽ തട്ടിയിട്ടുണ്ട്. ജീവിത വൃത്തിക്കുള്ള മാർഗ്ഗമായി ഗുരുസ്ഥാനം താഴാൻ തുടങ്ങിയതു മുതലാണെന്നു കരുതുന്നു പവിത്രമായൊരു ലോകം നമ്മിൽ നിന്ന് പിടിവിട്ടു പോയി.

ഗുരുനാഥന്റെ അനുഗ്രഹം കൊണ്ട് മാത്രമേ ഒരാൾ പരിപൂർണ്ണനായിത്തിരുകയുള്ളു. ഇതൊരറിവാണ്. ബാലലോകം കൂട്ടുകാർ ഈ അറിവ് ഉൾക്കൊള്ളുന്നവരായി വേണം വളർന്നു വരാൻ. മഹിമകൾ വരാൻ, മഹാന്മാരായിത്തീരാൻ ഗുരുപ്രസാദം കൂടിയേ തീരു.

ഗുരുക്കന്മാർക്കുള്ള പൂജയാവട്ടെ ഈ ലക്കം ബാലലോകം. സന്തോഷത്തോടെ ഇരിക്കൂ. സന്മാർഗ്ഗങ്ങളിൽ ചരിക്കൂ.

സുകുമാരൻ എന്ന ഈ ശിഷ്യനാണ് പിൽക്കാലത്ത് കുമരിലഭട്ടൻ എന്ന പേരിൽ പ്രഖ്യാതനായത്.

*******




# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

പ്ലോട്ട് ശരിയാക്കാതെ ഒരിക്കലും വീട് പണി തുടങ്ങരുതെന്ന് പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാകുന്നു. വീട് പണി കഴിഞ്ഞാൽ ചിലപ്പോൾ ഒന്നും തന്നെ ചെയ്യാൻ സാധിക്കില്ല. ഇന്നലെ പോയിക്കണ്ട വീടിന്റെ മുഖം പടിഞ്ഞാറോട്ടാണ്. പടിഞ്ഞാറ് ധാരാളം ഒഴിഞ്ഞ സ്ഥലം വിട്ട്, കിഴക്ക് കുറച്ച് സ്ഥലം വിട്ടുമാണ് വീട് പണിഞ്ഞിരിക്കുന്നത്. പടിഞ്ഞാറ് റോഡും പടിഞ്ഞാറ് മുഖമുള്ള വീടും പണിയുമ്പോൾ പലരും ഇങ്ങനെ തന്നെയാണ് ചെയ്യുന്നത്. ഈ വീട്ടിലേക്കുള്ള വഴി ഈ പറമ്പിന്റെ പടിഞ്ഞാറ് തെക്കെ മൂലയിൽ അവസാനിക്കുന്നു. വീടിന്റെ ഗേറ്റ് തെക്ക് പടിഞ്ഞാറെ മൂലയിലാണ്. പറമ്പിന്റെ വടക്കെ അതിർ കിഴക്കോട്ട് പോകും തോറും തെക്കോട്ട് ചരിഞ്ഞു പോകുന്നു. വീടിന്റെ തെക്കുഭാഗം പറമ്പ് കിഴക്കോട്ടു പോകുന്തോറും കൂടിക്കുടി വരുന്നു. പ്ലോട്ട് ശരിയാക്കുന്നതിനായി വടക്ക് കിഴക്കെ മൂലയിൽ നിന്നും വീടിനു സമാന്തരമായി ചെറിയ മതിൽ 18 മുതൽ 24 cm ഉയരത്തിൽ കെട്ടണം. ചിത്രത്തിൽ A to B. അതുപോലെ തെക്കുപടിഞ്ഞാറെ മൂലയിൽ നിന്നും വീടിനു സമാന്തരമായി ചെറിയ മതിൽ കെട്ടണം. ചിത്രത്തിൽ C to D.

ഗേറ്റ് കന്നിമൂലയിൽ ആയതുകൊണ്ട് ഗേറ്റിന്റെ മുൻവശത്ത് ആവശ്യത്തിന് സ്ഥലം വിട്ട് ചെറിയ മതിൽ കെട്ടണം. ചിത്രത്തിൽ G to H. സാധാരണ പടിഞ്ഞാറ് തെക്ക് ഗേറ്റ് വന്നാൽ ഗേറ്റ് പടിഞ്ഞാറ് വടക്കോട്ട് മാറ്റിയാൽ മതി. ഇവിടെ വഴി തെക്ക്പടിഞ്ഞാറെ മൂലയിൽ അവസാനിക്കുന്നതുകൊണ്ട് പറമ്പിനകത്ത് വടക്കോട്ട് തിരിച്ച് ഒരു വഴി ഉണ്ടാക്കുന്നു.

വീടിന്റെ കിഴക്ക് തുറന്ന സ്ഥലം രണ്ടു മീറ്ററാണെങ്കിൽ പടിഞ്ഞാറ് അതിൽ കുറവായിരിക്കണം. ഇവിടെ വീട് കിഴക്കോട്ടു മാറ്റി പണിതതുകൊണ്ട് വീടിന്റെ കിഴക്കുവശം രണ്ടു മീറ്ററും, പടിഞ്ഞാറു വശം 12 മീറ്ററും തുറന്ന സ്ഥലങ്ങളാണ്. അതുകൊണ്ട് വീടിന്റെ തെക്കുപടിഞ്ഞാറെ മൂലയിൽ വീടിനു സമാന്തരമായി പറമ്പിന്റെ വീതിയുടെ 1/4 നീളത്തിൽ ചെറിയ മതിൽ 24 cm ഉയരത്തിൽ കെട്ടണം. ചിത്രത്തിൽ A1 to B1 ഇപ്പോൾ വീടിന്റെ കന്നിമൂല ഈ കെട്ടിന്റെ അടുത്തേക്ക് മാറി. പറമ്പിന്റെ പടിഞ്ഞാറു വശം ഉയർത്തി എല്ലാ വെള്ളവും വടക്കോട്ടോ, കിഴക്കോട്ടോ, വടക്ക്കിഴക്ക് മൂലയിലേക്കോ ഒഴുകുവാൻ പാകത്തിന് പറമ്പ് ശരിയാക്കണം.



യാത്രാ വിവരണം

# കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലൂടെ ......


ഭവാനി. കെ - 9895071101

ഞങ്ങളുടെ ഈ യാത്രയുടെ 6-ാം ദിവസമായ ഇന്ന് രാവിലെ പ്രഭാതഭക്ഷണത്തിനുശേഷം പ്ലിറ്റ്വിസ് ലേക്സ് നാഷണൽ പാർക്ക് കാണുന്നതിനായി യാത്ര ആരംഭിച്ചു. ക്രൊയേഷ്യയിലെ ഏറ്റവും വലിയ ദേശീയോദ്യാനമാണ് പ്ലിറ്റ്വിസ് തടാകോദ്യാനം. ഇത് യൂറോപ്പിലെ ഏറ്റവും പുരാതനമായ ഉദ്യാനവുമാണ്. 1974-ൽ ഈ ഉദ്യാനം ലോക പൈതൃക പട്ടികയിൽ ഇടം നേടി. 1949-ലാണ് ഈ തടാകോദ്യാനം ഇന്നത്തെ നിലയിൽ മനോഹരമായി രൂപകൽപന ചെയ്തു നിർമ്മിച്ചത്. ഏതാണ്ട് 296.85 sq-.km വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഈ മനോഹര തടാകോദ്യാനം സ്ഥിതിചെയ്യുന്നത്. അതിസമൃദ്ധമായ ഹരിതവനകൾക്കിടയിലായി കാണപ്പെടുന്ന പളുങ്കുമണികൾ വാരിവിതറി തെന്നിത്തെറിക്കുന്ന മനോഹരമായ വെള്ളച്ചാട്ടങ്ങളും, അവിടവിടെയായി കാണപ്പെടുന്ന അത്യാകർഷകമായ നീല തടാകങ്ങളും എല്ലാം ചേർന്ന് ഏതൊരാളെയും ഹൃദയാകർഷിക്കുന്ന ഈ ഉദ്യാനം സ്ഥിതി ചെയ്യുന്നത് ക്രൊയേഷ്യയുടെ പർവ്വത മേഖലയിലാണ്. വൈവിദ്ധ്യമാർന്ന വിവിധ വർണ്ണങ്ങളിലുള്ള പൂക്കളാൽ നിബിഡമാണ് ഈ മനോഹര ഉദ്യാനം. അത്യപൂർവ്വങ്ങളും അത്യാകർഷകങ്ങളുമായ സസ്യ, പുഷ്പ, ഫലങ്ങളാൽ നിറഞ്ഞതുമാണ് ഈ ഉദ്യാനം.

വനത്തിലൂടെയുള്ള ഒരു കാൽനടയാത്രയ്ക്കും ഒരു ബോട്ടുയാത്രയ്ക്കും ശേഷം ഞങ്ങൾ ഹംഗറിയിലേക്കുള്ള 6 മണിക്കൂർ നീണ്ട യാത്രയാരംഭിച്ചു. ഏതാണ്ട് സായംസന്ധ്യയോടുകുടി ഞങ്ങൾ ഹംഗറിയിലെ ഹോട്ടൽ സാഗ്രെബിൽ എത്തിച്ചേർന്നു.



അടുത്ത പ്രഭാതത്തിൽ ബ്രേക്ക് ഫാസ്റ്റിന് ശേഷം ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിലേക്ക് യാത്ര തിരിച്ചു. ഇവിടുത്തെ നഗര കാഴ്ചകൾ വളരെ രസകരമായിരുന്നു. ഞങ്ങൾ സന്ദർശിച്ച കാസിൽ സ്ട്രീറ്റിൽ വലിയ വാഹനങ്ങൾ പൂർണ്ണമായും നിരോധിച്ചിരിക്കുകയാണ്. ഇവിടുത്തെ റോഡുകൾ അടിയിലുള്ള അന്തരാള നിർമ്മിതികളുടെ മുകളിലായാണ് നിർമ്മിച്ചിരിക്കുന്നത്. അതുകൊണ്ടാണ് വലിയ ഭാരവണ്ടികൾക്ക് അനുവാദം നൽകാത്തത്. ഈ അന്തരാള നിർമ്മിതികളിൽ പലതും പല വീടുകളിലേക്കാണ് ചെന്നെത്തുന്നതും ഇത്തരം നിർമ്മിതികൾ ഞങ്ങളിൽ പലർക്കും പുതുമയുള്ള കാഴ്ചയായിരുന്നു. മനംകവരും വിധമുള്ള നിർമ്മാണ രീതികളാണ് ബുഡാപെസ്റ്റിലേ കെട്ടിടങ്ങളുടേത് .റോഡിലൂടെ നടക്കുമ്പോൾ റോഡരുകിൽ പ്രദർശിപ്പിച്ചിരിക്കുന്ന കരകൗശലവസ്തുക്കൾ ധാരാളമായി കാണാൻ കഴിഞ്ഞു ഞങ്ങളിൽ മിക്കവരും നന്നായി വിലപേശി ഇവരിൽ നിന്നും ഒട്ടേറെ വസ്തുക്കൾ വാങ്ങുകയുണ്ടായി. പിന്നീട്, വൈകിട്ട് ഡാന്യൂബ് നദിയിലൂടെ ഒരു ജലയാത്രയും, ഹംഗേറിയൻ പാർലമെന്റ് കെട്ടിടവും, ഇരുമ്പു കൊണ്ട് നിർമ്മിച്ച തൂക്കുപാലമായ ചെയിൻ ബ്രിഡ്ജും കണ്ടു.



ഈ പാലത്തിൽ പരമ്പരാഗതമായി അനുഷ്ഠിച്ചുവരുന്ന ഒരു ചടങ്ങുണ്ട്. പ്രണയിതാക്കൾ തങ്ങളുടെ പ്രണയത്തിന്റെ ശാശ്വത സ്മരണക്കായി ഒരു താഴ് പാലത്തിൽ ബന്ധിച്ച് പൂട്ടി താക്കോൽ നദിയിലെയ്ക്ക് എറിയുന്നു . അതോടുകൂടി അവരുടെ പ്രേമം അനശ്വര പ്രേമമായി എന്നും നിലനിൽക്കും എന്നാണ് വിശ്വാസം . 19-ാം നൂറ്റാണ്ടിൽ നിർമ്മിച്ച ഈ പാലം മലനിരകളാൽ നിറഞ്ഞ ബുഡായെപെസ്റ്റ് ഡിസ്ട്രിക്ടുമായി ബന്ധിപ്പിക്കുന്നതാണ്. അന്നത്തെ രസകരമായ ബുഡാപെസ്റ്റ് നഗര കാഴ്ചകൾക്ക് ശേഷം ഞങ്ങൾ രാത്രി ചിലവഴിക്കുന്നതിനായി ഡാനിബസ് ഹോട്ടൽ ഹംഗേറിയയിലേക്കു ചേക്കേറി.

*****

# അറിയിപ്പ്

## ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

### അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**അംഗത്വത്തിനുള്ള അപേക്ഷാഫാറം**
**കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്**

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നില നിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്ക് (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നല്കി അംഗത്വം നല്കുവാൻ തീരുമാനം എടുത്തിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

✷ ✷ ✷

## എറണാകുളം കരയോഗം ശതാബ്ദിയാഘോഷ ഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

✦ ✦ ✦

**കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ**
**അറിയുന്നതിനായി അംഗങ്ങൾ മാത്രം**
**താഴെ കാണുന്ന WhatsApp നമ്പറിൽ ബന്ധപ്പെടുകയോ**
**link ലൂടേയോ ജോയിൻ ചെയ്യാവുന്നതുമാണ്.**

☞ **8281588833**

OPEN THIS LINK TO JOIN MY WHATSAPP GROUP:
https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

ക്ഷേത്രങ്ങളിലൂടെ

ഇന്ദിരാഭായി : 8078552892

# അഹോബിലം നരസിംഹ മൂർത്തിക്ഷേത്രങ്ങൾ

ധുർജ്ജടിം ലോകൈകനാഥം നരസിംഹ-
മാർജ്ജവവീര്യ പരാക്രമവാരിധീം
അഗ്നിനേത്രാലോകവ്യാപ്താജിഹ്വാമുഖ-
മഗ്നിവിഭൂതി സ്വരൂപിണമവ്യയ-
മഷ്ടഭുജോഷ്മകാനന്തവിജൃംഭണം
ദുഷ്ടനാശ നഖദന്തം നമാമ്യഹം.

ഭഗവാൻ ശ്രീ മഹാവിഷ്ണുവിന്റെ അവതാരങ്ങളെല്ലാം അത്ഭുതാവതാരങ്ങളാണ്. എന്നാൽ നരസിംഹാവതാരം അത്യത്ഭുതാവതാരമണ്. ഭഗവത് കഥകളെ അറിയാൻ നാം ആഗ്രഹിച്ചാൽ, അതിനുവേണ്ടി ശ്രമിച്ചാൽ ആ ശ്രമം ഒരിക്കലും പാഴാവുകയില്ല. ഭഗവാൻ അതിനുള്ള വഴികാട്ടിത്തരും. വിദ്യ കൊടുക്കുന്തോറും ഏറിടും എന്ന് പറയുംപോലെ ഭഗവത് കഥകൾ പറയുന്തോറും ഭക്തി വർദ്ധിക്കും. സാധാരണ ക്ഷേത്ര ചരിത്രങ്ങളിൽനിന്നും വ്യത്യസ്ഥമായ ഒരു അതിപ്രധാനക്ഷേത്ര ചരിത്രത്തെയാണ് ഇന്ന് നാം പരിചയപ്പെടുന്നത്. ചില ക്ഷേത്രങ്ങളുടെ പ്രാധാന്യവും പ്രത്യേകതകളും മനസ്സിലാക്കുമ്പോൾ ഒരിക്കലെങ്കിലും ഒന്നുകണ്ടു തൊഴണം എന്ന് നാം ആഗ്രഹിച്ചുപോകാറുണ്ട്. അങ്ങനെ അതിമഹത്തായ ചരിത്രപ്രാധാന്യമുള്ള ഒരു ക്ഷേത്രം. ക്ഷേത്രമല്ല ക്ഷേത്രങ്ങൾ എന്ന് തന്നെ പറയാം. കാരണം ഈ ക്ഷേത്രദർശനം പൂർത്തിയാകണമെങ്കിൽ ഒൻപതു ക്ഷേത്രങ്ങളിൽ ദർശനം നടത്തേണ്ടതുണ്ട്. അതാണ് അഹോബിലം നരസിംഹക്ഷേത്രം. നവനരസിംഹ ക്ഷേത്രങ്ങൾ എന്നും അറിയപ്പെടുന്നു. സാക്ഷാൽ നരസിംഹാവതാരം നടന്ന പുണ്യക്ഷേത്രം. ഭഗവാൻ ശ്രീ മഹാവിഷ്ണുവിന്റെ നരസിംഹാവതാരസമയത്തെ ഒൻപതു ഭാവചൈതന്യങ്ങൾ 9 ക്ഷേത്രങ്ങളിലായി കുടിയിരിക്കുന്ന പുണ്യസ്ഥലമാണ് അഹോബിലം.

അഹോബിലത്തിലെ പുണ്യക്ഷേത്രങ്ങളിൽ ദർശനം നടത്തണമെങ്കിൽ അല്പം സാഹസികത ആവശ്യമാണ്. അത്യപൂർവ്വമായ വൃക്ഷസഞ്ചയങ്ങൾ നിറഞ്ഞ മലകൾ, വന്യമൃഗങ്ങൾ, കുറ്റിക്കാടുകൾ, വെള്ളച്ചാട്ടം, ചെറുതും വലുതുമായ പാറക്കെട്ടുകൾ, ചെറിയ നീരൊഴുക്കുകൾ എന്നിവയെല്ലാമുള്ള വനത്തിലൂടെ നടന്നുവേണം മലമുകളിലെ ക്ഷേത്രങ്ങളിലെത്താൻ. വേനൽക്കാലത്തുമാത്രമേ ഇവിടേക്കുള്ള യാത്ര സാധിക്കുകയുള്ളു. ചുറ്റിലുമുള്ള മലകളിൽനിന്നും വെള്ളം ഇരച്ചൊഴുകിവരുന്ന കല്ലുകളും പാറകളും കുഴികളുമുള്ള നദികളിലൂടെ വേണം നടന്ന് മലമുകളിലേക്ക് പോകേണ്ടത്. ഈ നദികളിൽ വേനൽക്കാലത്ത് നീരൊഴുക്ക് കുറയുമ്പോൾ മാത്രമേ നടന്നു മലകയറുവാൻ സാധിക്കുകയുള്ളു.



അഹോബിലം നരസിംഹക്ഷേത്രം

ആന്ധ്രാപ്രദേശിലെ നന്ദ്യാൽ ഡിസ്ട്രിക്റ്റിൽ കുർന്നൂർ ജില്ലയിൽ ഈസ്റ്റേൻ ഘട്ടിലെ നല്ലമല എന്നറിയപ്പെടുന്ന മലനിരകളിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രസമുച്ചയമാണ് അഹോബിലം. കൃഷ്ണദേവരായരുടെ വിസ്തൃതമായ സാമ്രാജ്യത്തിന്റെ വടക്കേ അറ്റത്താണ് അഹോബിലം

സ്ഥിതിചെയ്യുന്നത്. സ്ഥലനാമവും അഹോബിലം എന്നുതന്നെയാണ്. ആന്ധ്രാപ്രദേശിലെ നല്ലമല മലനിരകളെ ആദിശേഷന്റെ രൂപമായാണ് സങ്കൽപ്പിക്കുന്നത്. ആദിശേഷ സങ്കല്പത്തിലുള്ള നല്ലമല മലനിരകളെ, ആദിശേഷന്റെ തലഭാഗം തിരുപ്പതിയും ഉദരഭാഗം അഹോബിലവും വാൽഭാഗം ശ്രീശൈലവും ആയി സങ്കൽപ്പിക്കുന്നു. ദേശിയപാതയിൽ നിന്നും 24 കിലോമീറ്റർ ഉള്ളിലായാണ് അഹോബിലം സ്ഥിതിചെയ്യുന്നത്. അഹോബിലം എന്നാൽ ആശ്ചര്യഗുഹ എന്നും അർത്ഥം കല്പിക്കുന്നു. സാക്ഷാൽ നരസിംഹമൂർത്തി ഭഗവാൻ പ്രഹ്ലാദനെന്ന ഭക്തനെ രക്ഷിക്കുവാൻ ഉഗ്രനരസിംഹാവതാരമെടുത്ത സ്ഥലമാണിത്. ഭഗവാന്റെ അവതാരസമയത്ത് ദേവന്മാർ അഹോവീര്യം, അഹോബലം, അഹോബലപരാക്രമം, അഹോശൗര്യം, നരസിംഹപരംദൈവം അഹോബിലം അഹോബിലം എന്നിങ്ങനെ സ്തുതിച്ചു. ഈ സ്തുതി മുഴങ്ങിക്കേട്ട സ്ഥലം അഹോബിലം എന്നറിയപ്പെട്ടു.

അഹോബിലത്തെ അപ്പർ അഹോബിലം, ലോവർ അഹോബിലം എന്നിങ്ങനെ രണ്ടായി തിരിക്കാം. അപ്പർ അഹോബിലത്തിൽ 4 ക്ഷേത്രങ്ങളാണുള്ളത്. 4 കിലോമീറ്റർ കുത്തനെയുള്ള മലകയറിയും പാറകൾക്കിടയിലൂടെയും വെള്ളത്തിലൂടെയും നടന്നാണ് ഈ ക്ഷേത്രങ്ങളിലെത്തേണ്ടത്. അഹോബിലത്തിലെ ഗരുഡാദ്രിമലയിൽ സ്ഥിതിചെയ്യുന്ന ഈ നാലുക്ഷേത്രങ്ങളും വളരെ പ്രത്യേകതകളും പ്രാധാന്യവുമുള്ള ക്ഷേത്രങ്ങളാണ്. വനത്തിലൂടെ ഈ ക്ഷേത്രങ്ങളിലേക്കുള്ള യാത്ര ആരെയും അതിശയിപ്പിക്കുന്നതാണ്. വനം എന്നതിനേക്കാൾ രക്തചന്ദനവനം എന്ന പേരാണ് യോജിക്കുക. കാരണം രക്തചന്ദനമരങ്ങൾ ഇടതൂർന്ന് വളർന്നുനിൽക്കുന്ന വനപ്രദേശമാണ് ഇവിടം. വനയാത്രയിൽ വന്യമൃഗങ്ങളെ ഉപദ്രവിക്കരുത് എന്ന ബോർഡും അവിടവിടെ കാണാം.

അപ്പർ അഹോബിലത്തിലെ ആദ്യക്ഷേത്രമാണ് അഹോബിലനരസിംഹക്ഷേത്രം. ഗരുഡാദ്രി മലനിരകളുടെ ഏറ്റവും താഴെയുള്ള ക്ഷേത്രമാണിത്. അഹോബിലത്തിലെ 9 ക്ഷേത്രങ്ങളിൽ പലതും ഗുഹാക്ഷേത്രങ്ങളാണ്. ഈ ക്ഷേത്രങ്ങളുടെ മുകൾത്തട്ടും വശങ്ങളും പാറകളും വൃക്ഷങ്ങളും നിറഞ്ഞ മലകളാണ്. ഗുഹയിലേക്കുള്ള വാതിലുകൾ മാത്രമാണ് പുറമെ കാണുന്നത്. ഗുഹകൾക്കുള്ളിലാണ് ആരാധന വിഗ്രഹങ്ങൾ. ഗരുഡൻ മഹാവിഷ്ണുവിനെ തപസ്സനുഷ്ഠിച്ചിരുന്ന സ്ഥലമാണിത്. 'സദാ' ഭഗവാനെ ധ്യാനിച്ചിരുന്നിട്ടും തനിക്ക് ഭഗവാന്റെ ഉഗ്രനരസിംഹാവതാരരൂപം കാണാൻ കഴിഞ്ഞില്ലല്ലോ എന്ന് ചിന്തിച്ച ഗരുഡന് ഭഗവാൻ ഗരുഡാദ്രികുന്നിലെ ഗുഹക്കുള്ളിൽവെച്ച് ദർശനം നൽകി. ഗരുഡൻ ദർശിച്ച ഉഗ്രനരസിംഹരൂപത്തിലാണ് ഭഗവാന്റെ ഇവിടുത്തെ പ്രതിഷ്ഠ കാണപ്പെടുന്നത്. സമീപത്തായി പത്മാസനസ്ഥയായ ലക്ഷ്മി ദേവിയും തിരുപ്പതി ബാലാജിയും ഉണ്ട്. ലക്ഷ്മി ദേവി ഇവിടെ അമൃതവല്ലി എന്നാണറിയപ്പെടുന്നത്. അഹോബിലത്തിലെ പ്രധാനകവാടക്ഷേത്രമാണിത്. ഗുരുവാണ് ഈ ക്ഷേത്രത്തിന്റെ ഗൃഹാധിപൻ. ക്ഷേത്ര നിർമ്മിതികൾ കരിങ്കല്ലിലാണ്. അഹോബില ദർശനശേഷം കുത്തനെയുള്ള പടിക്കെട്ടുകൾ കടന്ന് വനത്തിലേക്ക് കടക്കാം. അവിടെ നിരനിരയായി കരിങ്കൽ തൂണുകൾ താങ്ങിനിറുത്തുന്ന ഒരു വലിയ മണ്ഡപം കാണാം. ഇത് ഹിരണ്യകശിപുവിന്റെ കാലക്ഷേപമണ്ഡപമാണ്. ഈ കരിങ്കൽ നിർമ്മിതി ഇന്നും കേടുപാടുകളില്ലാതെ നിലനിൽക്കുന്നു എന്നതും ഒരതിശയമാണ്.

അപ്പർ അഹോബിലത്തിലെ രണ്ടാമത്തെ ക്ഷേത്രമാണ് ജ്വാലാനരസിംഹക്ഷേത്രം. നട്ടുച്ചക്കുപോലും സൂര്യരശ്മി നിഴലായി മാത്രം പതിക്കുന്ന വനത്തിലൂടെ 4 കിലോമീറ്റർ നടന്നാലാണ് മലമുകളിലെ ഈ ക്ഷേത്രത്തിലെത്തുക. ഈ 4 കിലോമീറ്റർ ദൂരം വനത്തിലൂടെ ചെങ്കുത്തായ മലകളും തോടുകളും പാറകളും താണ്ടിവേണം മുകളിലെത്തുവാൻ. ഭവനാശിനിപ്പുഴയുടെ ഉത്ഭവസ്ഥാനമായ മലയുടെ അടിയിലൂടെവേണം നടന്നുപോകുവാൻ. നടന്നുപോകുന്ന നമുക്കു

മുകളിൽ കെട്ടിടത്തിന്റെ മേൽത്തട്ടുപോലെ നിറയെ വൃക്ഷങ്ങൾ നിൽക്കുന്നമല. തലക്കു മുകളിൽ കുടപോലെ മല നീണ്ടുനിൽക്കുന്ന കാഴ്ച ഒരത്ഭുതംതന്നെയാണ്. ഈ മലയിൽനിന്നും വെള്ളച്ചാട്ടമായും, മഴപെയ്യും പോലെയും വെള്ളം വീണുകൊണ്ടിരിക്കുന്നു. ഈ വെള്ളത്തിൽ നനയാതെ ആർക്കും അവിടം കടന്നുപോകാൻ കഴിയില്ല, കുടപിടിച്ചാലും സാധിക്കില്ല. ഈ വെള്ളമാണ് താഴെയെത്തി ഭവനാശിനിപ്പുഴയായി മാറുന്നത്. ഹിരണ്യ കശിപുവിനെ വധിച്ച ശേഷം നരസിംഹഭഗവാൻ തന്റെ കൈകളിലെ രക്തം കഴുകിയ കുളം എന്ന് വിശ്വസിക്കുന്ന തീർത്ഥക്കുളവും ഈ ഒറ്റയടിപാതക്കരികിൽ കാണാം. മലയുടെ അടിയിൽ തുരങ്കം പോലെയാണ് ഈ കുളം കാണപ്പെടുന്നത്. ഈ കുളത്തിന്റെ പരിസരത്തെത്തുമ്പോൾത്തന്നെ പച്ച രക്തഗന്ധം അനുഭവപ്പെടുന്നു. ഇതിലെ ജലം രക്തനിറത്തിലാണ് കാണുന്നത്. കൈകളിൽ എടുത്താൽ സ്ഫടികം പോലെയുള്ള തെളിനീർ. ഇതും ഒരത്ഭുത കാഴ്ചയാണ് രക്തകുണ്ഡ് എന്നാണ് ഈ തീർത്ഥക്കുളം അറിയപ്പെടുന്നത്. കുളത്തിനോടുചേർന്നുള്ള ഒറ്റയടി പാതയുടെ ഒരുവശം ചെങ്കുത്തായ മലഞ്ചരിവാണ് മഴക്കാലത്ത് വെള്ളമൊഴുക്കും ഉണ്ട്. ഈ പാതയിലൂടെ കുറച്ചുദൂരം കൂടി മുന്നോട്ട് ചെല്ലുമ്പോൾ നിറയെ മരങ്ങളുള്ള ഒരു വലിയമലയാണ്. അതിനു മുന്നിലൊരു വാതിലുണ്ട്. ഈ വാതിൽ കടന്നാൽ ജ്വാലാനരസിംഹഗുഹാക്ഷേത്രമാണ്, ഈ ഗുഹക്കുള്ളിൽ ഏറ്റവും ഉഗ്രരൂപിയായ നരസിംഹമൂർത്തിയാണ്. സ്വയംഭുവാണ് ജ്വാലാനരസിംഹം. ഹിരണ്യകശിപുവിനെ വധിക്കുവാൻവേണ്ടി 8 കൈകളോടുകൂടി ഉഗ്രരൂപം പൂണ്ട് തൂണുപിളർന്നുവന്ന രൂപം ക്രോധത്തോടെ ഹിരണ്യകശിപുവിനെ കൊട്ടാരവാതിൽപ്പടിയിലിരുന്ന് മടിയിൽക്കിടത്തി മറുപിളർക്കുന്ന രൂപം. ഒരുനിമിഷം മറ്റേതോലോകം എന്ന് തോന്നിപ്പോകുന്ന അനുഭവം. നരസിംഹഭഗവാന്റെ ഈ രീതിയിലുള്ള പ്രതിഷ്ഠ മറ്റെവിടെയും കണ്ടിട്ടില്ല, ഉള്ളതായിട്ടറിവുമില്ല. തൊട്ടടുത്തമലയിൽ തൂണ് രണ്ടായിപ്പിളർന്നു നിൽക്കുന്ന രൂപത്തിലുള്ള ഒരു ഉഗ്രസ്തഭവും കാണാം. ഇവിടുത്തെ തീർത്ഥക്കുളവും മലയുടെ കീഴിലൂടെ നനഞ്ഞുകൊണ്ടുള്ള നടപ്പും ഭഗവവാൻ തന്റെ അവതാരഉദ്ദേശം നടപ്പാക്കിയ രൂപഭാവത്തിലുള്ള വിഗ്രഹദർശനവും ഒരിക്കലും മനസ്സിൽനിന്നും മായുകയില്ല. അത്രയും അത്ഭുതകരമായ കാഴ്ചകളാണ് ഇവിടെ കാണപ്പെടുന്നത്. അഹോബിലക്ഷേത്രങ്ങൾക്കെല്ലാം കാവൽക്കാരായി ഗ്രഹങ്ങൾ നിൽക്കുന്നു ജ്വാലാനരസിംഹക്ഷേത്രത്തിന്റെ ഗ്രഹാധിപൻ കുജനാണ്.

അപ്പർ അഹോബിലത്തിലെ മൂന്നാമത്തെ ക്ഷേത്രമാണ് വരാഹനരസിംഹക്ഷേത്രം. ഇത് ക്രോധനരസിംഹക്ഷേത്രം എന്നും അറിയപ്പെടുന്നു. ഹിരണ്യകശിപുവിന് വരം നൽകിയ ബ്രഹ്മാവിനെ ക്രോധത്താൽ ദർശിക്കുന്ന നരസിംഹഭാവമാണ് ഇവിടെ. ഭയചകിതനായ ബ്രഹ്മാവിന്റെ കൈയിൽ നിന്നും വേദങ്ങൾ ഭൂമിയിലേക്ക് വീണു പോയി. ഭൂമീദേവി അത് പാതാളത്തിലേക്ക് കൊണ്ടുപോയി. പിന്നീട് വിഷ്ണുഭഗവാൻ വരാഹമായി ഒറ്റക്കൊമ്പിൽ ഭൂമിദേവിയെയും, വേദങ്ങളേയും വീണ്ടെടുത്തുകൊണ്ട് നരസിംഹരൂപത്തിൽ ക്രോധത്തോടെ ബ്രഹ്മാവിന് ദർശനംനൽകുന്ന നരസിംഹഭാവമാണ് വരാഹനരസിംഹക്ഷേത്രത്തിലുള്ളത്. ഇതും ഗുഹാക്ഷേത്രമാണ്. ഈ ക്ഷേത്രത്തിന്റെ ഗൃഹാധിപൻ രാഹുവാണ്.

ഗരുഡാദ്രിമലയിലെ നാലാമത്തെ ക്ഷേത്രമാണ് മാലോലനരസിംഹക്ഷേത്രം. മാ എന്നാൽ അമ്മ. ലോല എന്നാൽ സ്നേഹം. അമ്മയുടെ സ്നേഹലോല മനസ്സോടുകൂടിയ ശാന്തനരസിംഹമൂർത്തിയായിട്ടാണ് ഭഗവാൻ ഇവിടെ കുടികൊള്ളുന്നത്. ചെഞ്ചു എന്ന ആദിവാസി ഗോത്രത്തിൽപ്പെട്ടതും ലക്ഷ്മിദേവിയുടെ പ്രതിരൂപവുമായ ചെഞ്ചുലക്ഷ്മിയുമായി ശാന്തനായി നരസിംഹമൂർത്തി വസിക്കുന്ന സ്ഥാനമാണ് മാലോല നരസിംഹക്ഷേത്രം. അഹോബിലത്തിലെ ലക്ഷ്മി പർവ്വതത്തിലാണ് മാലോല നരസിംഹക്ഷേത്രം സ്ഥിതിചെയ്യുന്നത്. ശുക്രനാണ് ഈ ക്ഷേത്രത്തിന്റെ ഗ്രഹാധിപൻ.

**(തുടരും....)**

# വഖഫ്

## വഖഫ് നിയമങ്ങളെക്കുറിച്ചുള്ള ഒരു ലഘു വിവരണം

വഖഫ് എന്നാൽ ഇസ്ലാമിക വിശ്വാസമനുസരിച്ച് ഒരു വ്യക്തി തന്റെ സ്വത്തുക്കൾ മതപരമായിട്ടുള്ള കാര്യങ്ങൾക്കോ, ജീവകാരുണ്യപരമായ കാര്യങ്ങൾക്കോ, ഭക്തി പരമായ കാര്യങ്ങൾക്കോ വേണ്ടി അല്ലാഹുവിന് സമർപ്പിക്കുന്നതാണ്. ഇങ്ങനെ സമർപ്പിക്കപ്പെടുന്ന സ്വത്തുക്കളെയാണ് വഖഫ് സ്വത്തുക്കൾ എന്ന് പറയുന്നത്.

വഖഫ് സ്വത്തുക്കളുടെ ഒരു പ്രത്യേകത ഒരിക്കൽ ഒരു ഭക്തൻ വഖഫായി സമർപ്പിച്ച സ്വത്ത് പിന്നീടൊരിക്കലും ആർക്കും തിരിച്ചെടുക്കാൻ കഴിയില്ല എന്നുള്ളതാണ്. അതായത് 'Once a waqf, allways a waqf' എന്നതാണ് അതിന്റെ അടിസ്ഥാന തത്ത്വം, ഇത്തരത്തിൽ ലഭിക്കുന്ന സ്വത്തുക്കൾ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും, മതപരവും, ഭക്തിപരവുമായ കാര്യങ്ങൾക്കും വേണ്ടി മാത്രമേ ഉപയോഗിക്കാൻ പാടുള്ളു എന്നാണ് ഇസ്ലാം മതം നിഷ്കർഷിച്ചിരിക്കുന്നത്. ഇതിന്റെ നടത്തിപ്പിനായി 'മുത്തവല്ലി' എന്ന പേരോടുകൂടിയ കാര്യസ്ഥന്മാരെയാണ് നിയമിക്കുന്നത്. ഈ സ്വത്തുക്കളിൽനിന്നു കിട്ടുന്ന ആദായമോ, ലാഭമോ എന്തായാലും ശരി അത് മേൽപറഞ്ഞ മുന്ന് കാര്യങ്ങൾക്കല്ലാതെ മറ്റൊന്നിനും ഉപയോഗിക്കാൻ പാടില്ല എന്ന കർക്കശ നിയമവുമുണ്ട്.

വഖഫ് നിയമത്തെകുറിച്ചു പഠിച്ചാൽ അത് ദില്ലിയിലെ സുൽത്താനേറ്റിന്റെ കാലത്ത് ആരംഭിച്ചതാണെന്നു നമുക്ക് അനുമാനിക്കാം. ബ്രിട്ടീഷ് ഭരണകാലത്തും ഈ നിയമം നിലവിലുണ്ടായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം 1954-ൽ അന്നത്തെ കേന്ദ്ര മന്ത്രിസഭ 'The centrel Waqf Act' എന്ന പേരിൽ വഖഫ് ആക്ട് നടപ്പിലാക്കിയതോടുകൂടി അതൊരു പ്രത്യേക സംവിധാനമായി പ്രവർത്തിക്കാൻ തുടങ്ങി അതിന്റെ അടിസ്ഥാനത്തിൽ വഖഫ് സ്വത്തുക്കൾ നോക്കി നടത്തുന്നതിനായി കേന്ദ്രതലത്തിലും, സംസ്ഥാനാടിസ്ഥാനത്തിലും സ്റ്റാറ്റ്യൂട്ടറി ബോർഡുകളെ നിയമിച്ചു ഇവയെ വഖഫ് ബോർഡുകളെന്നു അറിയപ്പെടുന്നു. ഇത്തരത്തിലുള്ള എല്ലാ ബോർഡുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഒരു കൗൺസിലിനും രൂപം നൽകി. അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കെ 1995-ൽ കേന്ദ്ര സർക്കാർ ചില പുതിയ നിയമങ്ങളൊക്കെ ചേർത്ത് വഖഫ് ബോർഡുകളുടെയും ട്രൈബ്യൂണലിന്റെയും പ്രവർത്തനങ്ങൾക്ക് കുടുതൽ ശക്തി പകരുകയുണ്ടായി. വഖഫ് ആക്ട് 1995 എന്ന പേരിൽ അറിയപ്പെടുന്ന ഈ നിയമമാണ് ഇന്നും ഭാരതത്തിൽ പിന്തുടരുന്നത്. 2013-ൽ ഈ നിയമത്തിൽ ചില ഭേദഗതികൾ വരുത്തുകയും ആ ഭേദഗതികളും കൂടി ചേർന്നുള്ള വഖഫ് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് അതിന്റെ പ്രവർത്തനം നടക്കുന്നത്. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും കൂടി ആകെ 32 വഖഫ് ബോർഡുകളാണു നിലവിലുള്ളത്. സുന്നി വിഭാഗങ്ങൾക്കും, ശിയാ വിഭാഗങ്ങൾക്കും പ്രത്യേകം പ്രത്യേകം വഖഫ് ബോർഡുകളും നിലവിലുണ്ട്. ഇന്ന് നിലവിലുള്ള എല്ലാ വഖഫ് ബോർഡുകളുടെയും കൂടി അധിനതയിൽ 8.7 ലക്ഷം സ്വത്തുക്കൾ ഉള്ളതായിട്ടാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഭൂമിമാത്രമായി പറയുകയാണെങ്കിൽ 9.4 ലക്ഷം ഏക്കർ ഭൂമി വഖഫിന്റെ കൈവശം ഉണ്ടെന്നാണ് പറയപ്പെടുന്നത്. ഇതിന്റെ മൂല്യം ഏതാണ്ട് 1.2 ലക്ഷം കോടിരൂപയോളം ഉണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വാർത്തകളിൽ ഉദ്ധരിക്കപ്പെടുന്നു. ഇന്ത്യൻ കരസേനയും, ഇന്ത്യൻ റെയിൽവേയും കഴിഞ്ഞാൽ പിന്നെ ഏറ്റവും കൂടുതൽ സ്വത്തുള്ള ബോർഡ് വഖഫ് ആണെന്നും അങ്ങനെ ഭൂസ്വത്തിൽ ഇവർ മൂന്നാം സ്ഥാനത്താണെന്നും പറയപ്പെടുന്നു.

( ശേഷം 22-ാം പേജിൽ)

# നൈപുണ്യ പരിശീലനം
## (Life Skill Education)

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

തുടർച്ച....

### 11 -ാം ക്ലാസിലേക്ക് കടക്കുമ്പോൾ

നമ്മുടെ നാട്ടിലെ ഏറ്റവും പ്രയാസമേറിയ ഒരു തലം 11-ഉം 12-ഉം ക്ലാസുകളാണ്. കുട്ടിയുമല്ല, മുതിർന്നിട്ടുമില്ല. 11-ാം ക്ലാസിലേക്ക് കടന്നുചെല്ലുമ്പോൾ ആഘോഷത്തോടുകൂടി സ്കൂളധികൃതർ സ്വീകരിക്കുന്നു. ഒരു കുട്ടിയുടെ ജീവിതത്തിലെ വഴിത്തിരിവായിട്ട് ഈ ദിവസത്തെ വേണമെങ്കിൽ കണക്കാക്കാം. പലതരത്തിലുള്ള വിദ്യാഭ്യാസം ലഭിച്ചവർ, റിസൽട്ട് ലഭിച്ചവർ, ആഗ്രഹവും സ്വപ്നവുമുള്ളവർ രക്ഷകർത്താക്കളുടെ ഇഷ്ടത്തിന് വന്നവർ ഇങ്ങനെ പോകുന്നു നീണ്ട നിര.

ഒരിക്കൽ ഒരു പിതാവ് കുട്ടിയെ കൊണ്ടുവന്നു. 11-ാം ക്ലാസ് പരീക്ഷയുടെ സ്റ്റഡിലീവ്. അദ്ദേഹം അവധിക്കു വന്നിരിക്കുകയാണ്. ആദ്യമേ അദ്ദേഹം പറഞ്ഞത് ഞാനൊരു മെക്കാനിക്കാണ്. ഇവന്റെ പ്രായത്തിൽ ഞാൻ ഒരു വർക്ക്ഷോപ്പിൽ പോയിരുന്നു. ഇപ്പോൾ ഇവിടത്തെ നിയമമനുസരിച്ച് 18 വയസ്സാകാതെ ഒന്നും ചെയ്യിക്കാൻ കഴിയില്ലല്ലോ. അപ്പോൾ ആ കുട്ടി പറഞ്ഞതു കേട്ടപ്പോൾ ആദ്യം ചിരിയാണ് വന്നത്. മാഡം, ഒൻപതാം ക്ലാസുവരെ എല്ലാവരെയും കയറ്റിവിട്ടു. 9-ാം ക്ലാസിൽ 2 കൊല്ലം പഠിച്ചു;. ഇപ്പോൾ പത്തിലാണ് ഞാനെന്തു ചെയ്യും.

ഉപ്പയെന്നെ അടിക്കുകയാണ്. ഞാനെന്തു ചെയ്യാനാണ്. ശരിയല്ലേ, ഇതാണ് സ്ഥിതി. ചില കുട്ടികളെയാണെങ്കിൽ 10 വരെ അമ്മയും അച്ഛനും കൂടിയിരുത്തി പഠിപ്പിച്ചു, മോഹങ്ങൾ കുത്തിനിറച്ചു. 11-ാം ക്ലാസിൽ ആ കുട്ടിക്കു തന്നെ ഒരു തോന്നൽ താനാണ് മിടുക്കനെന്ന് 11-ന്റേയും 12-ന്റേയും പ്രത്യേകത. ചിലപ്പോൾ ആരുടെയൊക്കയോ നിർബന്ധത്തിനു വഴങ്ങി എൻജിനീയറും ഡോക്ടറും ഒക്കെ ആകാനുള്ള ഒരു ശ്രമം. അവിടെ പഠിക്കുവാനുള്ള വിഷയം വളരെ കൂടുതൽ. വളരുന്ന പ്രായം. ഹൈസ്കൂളിലെ അധ്യാപകരേപ്പോലെയല്ല. ചിലപ്പോൾ പുതിയവരായിരിക്കും. കൂട്ടുകാർക്കു മാറ്റം. രക്ഷകർത്താക്കൾക്കു പ്രഷർ കൂടുതൽ, ശാരീരിക ഘടനയിൽ വരുന്ന മാറ്റം. ഇങ്ങനെ നീണ്ടുപോകുന്നു പ്രശ്നങ്ങൾ. പക്ഷെ പ്രധാനമായ ലക്ഷ്യം വിജയമായിരിക്കണം. കഠിനാദ്ധ്വാനവും മനോഭാവവും കൂടി ഒരുമിച്ചു യാത്ര ചെയ്താൽ മാത്രമേ വിജയം നമ്മളിലേക്കെത്തുകയുള്ളു. നമ്മുടെ സ്വപ്നം നമ്മളെ വലിച്ചു കൊണ്ടു പോകും.

വിജയിച്ചവരുമായി സത്സംഗം, വലിയ രീതിയിൽ പഠിച്ചു പോയവരുമായുള്ള സംസാരം, നമ്മളെന്താകാൻ ആഗ്രഹിക്കുന്നോ ആ ഫീൽഡിലുള്ളവരുമായി ചർച്ച ചെയ്ത് വിവരങ്ങൾ ശേഖരിക്കണം തുടങ്ങിയവ ശ്രദ്ധിക്കണം. ഇവിടെ രക്ഷാകർത്താക്കൾക്ക് വലിയ പങ്കുവഹിക്കാനുണ്ട്. അവരുമായി സംസാരിക്കുകയും സമയം ചെലവഴിക്കുകയും ചെയ്യുമ്പോൾ അവരുടെ കാര്യങ്ങൾ കൂടുതലറിയാൻ കഴിയും. അച്ഛന്മാർ ആൺകുട്ടികളുമായും അമ്മമാർ പെൺകുട്ടികളുമായും കൂടുതൽ സ്നേഹത്തിൽ സംസാരിക്കണം. ശാരീരിക വളർച്ചയിലും മാനസിക വളർച്ചയിലും അവർക്കുള്ള സംശയങ്ങൾക്ക് മറുപടി കൊടുക്കണം. അങ്ങനെ അവരെ സ്വയം പ്രാപ്തരാക്കണം.

അവർക്കാവശ്യമുള്ളതെല്ലാം കൊടുത്ത് നശിപ്പിക്കാതെ ജീവിതത്തിന്റെ കാഠിന്യം അഭിമുഖികരിക്കുവാൻ സജ്ജമാക്കണം. എന്നാൽ അവർക്ക് നിയന്ത്രണം ബാധകവുമായിരിക്കണം. സമൂഹത്തിലെ നിയമങ്ങൾ നമുക്കും ബാധകമാണ് എന്നവരെ പഠിപ്പിക്കണം. സ്കൂളുമായി അവ

ർക്ക് ചിലപ്പോൾ ചേർന്ന് പോകാൻ പറ്റുന്നില്ലായെന്നവർക്ക് തോന്നിയാൽ കാര്യകാരണ സഹിതം അവരെ പറഞ്ഞു മനസിലാക്കണം. അവരുടെ സ്വാതന്ത്ര്യം നശിപ്പിക്കാതെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുന്നതുവരെ പഠിപ്പിക്കണം. കത്തിക്ക് മൂർച്ചക്കൂട്ടണമെന്ന് പറയും എന്തെന്നാൽ നമ്മുടെ പ്രവർത്തികളും സംഭാഷണങ്ങളും അർത്ഥവ്യാപ്തിയുള്ളതായിരിക്കണം. ഒരു നിമിഷം പോലും താരതമ്യമോ ഇൻസൽറ്റോ ഉണ്ടാകരുത് . ഇങ്ങനെ ശാരീരികവും, വൈകാരികവും, ബുദ്ധിപരവുമായ ഒരു സമീപനം അദ്ധ്യാപകരായാലും രക്ഷകർത്താക്കളായാലും വായ തുറന്നാൽ അവർക്ക് പ്രചോദനമാകണം. അവർക്ക് പഠിക്കുവാനും ഉയർന്നതലത്തിലേക്ക് പോകുവാനും സാമ്പത്തിക അച്ചടക്കം പഠിപ്പിക്കണം.

നിങ്ങളുടെ സ്നേഹമാണ് അവരെ ഈ നിലയിലേക്ക് വരുത്തിയതെന്നും ഏറ്റവും പ്രാധാന്യം പേരിനാണെന്നും നമ്മുടെ പേരിന് കളങ്കം വരുത്തുന്ന പ്രവർത്തനങ്ങൾ ചെയ്യരുതെന്നും അവരെ ഓർമ്മപ്പെടുത്തണം. അവരോടു വാഗ്ദാനം കൊടുത്താൽ പാലിക്കണം. നുണകൾ പറയാതിരിക്കാനും ശ്രദ്ധിക്കണം. അവർ പറയുന്നത് നിങ്ങൾക്കും നിങ്ങൾ പറയുന്നത് അവർക്കും മനസിലാകണം. ഏതെങ്കിലും തരത്തിൽ ചെറിയ ഒരു മാറ്റം കണ്ടാൽ വിജയിച്ചവരുമായി ചർച്ച ചെയ്ത് അപ്പോഴപ്പോൾ മാറ്റണം. അവന് അവന്റെ ഭാവി ജീവിതത്തെക്കുറിച്ച് ധാരണയില്ലെങ്കിലും നമുക്കുണ്ടല്ലോ എന്ന് മനസിലാക്കണം. എല്ലാ കുട്ടികളും നല്ലവരും കഴിവുള്ളവരുമാണ് പക്ഷെ ബുദ്ധി വേണ്ട സമയത്ത് വേണ്ട പോലെ ഉപയോഗിക്കുന്നില്ലായെങ്കിൽ എന്താണ് പ്രയോജനം?. പ്രചോദനം അല്ലെങ്കിൽ പ്രേരണ എന്നത് തീപോലെയാണ് ഇടക്കിടക്ക് വിറകില്ലെങ്കിൽ തീ അണഞ്ഞു പോകും. ഇവിടെ വേണ്ടത് നിങ്ങളുടെ മകന്റെ/മകളുടെ പ്രശ്നം മനസിലാക്കി അവസരങ്ങളുണ്ടാക്കിക്കൊടുക്കുകയാണ്.

അവസരങ്ങൾക്കൊത്തു വളരുക . IPDE അതായത് Identify, Predict, Decide, Execute. പ്രശ്നം കണ്ടുപിടിക്കുക, അത് മുൻകൂട്ടി കാണുക, തീരുമാനമെടുക്കുക, പ്രവർത്തിമണ്ഡലത്തിൽ കൊണ്ടുവരിക. എല്ലാ സംഗതികളും ശരിയായി വരട്ടെയെന്നു പറഞ്ഞ് ഇരിക്കാതിരിക്കുക. അല്ലാതെ ഭിത്തിയും ചാരിയിരുന്ന് അഭിപ്രായം പറയുകയല്ല, വേണ്ട സമയത്ത് വേണ്ടതുപോലെ പ്രവർത്തിക്കുക. കുട്ടിയെ ഓർത്തിരുന്നു ദുഃഖിക്കുകയല്ല. നിങ്ങളുടെ വാക്ക് ശക്തമാണെന്നുള്ള ധാരണയിൽ ഉറച്ച തീരുമാനമെടുത്ത് മുമ്പോട്ടു പോകുക, വലുതായി ചിന്തിക്കുക.

**ആരാണ് ഗുരു, ആരാണ് ശിഷ്യൻ?**

ലോകമിന്ന് മാറ്റങ്ങൾക്ക് വിധേയമാണ്. സാങ്കേതിക വിദ്യയിൽ ഒരു വിരൽത്തുമ്പിന്റെ ചലനത്തിനനുസരിച്ച് പ്രപഞ്ചത്തെ മുഴുവൻ ഒറ്റക്കെട്ടായി നിർത്താൻവരെ കഴിയുന്ന മനുഷ്യന് സ്വന്തം കുട്ടികളെ നിയന്ത്രിക്കുവാനും നേർവഴിക്ക് നടത്തുവാനും സാധിക്കുന്നില്ലായെന്നത് പരിതാപകരമാണ്. കേരളം ഗുരുത്വക്കേടിലല്ല. വളരെയധികം അർത്ഥവ്യാപ്തിയുള്ള പദങ്ങളെ ചുരുങ്ങിയ വാക്കുകളിലൂടെ വിവരിക്കുമ്പോൾ പലതും നമുക്ക് തോന്നും. കാലം മാറുന്നതും വീക്ഷണഗതികളിൽ മാറ്റം വരുത്തുന്നതും അത്യാവശ്യം തന്നെയാണ്. അദ്ധ്യാപകർ ഒരു പുസ്തകത്തിൽ കാണുന്ന പാഠഭാഗങ്ങളെ വിശദീകരിക്കുന്ന ഒരു വ്യക്തിയല്ല. വായ തുറന്നാൽ കേൾക്കുന്ന ആളിന് പ്രചോദനം ഉണ്ടാകുന്നവരായിരിക്കണം. വിദ്യാർത്ഥിയുടെ മാനസികവും സാമൂഹ്യപരവുമായ വളർച്ചയെ മനസ്സിലാക്കി ആ കുട്ടിയിലേക്കിറങ്ങി വരണം. വെറും സിലബസിൽ ഉള്ളതുമാത്രം പഠിക്കുവാൻ കലാലയം ആവശ്യമില്ല. അതിന് ഓൺലൈൻ, പോസ്റ്റൽ, ട്യൂഷൻ ഇവയൊക്കെ ധാരാളം.

നാം ഒരാളോട് സംസാരിക്കുമ്പോൾ കേൾക്കുന്ന ആളുടെ പ്രായത്തിനും അറിവിനും അനുസരിച്ച് അവരുടെ തലത്തിൽ നിന്നുകൊണ്ട് സംസാരിക്കുന്ന ആളാണ് യഥാർത്ഥ ഗുരു.

ഭാവിതലമുറയെ വാർത്തെടുക്കാൻ പ്രയാസമാണ്. മണ്ണ് കുഴച്ച് കലമുണ്ടാക്കുന്ന കുശവന്റെ ഏകാഗ്രതയും അറിവും ജോലി ചെയ്യാനുള്ള കഴിവും ഒത്തുചേരുമ്പോൾ അവന്റെ സൃഷ്ടി അവന്റെ മനോമുകുരത്തിൽ കണ്ടതുപോലെതന്നെയായിരിക്കും. വിഗ്രഹമുണ്ടാക്കുന്ന ശില്പിയുടെ മനസ്സിൽ വിഗ്രഹമായിരിക്കണം. ആ പണിയിലേർപ്പെടുമ്പോൾ അതിന്റെ മൂല്യത്തിൽ ശ്രദ്ധിക്കണം. അതിനിടക്ക് വീട്ടിൽ പട്ടിണികിടക്കുന്ന കുഞ്ഞുങ്ങളേയോ വഴക്കിടുന്ന കുടുംബത്തേയോ കുറിച്ച് ചിന്തിച്ചാൽ സൃഷ്ടി ഉദ്ദേശിച്ചതായിരിക്കില്ല.

വലിയ വലിയ കാര്യങ്ങൾ മനസിലാക്കി പഠിക്കുന്ന രീതിയിൽനിന്നും എങ്ങനെ ജയിപ്പിച്ചു വിടാമെന്ന് വിശ്വസിക്കുന്ന ഈ വിദ്യാഭ്യാസരീതി ഉയർന്നക്ലാസുകളിലേക്കെത്തിച്ചേർന്നപ്പോൾ എല്ലാം കുടി പഠിക്കാനും മനസിലാക്കാനും കുട്ടിക്ക് വിഷമമുണ്ടാക്കുന്ന സന്ദർഭങ്ങൾ ധാരാളം. രക്ഷിതാക്കളുടെ, ട്യൂഷൻ സെന്ററുകളുടെ സമ്മർദ്ദത്തിൽ വളരുന്ന കുട്ടിക്ക് സ്കൂൾ അന്യം തന്നെയാണ്. അവിടെ സ്നേഹവും മൂല്യവും നോക്കാൻ സമയമില്ല. കാരണം പെട്ടന്ന് ഭാരിച്ച സിലബസ് തീർക്കണം. അദ്ധ്യാപകർ മിക്കവരും 35 വയസ്സ് കഴിഞ്ഞ് 50 വയസ്സിനിടയിൽ. അവരുടെ ശാരീരിക സാമ്പത്തിക, ഗ്രഹ സമ്മർദ്ദങ്ങൾ, കുട്ടികൾ മിക്കവാറും കൗമാരവും അതുകഴിഞ്ഞവരും ഈ പ്രായത്തിലുള്ളവർ. ഇതിനും പു റമേ കുട്ടികൾ കായികമായും മാനസികമായും വളരണമെന്നുദ്ദേശിച്ചു നടപ്പിലാക്കുന്ന ഒരുപാടു മേഖലകൾ.

അദ്ധ്യാപകർ സ്കൂളിൽ കൂടുതൽ സമയം ചിലവഴിക്കേണ്ടിവരുമ്പോൾ താളം തെറ്റുന്ന അവരുടെ ഗൃഹാന്തരീക്ഷം. റിസൽറ്റിനുവേണ്ടി പണ്ട് സ്വകാര്യസ്കൂളുകൾ മത്സരിച്ചിരുന്നു. എങ്കിൽ ഇന്ന് സർക്കാർ സ്കൂളുകളിലും ഇതുതന്നെ. പല സ്കൂളുകളിലേയും അദ്ധ്യാപകരുടെയും കുട്ടികളുടെയും ഇത്തരം സമ്മർദ്ദങ്ങൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട് . പണ്ട് ഒന്നാം ഭാഷയും രണ്ടാം ഭാഷയും പഠിപ്പിക്കുവാൻ എളുപ്പമായിരുന്നു. ഇന്ന് ശാസ്ത്ര വിഷയങ്ങളേക്കാൾ ഇവ പഠിപ്പിക്കുവാൻ വിഷമം. ഇവിടെ ശാരീരികമായ ക്ഷമത, ബുദ്ധിപരമായ ക്ഷമത, ഇവക്ക് പുറമേയുള്ള സ്വഭാവക്ഷമത, ഒന്നും ശ്രദ്ധിക്കാൻ ആർക്കും സമയമില്ല. ഇവിടെ മൂന്നാമത്തേത് ഒഴിവാക്കുമ്പോഴാണ് ഒരാൾക്ക് ശരിയായ രുപീകരണം സാദ്ധ്യമാകാതെ വരുന്നത്.

വിദ്യാഭ്യാസമെന്നത് ഒരദ്ധ്യാപകന്റെ വായിൽനിന്നു വീഴുന്നത് മുഴുവൻ വിദ്യാർത്ഥിയുടെ നോട്ടുബുക്കിലേക്ക് പകരുന്നതല്ല, മറിച്ച് രണ്ടുപേരുടെയും തലച്ചോറിൽക്കൂടി കടന്ന് മനസിലേക്കെത്തേണ്ടതാണ്. ഇവിടെ പരസ്പരം മനസിലാക്കി പറയുന്ന ഭാഷയാണ്. നമ്മുടെ തീരുമാനം മറ്റുള്ളവരെ അറിയിക്കണമെങ്കിൽ ആദ്യം അതിലെ യുക്തി അവരെ ധരിപ്പിക്കണം. ആത്മനിയന്ത്രണത്തിലൂടെ മാത്രമേ ഇത് സാധിക്കുകയുള്ളു. ഇവിടെ കൈകാലുകൾക്കൊപ്പംതന്നെ മനസും പ്രവർത്തിക്കണം. നമ്മുടെ വിദ്യാഭ്യാസകാലത്ത് എത്ര ഗുരുക്കന്മാർ നമ്മെ സ്വാധീനിച്ചിട്ടുണ്ട്.

എത്ര ഗുരുക്കന്മാരുടെ മനസിൽ നമുക്കിടം കിട്ടിയിട്ടുണ്ട്. ഇവയൊക്കെ അനുസരിച്ചാണ് ഗുരുശിഷ്യബന്ധത്തിന്റെ കെട്ടുറപ്പ്. മറ്റുള്ളവർക്ക് വേണ്ടി നമ്മുടെ മനസിൽ ഒരു ഇരിപ്പിടം ഉണ്ടാക്കണം. അവരുടെ മാർക്കിനെ പുകഴ്ത്താതെ അവർ എടുക്കുന്ന ശ്രമങ്ങളെ പുകഴ്ത്തണം. കൊളംബിയ യൂണിവേഴ്സിറ്റിയിൽ ഒരു പഠനം നടത്തി. മുള്ളറും ഡ്യൂക്കും കൂടി 412 കേസുകൾ എടുത്തു. ഗ്രേഡ് കിട്ടിയവരെക്കാൾ ഗ്രേഡ് നേടാൻ ബുദ്ധിമുട്ട് അഥവാ ശ്രമം ചെയ്തവരെയാണ് പുകഴ്ത്തിയത്. മാർക്ക് മാത്രം ലക്ഷ്യമാക്കുന്നവർ അധികം ബുദ്ധിമുട്ടില്ലാത്ത കാര്യങ്ങൾ ചെയ്യും എന്നാൽ മറ്റെക്കൂട്ടർ പ്രയാസമേറിയ പല കാര്യങ്ങളും ചെയ്യുന്നതായി കാണാൻ കഴിഞ്ഞു.

( ശേഷം 21-ാം പേജിൽ)

# കേരളത്തിന്റെ ശാക്തേയ പാരമ്പര്യം. 8

എം.ആർ.എസ് മേനോൻ - 9037126220

(തുടർച്ച.....)

പ്രാചീന കേരളത്തിൽ 13 ശാക്തേയകാവുകളാണ് നിലനിന്നിരുന്നത്

1. പനയന്നാർകാവ് (മാന്നാർ)
2. മുത്തൂറ്റ് കാവ് (തിരുവല്ല)
3. കൊടുങ്ങല്ലൂർ കാവ്
4. കൊടിക്കുന്നു കാവ് (പള്ളിപ്പുറം)
5. തിരുമാണ്ഡാംകുന്ന് (പെരിന്തൽ മണ്ണ)
6. വളയനാട് (കോഴിക്കോട്)
7. പിഷാരികാവ് (കൊല്ലം, കൊയിലാണ്ടി)
8. കളിയമ്പിള്ളിക്കാവ് (വടകര)
9. തിരുവഞ്ചേരിക്കാവ് (കൂത്തു പറമ്പ്)
10. മാമാനത്ത് കാവ് ( ഇരിക്കൂർ)
11. കളരിവാതുക്കൽ (വളപട്ടണം)
12. മാടായിക്കാവ് (പഴയങ്ങാടി, കണ്ണൂർ)
13. മന്നംപറമ്പത്ത് കാവ് (നീലേശ്വരം)

എന്നിവയാണ്. ഇവയിൽ ഉത്തര മലബാറിലെ ശാക്തേയ കാവുകളിലെല്ലാം കൗള മാർഗ്ഗത്തിലെ ശാക്തേയ പൂജയാണ് ഇന്നും പിന്തുടർന്നു വരുന്നത്. അതായത് മത്സ്യം, മാംസം, മദ്യം ഇവ ഉപയോഗിച്ചുള്ള പൂജ. ഈ ക്ഷേത്രങ്ങളില പൂജാരിമാരെല്ലാം ആദ്യ കാലങ്ങളിൽ അതത് സമുദായങ്ങളിൽപ്പെട്ടവരായിരുന്നു. നിയമം മൂലം നിരോധിക്കുന്നത് വരെ എല്ലാ ഭദ്രകാളീ ക്ഷേത്രങ്ങളിലും മൃഗബലി നിലനിന്നിരുന്നു. കോഴിക്കു പകരം കുമ്പളങ്ങാ മുറിക്കുന്നതും ചുണ്ണാമ്പും മഞ്ഞൾപ്പൊടിയും ചേർത്ത് ഗുരുതിയുണ്ടാക്കുന്നതും ഇതിന്റെ ബാക്കി പത്രമാണ്. 1936 വരെ ശബരിമലയിലെ മാളികപ്പുറത്ത് അജബലി നടന്നിരുന്നതായി അവിടെ ഇപ്പോഴും ഗുരുതിയുടെ ചുമതലയുള്ള കുടുംബക്കാർ അവകാശപ്പെടുന്നുണ്ട്. ഏഴാം ഗുരുതിക്ക് ശേഷം അവിടെ രഹസ്യമായി ചില ചടങ്ങുകൾ നടത്തി വരുന്നതായി അവിടെ ഗുരുതി നടത്തുന്നതിന് അവകാശപ്പെട്ട കുടുംബം അഭിപ്രായപ്പെടുന്നുണ്ട്. ഉത്തരമലബാറിലെ ശാക്തേയ കാവുകളിൽ കൗളമാർഗ്ഗ പ്രകാരമുള്ള പൂജകൾ നടത്തുന്നതിന് കേരളത്തിലെ ബ്രാഹ്മണർ തയ്യാറാകാത്ത സമയത്ത് ബംഗാളിൽ നിന്ന് കൊണ്ട് വന്ന് ബ്രാഹ്മണർ (പിടാടർ അഥവാ മൂസത് ) ആണ് അവിടെ പൂജനടത്തുന്നത്.



**തിരുവർകാട് (മാടായിക്കാവ് )**

കേരളത്തിൽ ഏറവും പ്രധാനപ്പെട്ട ഭദ്രകാളിക്കാവാണ് മാടായിക്കാവ്. മറ്റൊന്ന് കൊടുങ്ങല്ലൂർ കാവും കേരളത്തിലെ ഏറ്റവും പഴയ കാളി ആരാധനാ കേന്ദ്രങ്ങളും ഇതു രണ്ടുമാണ്. 600 ഏക്കറോളം വരുന്ന പരന്ന് കിടക്കുന്ന മാടായിപ്പാറ ഈ കാവ് വകയാണ്. ഇതിൽ ഏറെ സ്ഥലവും അന്യാധീനപ്പെട്ട് പോയി അവശേഷിച്ചിട്ടുള്ളത് 300 ഏക്കറാണ്. ദാരുകനിഗ്രഹത്തിനായി പരമശിവന്റെ കണ്ണിൽ നിന്ന് അവതരിച്ച ഭദ്രകാളിയെയാണ് കോലത്തിരി രാജവംശത്തിന്റെ പരദേവതയായി ആരാധിച്ചുവന്നിരുന്നത്. വടക്ക് കാസർഗോഡ് മുതൽ തെക്ക് കോരപ്പുഴ വരെ വ്യാപിച്ചു കിടക്കുന്ന പ്രദേശമാണ് കോലത്ത്നാട്. ഉത്തര മലബാറിലെ വിവിധ സ്ഥലങ്ങളിൽ പരദേവത,

വല്ലാർകുളങ്ങര ഭഗവതി, വലിയ തമ്പുരാട്ടി, സർവ്വേശ്വരി, അമ്മ എന്നിങ്ങനെ 'എഴുപതോളം പേരുകളിൽ തിരുവർക്കാട്ട് ഭഗവതി എന്ന മാടായിക്കാവിലമ്മയെയാണ് ആരാധിക്കുന്നത്. ദാരുകനെ കൊന്ന് ശിരസ്സറുത്ത് കോപാന്ധയായി കൈലാസത്തിലെത്തിയ കാളിയുടെ മുന്നിൽ ശിവൻ കുഞ്ഞുങ്ങളെ കാണിച്ച് മാതൃത്വം ഉണർത്തി ശാന്തയാക്കി എക്കാലവും ഭൂമിയിൽ പാർക്കാനുള്ള സ്ഥലം കണ്ടെത്തി അവിടെക്കയക്കാൻ പരശുരാമനെ ഏർപ്പെടുത്തി, പരശുരാമൻ ഒരു വലംപിരി ശംഖെടുത്ത് ഊതി കാളിയേയും പരിവാരങ്ങളെയും ആവാഹിച്ച് വലിച്ചെറിഞ്ഞു. ആ ശംഖ് ഉഗ്രശബ്ദത്തോടെ വായുവിലൂടെ പറന്ന് നീങ്ങി മാടായിപ്പാറയിൽ വന്നു വീണു. വീണതിന്റെ ശക്തി കൊണ്ട് അടുത്ത് പാറയിൽ നിന്ന് തെറിച്ച് അടുത്ത് കൂടി ഒഴുകുന്ന പുഴയിൽ വന്ന് വീണു. ശംഖിന്റെ മുന പാറയിൽ തട്ടിയപ്പോൾ പരിസരമാകെ വിറയൽ ഉണ്ടായതിനാൽ തിരുവിറയൽ പരിണമിച്ചാണ് തിരുവർക്കാട് ആയത്. കടൽ മാറി മാടായത് കൊണ്ടാണ് മാടായി എന്ന പേർ വന്നതെന്നാണ് ചരിത്ര പക്ഷം.സംഘകാലഘട്ടത്തിൽ ശക്തരായ ഏഴിമല രാജാക്കന്മാരുടെ തലസ്ഥാനമായിരുന്നത്രെ മാടായിപ്പാറ. മാടായിപ്പാറയിൽ പ്രതിഷ്ഠ നടത്തിയത് മൂഷിക വംശരാജാവായ കേരളനാണ് എന്നാണ് ചില ചരിത്ര കാരന്മാരുടെ അഭിപ്രായം. പിന്നീടാണ് അത് കോലത്തിരിയുടെ പരദേവതയായത്. ഇവിടുത്തെ കാവിന് തന്നെ ആയിരം വർഷത്തിലേറെ പഴക്കം കണക്കാക്കപ്പെടുന്നുണ്ട്.

കേരളത്തിലെ ആദ്യത്തെ ഭദ്രകാളിക്കാവ് കൊടുങ്ങല്ലൂരും രണ്ടാമത്തേത് മാടായിക്കാവുമാണെന്നാണ് വിശ്വാസം. ഈ രണ്ട് ക്ഷേത്രങ്ങളിൽ നിന്ന് പിരിഞ്ഞ് പോയ നിരവധി ക്ഷേത്രങ്ങൾ കേരളത്തിൽ കാണാം. മാടായിക്കാവിൽ തുല്യ പ്രാധാന്യത്തോടെ പരമശിവനും ഇവിടെ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. മൂഷികവംശത്തിലെ ശതസോമൻ ആയിരുന്നു തളിപ്പറമ്പ് പെരിഞ്ചല്ലൂർ ക്ഷേത്രം പ്രിഷ്ഠിച്ചത്. ഭദ്രകാളിയെ അവിടെ പ്രത്യേകമായി പ്രതിഷ്ഠിച്ചിരുന്നു. അവിടെനിന്നാണ് കാളിയെ കോലത്ത് നാട് രാജാവ് ഇവിടെ കൊണ്ട് വന്ന് പ്രതിഷ്ഠിച്ചത് എന്ന് കരുതുന്നു. ജാതി മത സകൽപ്പങ്ങൾക്കപ്പുറം ഒരു സ്ഥാനം മാടായിക്കാവിനുണ്ടായിരുന്നു. തന്ത്രിമാരായി നമ്പൂതിരിമാരും പൂജാരിമാരായി ശാക്തേയ പൂജ ചെയ്യുന്ന പിടാടരും ക്ഷേത്ര അടിയന്തിര അവകാശികളായി യാദവർ, നായർ വാര്യർ തീയർ മലയർ വണ്ണാൻ ശാലിയാൻ തുടങ്ങി നിരവധി സമുദായങ്ങൾ ഒന്നിച്ചു ചേരുന്നു. അരിയപ്പൂങ്കന്നി തെയ്യം കൊട്ടിയാടുമ്പോൾ മാപ്പിളമാരെ തെയ്യം മാടായി നഗരമേ എന്ന് സംബോധന ചെയ്യുന്നതും മത സൗഹാർദ്ദ പാരമ്പര്യത്തെ കാണിക്കുന്നു. തിരുവർക്കാട്ട് ഭഗവതിയുടെ തെയ്യം പറയുന്ന വാമൊഴി ഇപ്രകാരമാണ് ' പൈതങ്ങളേ എന്റെ ശ്രീ മഹാദേവൻ തിരുവടി നല്ലച്ചൻ എനിക്ക് നാലു ദേശങ്ങൾ കൽപ്പിച്ചു തന്നിട്ടുണ്ടല്ലോ? ഈ സ്ഥലം മുൻ ഹേതുവായിട്ട് ഈ കാൽ കളിയാട്ടം കൊണ്ട് കൂട്ടിയിട്ടുണ്ടല്ലോ നിങ്ങളും. ആയതിനാൽ എന്റെ നല്ലച്ചൻ എനിക്ക് കൽപ്പിച്ച് തന്ന ഈ തിരുവർക്കാട്ട് വടക്ക് ഭാഗം ഞാൻ രുചിക്ക് തക്കവണ്ണം ആസ്വദിക്കട്ടെ?'മഹാദേവൻ തിരുവടി നല്ലച്ചൻ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് പരമശിവനും നാലു ദേശങ്ങൾ എന്നത് വടക്ക് മാടായിക്കാവ് തെക്ക് കളരിവാതിൽക്കൽ കിഴക്ക് മാമാനിക്കുന്നു പടിഞ്ഞാറ് ചെറുകുന്നു ഈ വിധം കോലത്ത് നാടിനെ നാലായി പകുത്ത് നൽകി എന്നും വ്യക്തം. രക്തം ദാഹിച്ച് വരുന്ന ഭദ്രകാളി തന്നെയാണ് മാടായിക്കാവിലമ്മ.

ക്ഷേത്രമണ്ഡപത്തിൽ അനുഷ്ഠാനമായി കൂത്ത് അവതരിപ്പിക്കുന്നു വെന്നത് ഇവിടുത്തെ മറ്റൊരു സവിശേഷതയാണ്. ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണിയിലെ ആറാമങ്കമായ അംഗുലീയാങ്കമാണ് ഇവിടെ അവതരിപ്പിച്ചുവരുന്നത്. കന്നി മാസത്തിലാണ് കൂത്ത്. കാവിലെ കൂത്ത

മ്പലത്തിലെ മിഴാവ് മണ്ണു കൊണ്ടുള്ളതാണ്, തുലാമാസത്തിൽ മാടായിക്കാവിൽ നടത്തുന്ന കളമെഴുത്തും പാട്ടുമായി നടത്തുന്ന കളത്തില രി എന്ന ചടങ്ങോടെയാണ് ഉത്തരമലബാറിലെ തെയ്യോത്സവത്തിന് തുടക്കം കുറിക്കുന്നത്. വർഷത്തിൽ മൂന്ന് പ്രാവശം കളത്തിലരി ആ ചരിക്കാറുണ്ട്

ടിപ്പുവിന്റെ പടയോട്ടക്കാലത്ത് നശിപ്പിക്കപ്പെട്ട മാടായിക്കാവ് ചിറക്കൽ കൂനൻ രാജാവിന്റെ കാലത്ത് പുതുക്കിപ്പണിതു എന്നും തുകലശ്ശേരി കുഴിക്കാട്ട് മഹേശ്വരൻ ഭട്ടതിതിരിപ്പാടിന്റെ കാലത്ത് കടുശർക്കരയോഗ വിധി പ്രകാരം തയ്യാറാക്കിയ വിഗ്രഹം പ്രതിഷ്ഠിച്ചു എന്നും കാണുന്നു.

ഉത്തരമലബാറിലെ കാവുകളിൽ മീനത്തിലെ പൂരോത്സവം പ്രധാന ആഘോഷമാണ്. കാർ ത്തിക മുതൽ ഒമ്പത് ദിവസമാണ് പൂരോത്സവം പൂരക്കാലത്ത് തിടമ്പെഴുന്നള്ളിപ്പും പൂരക്കളി യും നടക്കും. അവസാന ദിവസത്തെ പൂരക്കു ളി(ആറാട്ട് ) മാടായിപ്പാറയിലുള്ള വടുക്കുന്ന് ക്ഷേത്രക്കുളത്തിലാണ്. പൂരക്കളി അവസാ നിക്കുന്ന പൂരം നാളിലെ പൂരക്കുളി കണ്ണൂർ ജില്ലയിലെ തന്നെ പ്രധാന ആഘോഷമാണ്. പരമശിവന്റെ തൃശൂലത്താൽ അമ്മയുടെ നീരാട്ടിനായി കുഴിച്ചതാണ് ഇവിടുത്തെ കുളം എന്നാണ് വിശ്വാസം.

ഇടവമാസത്തിലാണ് പ്രസിദ്ധമായ കലശം കലശക്കാലത്ത് തിരുവർക്കാട്ട് ഭഗവതിയുടെ കൂടെ ക്ഷേത്രപാലൻ, സോമേശ്വരി പഴശ്ശി ഭഗവതി , ശ്രീപോർക്കലി, കാളരാത്രി, ചുഴലീ ഭഗവതി തുടങ്ങിയ തെയ്യങ്ങളും കെട്ടിയാടും. അമ്പത് മീറ്റർ ഉയരം  പതിനാലു മീറ്റർ വീതിയുമുള്ള മുളങ്കാലുകൾ കൊണ്ട് കെട്ടി കറുപ്പും ചുവ പ്പും തുണികൾ കൊണ്ട് അലങ്കരിച്ച ഭീമാകാ രമായ മുടിയാണ് തിരുവർക്കാട്ട് ഭഗവതിയുടെ തെയ്യത്തിന്റെ പ്രത്യേകത. മറ്റു ക്ഷേത്രങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തമാണ് ഇവിടുത്തെ പൂ ജകൾ. വഴിപാടുകൾക്ക് പ്രസാദമായി നൽകു ന്നത് കോഴിയിറച്ചി കൂടിയാണ്. സസ്യാഹാരി യാണെന്ന് പറഞ്ഞാൽ പകരം ചെറുപയറും പാ യസവും തരും.

(തുടരും)

---

(18-ാം പേജിന്റെ തുടർച്ച...)

വിദ്യാഭ്യാസം മനുഷ്യനെ നിർമ്മിക്കാ നുള്ളതാണ്, വളർത്താനുള്ളതാണ് എന്നാ ണ് മഹാന്മാർ പറയുന്നത്. യഥാർത്ഥ ഗുരു ഒരു വിദ്യാർത്ഥിയുടെ കണ്ണ് പ്രപഞ്ചത്തിന്റെ അന്തസത്തയിലേക്ക് തുറക്കാൻ സഹായി ക്കുന്നു. ഇതിന് മനോഭാവം മാറണം. ഓരോ ജോലിക്കും ഓരോ മനോഭാവമാണ് വേണ്ടത്. ഒരു ഗുമസ്ഥന്റെ മനോഭാവമല്ല രാഷ്ട്രനിർ മ്മാണത്തിലേർപ്പെട്ടിരിക്കുന്ന  രാഷ്ട്ര ശില്പി യുടേത്. ഇത് ചെയ്യുന്ന ആളെ അനുസരിച്ച് വ്യ ത്യാസപ്പെടും. വേദാന്തം പറയുന്നത് ഏതിനോ ടുമുള്ള നമ്മുടെ മനോഭാവമാണ് ഏറ്റവും വലിയ ശക്തിയെന്നാണ് . ആത്മാഭിമാനവും, ആത്മശക്തിയും, കടപ്പാടും, വിശ്വസ്തതയും, അർപ്പണവും ഒക്കെക്കൂടി ചേരുമ്പോൾ  മാത്രമേ ആത്മാർത്ഥത ഉണ്ടാകുകയുള്ളൂ.

കർമ്മം പുണ്ണ്യമോ പാപമോ ആകാം പുണ്യം ആചരിക്കുന്നവനുമാത്രമേ ആദ്ധ്യാത്മികപുരോ ഗതി ഉണ്ടാകുകയുള്ളൂ.ചിലർ സാഹചര്യങ്ങളെ കുറ്റം പറഞ്ഞ് കാലം കഴിക്കും. സംസ്കാര സമ്പന്നനായ ഒരു വ്യക്തിക്ക് തീവ്രമായി പ്ര യത്നിക്കുമ്പോൾ യോഗസിദ്ധി കൈവരുന്നു. ചുരുക്കത്തിൽ അർജ്ജുനൻ തന്റെ ഗുരുവിനോട് പറഞ്ഞതുപോലെ  ഭഗവാനെ, അങ്ങയുടെ ഉത്തമ കീർത്തി കൊണ്ട് ജഗത് സന്തോഷിക്കു ന്നു. ഭഗവാൻ പറഞ്ഞു താനെന്ന ഭാവം നശിച്ച്; അറിയുക, കാണുക, പ്രവേശിക്കുക എന്ന ബോധം ഉണ്ടാകുമ്പോൾ നാം പരമോന്നതമായ ഗുരുസന്നിധിയിൽ എത്തിച്ചേരും.

*******

## 2024 നവംബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**N.ശരത്ചന്ദ്ര കുറുപ്പ്**
**L/1274,** 39/3551
ശ്രിവൽസം, നെടുവേലി ലെയിൻ,
വളഞ്ഞമ്പലം, കൊച്ചി - 682016



**ഉപ്പത് വേണുഗോപാൽ**
**L/5240, P2**
സിൽവർ ഗ്ലാഡിസ്, വാട്ടർലാൻഡ് റോഡ്,
ചിലവന്നൂർ, കൊച്ചി - 682020



**വിജയ കുമാർ. N. മേനോൻ**
**L/1294**
65, നമ്പ്യാകുറുപ്പത്ത് (H), ചിറ്റൂർ റോഡ്,
വളഞ്ഞമ്പലം, കൊച്ചി - 682016

(15-ാം പേജിന്റെ തുടർച്ച...)

അതായത് സർക്കാരിതര സംവിധാനങ്ങളിൽ ഏറ്റവും കൂടുതൽ സ്വത്തുള്ളത് വഖഫ് ബോർഡുകൾക്കാണെന്ന്. എന്നാൽ ഈ അഭിപ്രായത്തിനും ഒരു എതിർവാദവുമുണ്ട്. വഖഫ് ബോർഡുകൾ വഖഫ് സ്വത്തുക്കളുടെ നടത്തിപ്പുകാർ മാത്രമാണെന്നും ഉടമകൾ അല്ലന്നുമാണ് ആ വാദം. അതായത് അവർ ആ സ്വത്തുക്കൾ നിയന്ത്രിക്കുക മാത്രമാണ് ചെയ്യുന്നതെന്നാണ് പറയുന്നത്.

അടുത്ത കുറച്ചു കാലങ്ങളായി നിലവിലുള്ള വഖഫ് നിയമത്തെപ്പറ്റിയും, വഖഫ് ബോർഡുകളുടെ പ്രവർത്തനത്തെപ്പറ്റിയും വളരെയധികം ആരോപണങ്ങളും പരാതികളും ഉയർന്നു വന്നിട്ടുണ്ട് സാധാരണ ജനങ്ങളുടെയും ചില സംഘടനകളുടെയും ആരാധനാലയങ്ങളുടെയും ഒക്കേമേൽ വഖഫ് ബോർഡ് ഇപ്പോൾ തുടർച്ചയായി അവകാശവാദം ഉന്നയിച്ചുകൊണ്ടിരിക്കുന്നു എന്ന് വ്യാപകമായി പരാതി ഉണ്ടായിരിക്കുകയാണ്. ആക്കൂട്ടത്തിൽ നമ്മുടെ എറണാകുളത്തു തന്നെയുള്ള മുനമ്പം പ്രദേശത്തെ 610 കുടുംബങ്ങൾ ഇപ്പോൾ ഈ പ്രശ്നം നേരിടുകയാണ്. അതുകൊണ്ടുതന്നെ നമുക്ക് മുനമ്പം വിഷയത്തെപ്പറ്റി ഒന്ന് പരിശോധിക്കാം. ഈ വിഷയത്തിൽ ഇപ്പോൾ ജനമദ്ധ്യത്തിൽ ഒട്ടേറെ അഭിപ്രായങ്ങൾ വന്നു കഴിഞ്ഞു പലരും പലരീതിയിലുള്ളതും വ്യത്യസ്ഥമായതുമായ അഭിപ്രായങ്ങളാണ് പറഞ്ഞിരിക്കുന്നത്. ഇതിന്റെ വസ്തുത പരിശോധിച്ചാൽ 1902-ൽ ഗുജറാത്തിൽ നിന്നും വ്യവസായ ആവശ്യങ്ങൾക്കായി കൊച്ചിയിലെത്തി, ഇവിടെ താമസിച്ചുവന്നിരുന്ന അബ്ദുൾ സത്താർ സേട്ടുവിന് തിരുവതാംകൂർ മഹാരാജാവ് ഈ പ്രദേശം പാട്ടത്തിനു നൽകുകയുണ്ടായി. കാലങ്ങൾ കുറെ കഴിഞ്ഞു, ഈ സ്ഥലത്തിന്റെ അവകാശം അദ്ദേഹത്തിന്റെ അനന്തരാവകാശിയായ സിദ്ധിക്ക് സേട്ടുവിലെത്തി. 1947-ൽ സ്വാതന്ത്ര്യം കിട്ടിയതിന് ശേഷം സിദ്ധിക്ക് സേട്ടു ഈ സ്ഥലം സ്വന്തം പേരിൽ രജിസ്റ്റർ ചെയ്തു. 1950 നവംബർ 1 -ാം തീയതി ഈ സ്ഥലത്തിൽ നിന്ന് 404 ഏക്കർ സ്ഥലം കോഴിക്കോട്ടുള്ള ഫറൂക്ക് കോളേജിന് എഴുതിക്കൊടുത്തു. സിദ്ധിക്ക് സേട്ടു സൗജന്യമായാണ് ഈ സ്ഥലം ഫറൂക്ക് കോളേജിന് നൽകിയത് ഇടപ്പള്ളി സബ് രജിസ്റ്റർ ഓഫീസിലാണ് ഈ ആധാരം രജിസ്റ്റർ ചെയ്തതായി അറിയുന്നത്. ഇത് വഖഫ് ആയിട്ടാണ് സേട്ട് ഫറൂക്ക് കോളേജിന് നൽകിയതെന്നും ഒരഭിപ്രായം ഒരുവശത്ത് നിലനിൽക്കുന്നു. അല്ല ഇതൊരു ഇഷ്ടദാനമായിരുന്നുവെന്നും ഒരുകൂട്ടർ വാദിക്കുന്നു.

മുനമ്പം പ്രദേശം നോക്കിയാൽ 1950-ന് മുമ്പും അതിന് ശേഷവും മുനമ്പത്ത് ധാരാളം ആളുകൾ വന്ന് താമസിക്കുന്നുണ്ട് അവിടുത്തെ താമസക്കാരും ഫറൂക്ക് കോളേജും തമ്മിൽ ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശത്തെച്ചൊല്ലി കുറെയെറെക്കാലം തർക്കം നടന്നു 1962-ൽ ഇത് കേസാവുകയും 1975-ൽ ഈ കേസ് ഹൈക്കോടതിയിലുമെത്തി എല്ലാ വാദങ്ങളും കേട്ട

ശേഷം കോടതി ഫറൂക്ക് കോളേജിന് അനുകൂലമായി വിധി പ്രസ്താവിക്കുകയും ചെയ്തു. ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഫറൂക്ക് കോളേജിനാണെന്നായിരുന്നു ആ വിധി. അതിനുശേഷം അവിടുത്തെ താമസക്കാരും കോളേജുമായി സന്ധിസംഭാഷണങ്ങൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഫറൂക്ക് കോളേജിന് അവിടെ താമസിച്ചിരുന്നവർ അവരവർ താമസിച്ചുകൊണ്ടിരുന്ന ഭൂമിക്ക് വില നൽകി തീറാധാരം തീർത്തു വാങ്ങുകയും ചെയ്തു. ഇങ്ങനെ നിയമപരമായി റവന്യൂ നിയമങ്ങളെല്ലാം പാലിച്ചുകൊണ്ടാണ് അവർ അവിടെ താമസിച്ചു വന്നിരുന്നത്.

എല്ലാ പ്രശ്നങ്ങളും അവസാനിച്ചു എന്ന് കരുതി സമാധാനമായി മുനമ്പത്തുള്ളവർ താമസിച്ചു വരികയായിരുന്നു അവിടെ. അതിനിടയിൽ 'വഖഫ് സംരക്ഷണ വേദി' എന്ന ഒരു സംഘടനയ്ക്ക് കുറെ ആളുകൾ ചേർന്ന് രൂപം നൽകുകയും അവർ മുനമ്പം പ്രദേശത്തെ സ്ഥലം വഖഫ് സ്വത്താണെന്നും ഫറൂക്ക് കോളേജ് സ്ഥലം വിറ്റത് നിയമപരമല്ലെന്നും അതുകൊണ്ടുതന്നെ അവിടുത്തെ താമസക്കാർ നിയമപരമായിട്ടല്ല ആ സ്ഥലം കൈവശം വെച്ചിരിക്കുന്നതെന്നും പറഞ്ഞുകൊണ്ട് രംഗത്ത് വരികയും ചെയ്തു. ഈ സംഘടനയ്ക്കു വഖഫ് ബോർഡുമായി നിയമപരമായി ബന്ധമൊന്നുമില്ലെന്നിരിക്കെ തന്നെ അന്ന് കേരളം ഭരിച്ചുകൊണ്ടിരുന്ന അച്യുതാനന്ദൻ സർക്കാർ വഖഫ് സംരക്ഷണ വേദിയുടെ ആവശ്യങ്ങളെക്കുറിച്ച് അന്വേഷിക്കുവാൻ വേണ്ടി ജസ്റ്റിസ് എം .എ നിസാറിന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനെ നിയോഗിച്ചു . ഈ കമ്മീഷന്റെ കണ്ടെത്തൽ ഈ സ്ഥലം ഫറൂക്ക് കോളേജിന് വഖഫ് ആയി കിട്ടിയതാണെന്നും അത് ക്രയവിക്രയം നടത്തിയത് നിയമപരമായിട്ടല്ലെന്നും അതുകൊണ്ട് ടി വസ്തുക്കൾ വഖഫ് ആയി രജിസ്റ്റർ ചെയ്യാൻ വേണ്ട നിർദ്ദേശങ്ങൾ വഖഫ് ബോർഡിന് നൽകണമെന്നുമായിരുന്നു . മുനമ്പം സ്ഥലത്തെ സംബന്ധിച്ച് ഏറെ പ്രാധാന്യമുള്ള ഒരു അഭിപ്രായമാണ് കമ്മീഷൻ മുന്നോട്ടുവെച്ചത്. എങ്കിലും കേരളസർക്കാർ അന്ന് ഈ വിഷയത്തിൽ ഒരു നടപടിയും കൈക്കൊണ്ടില്ല അതിനാൽ വഖഫ് സംരക്ഷണ വേദി ഈ വിഷയത്തിൽ ഹൈക്കോടതിയെ സമീപിക്കുകയും കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ കോടതി സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച് 2019-ൽ സംസ്ഥാന വഖഫ് ബോർഡ് ചെറായി മുനമ്പം പ്രദേശത്തുള്ള 404 ഏക്കർ ഭൂമിയും വഖഫ് ഭൂമിയായി രജിസ്റ്റർ ചെയ്തു. പക്ഷെ ഈ വിവരങ്ങളൊന്നും മുനമ്പം നിവാസികളെ അറിയിച്ചിരുന്നില്ല. റവന്യൂ ആവശ്യങ്ങൾക്കായി ഓഫീസുകളിൽ എത്തിയപ്പോഴാണ് അവരറിയുന്നത് അവർ താമസിക്കുന്ന സ്ഥലം വഖഫിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും അവരോ അവരുടെ പൂർവ്വികരോ പണം കൊടുത്തു വാങ്ങി സ്വന്തമെന്നു കരുതിയ ഭൂമി തങ്ങളുടെ അല്ലായെന്നും ആ ഭൂമി സ്വന്തംപേരിൽ പോക്കുവരവ് നടത്താൻ സാധിക്കില്ലായെന്നും, അവരുടെ കൈയിലുള്ള ആധാരങ്ങൾക്ക് ഒരു വിലയുമില്ലയെന്നും, ആ സ്ഥലം ഈടുവെച്ച് ഒരു ലോൺ പോലും എടുക്കാൻ സാധിക്കില്ല എന്നുമൊക്കെയുള്ള വസ്തുത ബോധ്യമാകുന്നത്. അങ്ങനെ ആ പ്രദേശവാസികളെ സംബന്ധിച്ച് ഇതൊരു വലിയ ദുരന്തമായി മാറി. തുടർന്ന് അവരുടെ ശ്രമഫലമായി വസ്തുവിന്റെ നികുതി അടയ്ക്കാനുള്ള ഉത്തരവ് സർക്കാരിൽ നിന്നും അവർ നേടിയെടുത്തെങ്കിലും അതിനെതിരെ കേസുകൾ ഉണ്ടാവുകയും കരം അടയ്ക്കാം എന്ന ഉത്തരവ് സ്റ്റേ ചെയ്യപ്പെടുകയും ചെയ്തു. ഇതാണ് മുനമ്പം ഭൂമി തർക്കത്തിന്റെ സാരാംശം . ഇനിയും ഈ വിഷയം എന്താകും, സർക്കാരിന്റെ നിലപാട് എന്തായിരിക്കും, കോടതി ഏതുതരത്തിലായിരിക്കും ഇതിനെ കാണുക തുടങ്ങി ഒട്ടേറെ കാര്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഇവിടുത്തെ താമസക്കാരുടെ ഭാവി നിശ്ചയിക്കുക. ഇപ്പോൾ ഏതായാലും ഒരു അനിശ്ചിതാവസ്ഥയാണ് നിലനിൽക്കുന്നത്. രാജ്യത്ത് ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങൾ പരിഹരിക്കുന്നതിനും വഖഫ് ബോർഡുകളുടെ പ്രവർത്തനത്തെ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുവേണ്ടിയാണ് കേന്ദ്ര സർക്കാർ വഖഫ് ഭേദഗതിബിൽ 2024 അവതരിപ്പിച്ചത്. ഇനി അതെന്താണെന്ന് നമുക്കൊന്ന് പരിശോധിക്കാം.

വഖഫ് ആക്ട് 1995-ലെ ഏറ്റവും കൂടുതൽ വിമർശനം നേരിടുന്ന ഒരു ഭാഗം Section 40 ആണ് ഈ വകുപ്പ് അനുസരിച്ച് ഏതെങ്കിലും ഒരു Property വഖഫ് ആണെന്ന് അവർക്കു തോന്നുകയോ, അവർ വിശ്വസിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ ശേഖരിക്കാനും ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിനും വഖഫ് ബോർഡുകൾക്ക് പൂർണ്ണ അധികാരം നൽകുന്നുണ്ട്. ഇങ്ങനെയുള്ള വസ്തുക്കൾ സ്വമേധയാ വഖഫ് ബോർഡിലേക്ക് ചേർക്കുവാനും അവർക്കു അധികാരമുണ്ട്. ഇങ്ങനെ ഒരാളിന്റെ വസ്തു വഖഫ് ബോർഡ് എടുത്തുകഴിഞ്ഞാൽ പിന്നെ അയാൾ പരാതിയുമായി പോകേണ്ടത് വഖഫ് Tribunal- ലാണ്. വഖഫ് Tribunal-ലും വഖഫ് ബോർഡിന്റെ തീരുമാനത്തോട് യോജിച്ചു കഴിഞ്ഞാൽ അത് അന്തിമ തീരുമാനമായി മാറുന്നു. ഇങ്ങനെയുള്ള നിയമം വഴി വഖഫ് ബോർഡുകൾക്കുള്ള അനിയന്ത്രിതമായ അമിതാധികാരങ്ങൾ നീക്കുന്നതിനുവേണ്ടി Section 40 പൂർണ്ണമായും എടുത്തുകളയുകയാണ് പുതിയ ഭേദഗതിയിലൂടെ സർക്കാർ ചെയ്യുന്നത്. അടുത്തത് നിലവിലുള്ള നിയമമനുസരിച്ച് വഖഫ് Tribunal- ന്റെ തീരുമാനം അന്തിമമാണ്. വേണമെങ്കിൽ ഹൈക്കോടതിയെ സമീപിക്കാം. പക്ഷെ ഹൈക്കോടതിക്ക് ഇത് കേൾക്കുകയോ കേൾക്കാതിരിക്കുകയോ ചെയ്യാം ഇതിനും ഒരു മാറ്റം വരുത്തിയിരിക്കുകയാണ് പുതിയ ഭേദഗതിയിൽ . പരാതിക്കാരന് Tribunal- വിധി വന്നു 90 ദിവസത്തിനുള്ളിൽ കോടതിയിൽ Tribunal വിധിക്കെതിരെ അപ്പീൽ നൽകുന്നതിനുള്ള അവകാശം നൽകിയിരിക്കുകയാണ് പുതിയ ഭേദഗതിവഴി. അതുപോലെ വഖഫ് Tribunal- ന്റെ അംഗങ്ങളുടെ കാര്യത്തിലും ചിലമാറ്റങ്ങൾ കൊണ്ടുവരുന്നുണ്ട് പുതിയ ബില്ലിൽ. 1995-ലെ നിയമമനുസരിച്ചു Tribunal- ൽ 3 അംഗങ്ങളാണുള്ളത് . ഇതിൽ ചെയർമാൻ Magistrate- ന്റെ റാങ്കിലുള്ള ഒരാളും രണ്ടാമത്തെ അംഗം അഡിഷണൽ District Magistrict- ന്റെ റാങ്കിലുള്ള ആളും മൂന്നാമൻ ഇസ്ലാമിക നിയമങ്ങളിൽ പ്രാവീണ്യമുള്ള ഒരാളുമായിരിക്കണമെന്നാണ് നിബന്ധന. പുതിയ ഭേദഗതിയനുസരിച്ചു സർവീസിലിരിക്കുന്നതോ, വിരമിച്ചതോ ആയ ജില്ലാ ജഡ്ജി ആയിരിക്കണം ചെയർമാൻ അടുത്ത അംഗം സർവീസിലിരിക്കുന്നതോ, വിരമിച്ചതോ ആയ ജോയിന്റ് സെക്രട്ടറിയുടെ റാങ്കിലുള്ള ആളുമായിരിക്കണം ഇങ്ങനെ രണ്ടുപേർ മാത്രം ഉൾക്കൊള്ളുന്നതാണ് പുതിയ Tribunal.

അടുത്ത മാറ്റം കൊണ്ടുവരുന്നത് വഖഫ് കൗൺസിലിന്റെയും സംസ്ഥാന വഖഫ് ബോർഡുകളുടെയും ഘടനാപരമായ മാറ്റങ്ങളിലൂടെയാണ്. നിലവിലുള്ള നിയമമനുസരിച്ച് വഖഫ് കൗൺസിലിലെ എല്ലാ അംഗങ്ങളും മുസ്‌ലിം സമുദായത്തിൽപ്പെട്ടവർ മാത്രമായിരിക്കണം എന്നതാണ്. അതിൽ രണ്ടുപേർ സ്ത്രീകളുമായിരിക്കണം. പുതിയ മാറ്റം അനുസരിച്ച് ഈ കൗൺസിലിൽ രണ്ടുപേരെങ്കിലും അമുസ്‌ലിങ്ങൾ ആയിരിക്കണം. കൂടാതെ മുസ്‌ലിം വനിതകളായ രണ്ടുപേരും ഈ കൗൺസിലിൽ ഉണ്ടായിരിക്കണമെന്നും നിർബന്ധമുണ്ട്. സംസ്ഥാന വഖഫ് ബോർഡുകളുടെ കാര്യത്തിലും ഇതേ രീതിയിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. നിലവിൽ രണ്ടു സ്ത്രീകൾ ഉൾപ്പെടെ എല്ലാവരും മുസ്‌ലിം സമുദായത്തിൽപ്പെട്ടവരാണ്. പുതിയ നിയമമനുസരിച്ച് സംസ്ഥാന വഖഫ് ബോർഡിൽ രണ്ടുപേർ അന്യ മതസ്ഥർ ആയിരിക്കണം , ബോർഡിൽ സംസ്ഥാനത്ത് നിന്നുള്ള MP, MLA, Bar Council member തുടങ്ങിയവർ ഉണ്ടെങ്കിൽ അവർ മുസ്‌ലിം സമുദായത്തിൽപ്പെട്ടവരല്ലങ്കിലും ഉൾപ്പെടുത്താം എന്ന മാറ്റം വരുത്തുന്നുണ്ട്. കൂടാതെ മുസ്‌ലിം സമുദായത്തിലെ രണ്ടു സ്ത്രീകളും അംഗങ്ങളായിരിക്കണം എന്നുമുണ്ട് എന്നാൽ ഇസ്ലാമിക ആചാരങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് വേണ്ടിയുള്ള സ്റ്റാറ്റ്യൂട്ടറി ബോർഡിൽ അമുസ്ലിങ്ങളെ ഉൾപ്പെടുത്തുന്നതിൽ കുറെ ആളുകൾ എതിർക്കുന്നുമുണ്ട്. ഇങ്ങനെ ഏതാണ്ട് 40-ഓളം മാറ്റങ്ങളാണ് പുതിയ ബില്ല് വഴി കേന്ദ്ര സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്.

വഖഫ് നിയമത്തിലെ Section 3 (I) ആണ്. അതനുസരിച്ചു ഒരു Property വഖഫ് ആക്കി മാറ്റുന്നതിന് വാക്കാലുള്ള ഉടമ്പടി മാത്രം മതി (verbal agreement) എന്നുള്ളതാണ്. ഇതുമൂലം ഒരുപാടുപ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ടെന്നാണ് പറയുന്നത് ഇങ്ങനെയുള്ള വസ്തുക്കളുടെ

മേൽ എന്തെങ്കിലും തർക്കം വന്നാൽ ഹാജരാക്കാൻ വഖഫ് ബോർഡിന് രേഖകളോ, നിയമപരമായ തെളുവുകളോ ഒന്നുംതന്നെയില്ല അതുകൊണ്ടുതന്നെ ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പു തിയതായി കേന്ദ്ര സർക്കാർ കൊണ്ടുവന്നിരിക്കുന്ന Bill-ൽ വാക്കാലുള്ള ഉടമ്പടി (verbal agreement) എന്ന ഭാഗം നീക്കം ചെയ്യുകയും പകരം കൃത്യമായ Deed അല്ലങ്കിൽ Document ചെയ്തുവേണം ഒരു Property- യെ വഖഫ് Property - യാക്കുവാൻ എന്നുമാണ് പറഞ്ഞിരിക്കുന്നത്, അതായതു നിയമപരമായ രേഖകളോടുകൂടി മാത്രം കൈമാറ്റം ചെയ്യുക.

അടുത്തത് Section 3 (R) ആണ്. ഇതനുസരിച്ചു ആർക്കു വേണമെങ്കിലും ഏതു വസ്തുവകകളും വഖഫ് Property - യാക്കി മാറ്റുവാൻ സാധിക്കും എന്നുള്ളതാണ്. എന്നാൽ Section 3 (R) ലെ മാറ്റങ്ങൾ വഴി കുറഞ്ഞത് അഞ്ചു വർഷമെങ്കിലും ഇസ്ലാം മതാചാരങ്ങൾ അനുസരിച്ച് ജീവിച്ച ഒരാളിനുമാത്രമേ Property വഖഫ് ചെയ്യാൻ അധികാരമുള്ളൂ എന്നാണ്. അതുപോലെ ഏതു സ്വത്തും എന്നതിനും മാറ്റം വരുത്തിയിട്ടുണ്ട്. സ്വന്തം ഉടമസ്ഥതയിലും അധീനതയിലും ഉള്ള സ്വത്തുക്കൾ മാത്രമേ വഖഫ് Property യാക്കി മാറ്റാൻ ഒരാൾക്ക് സാധിക്കു. ഈ വകുപ്പിൽത്തന്നെ പറയുന്ന മറ്റൊന്ന് 'Waqf by user' ആണ് അതിൽ പറയുന്നത് ഇസ്ലാം മതപരമായ കാര്യങ്ങൾക്കോ, ജീവകാരുണ്യത്തിനു വേണ്ടിയോ, ഭക്തിപരമായ കാര്യങ്ങൾക്കോ വേണ്ടി കാലാകാലങ്ങളായി ഉപയോഗിച്ചുവന്നിരുന്ന ഭൂമി വഖഫ് ഭൂമിയാക്കി മാറ്റാമെന്നുള്ളത് ഗവണ്മെന്റ് എടുത്തുകളഞ്ഞു. ഇതേ വകുപ്പിൽ തന്നെയുള്ള മറ്റൊരു നിയമം 'വഖഫ് ഹലാൽ മുലാദ്' എന്നുള്ളതാണ് ഇതനുസരിച്ച് ഒരാൾക്ക് അയാളുടെ Property ദാനം ചെയ്യുമ്പോൾ പ്രൈവറ്റ് വഖഫ് Property - യാക്കി മാറ്റാമെന്നുള്ളതാണ് അതായതു വഖഫ് ആക്കി മാറ്റുന്ന സ്വത്തിന്റെ ആദായത്തിന്റെ ഒരു ഭാഗം തനിക്കോ തന്റെ അവകാശികൾക്കോ വേണ്ടി മാറ്റിവെയ്ക്കുകയും ബാക്കിയുള്ളത് വഖഫിനു വേണ്ടി നീക്കിവെയ്ക്കാനും കഴിയും, ഇങ്ങനെയുള്ള സ്വത്തുക്കൾക്കു പിന്തുടർച്ചാവകാശികൾ ഇല്ലാതെ വന്നാൽ ആ സ്വത്തുമുഴുവനും വഖഫ് സ്വത്തായി മാറും എന്നുമുള്ളത് പുതിയ ഭേദഗതിയനുസരിച്ച്, ഇങ്ങനെയുള്ള അവസ്ഥ സംജാതമാകുമ്പോൾ ആ കുടുംബത്തിലെ വിധവകളായിട്ടുള്ളവരോ, വിവാഹമോചിതരായ സ്ത്രികളോ, മരണപ്പെട്ടയാളിന്റെ പെണ്മക്കളോ ഉണ്ടെങ്കിൽ അവരെ പിന്തുടർച്ച അവകാശികളായി കണക്കാക്കി സ്വത്തിൻമേൽ അവകാശം നൽകണം എന്ന് നിഷ്കർഷിക്കുന്നു.

ഈ നിയമത്തിലെ മറ്റൊരു വിഷയം ഇതിനുവേണ്ടി നടത്തിവരുന്ന സർവ്വേ രീതികളെക്കുറിച്ചാണ് . സംസ്ഥാന സർക്കാർ നിയമിക്കുന്ന സർവ്വേ കമ്മീഷണറാണ് വഖഫ് സ്വത്തുക്കൾ അളന്നു തിട്ടപ്പെടുത്തേണ്ടത് എന്നാൽ പുതിയ ഭേദഗതിയ ഭേദഗതിയനുസരിച്ച് വഖഫ് സ്വത്തുക്കൾ എവിടെയാണോ ഉള്ളത് അവിടുത്തെ ജില്ലാകളക്ടർ ആയിരിക്കും സർവ്വേ നടപടികളുടെ ചുമതല വഹിക്കേണ്ടത്. ജില്ലാകളക്ടർമാർക്ക് കൂടുതൽ അധികാരം നൽകുന്നതാണ് പുതിയ നിയമം. മറ്റൊരു പ്രശ്നം ഏതെങ്കിലും വഖഫ് ഭൂമി സർക്കാർഭൂമിയാണെന്നു തിരിച്ചറിയുകയോ, സർക്കാർഭൂമി വഖഫ് ഭൂമിയായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലോ അതെല്ലാം സർക്കാർ ഭൂമിയായിരിക്കും എന്നാണ് പുതിയ ഭേദഗതിയിൽ പറയുന്നത്. സർക്കാരിന്റെ അധീനതയിലുള്ള ഭൂമിയിൽ വഖഫ് ബോർഡിന് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാനുള്ള ചുമതലയും ഇനിമുതൽ കളക്ടർമാർക്കായിരിക്കും. ഇതിനെയും ഒരുകൂട്ടർ എതിർക്കുന്നുണ്ട് കാരണം കളക്ടർ സർക്കാരിന്റെ കീഴിൽ ജോലിചെയ്യുന്ന ഒരു ഉദ്യോഗസ്ഥനായതുകൊണ്ട് അദ്ദേഹത്തെ സർക്കാരിന്റെ ഭാഗമായിവേണം കാണാനെന്നും, അതുകൊണ്ട് തന്നെ തീരുമാനം ഏകപക്ഷിയമായിപോകുമെന്നും അവർ പരാതിപ്പെടുന്നു.

കടപ്പാട്

Ref :- https://pib.gov.in/PressNoteDetails.a...
https://www.minorityaffairs.gov.in/Wr...
https://www.indiacode.nic.in/bitstrea...
https://prsindia.org/files/bills_acts...

*******

# സുഭാഷിതം

വിദ്വൽപ്രഭ. ജെ. എസ് – 9847537007

എളുപ്പവഴി കൂടുതൽ ദുരന്തത്തിന് വഴിതെളിക്കും അത് ഒരു കഥയിലൂടെ പ്രതിപാദിക്കാം.

ഒരു പക്ഷി കാട്ടിൽ മനോഹരമായി പാടുകയായിരുന്നു. ഒരു കൃഷിക്കാരൻ ഒരു പെട്ടി നിറയെ പുഴുക്കളുമായി വന്നു. പക്ഷി അന്വേഷിച്ചു. 'എന്താണ് ആ പെട്ടിയിൽ' അയാൾ പറഞ്ഞു 'കുറെ പുഴുക്കളാണ്' ഇവ ചന്തയിൽ കൊണ്ടുപോയി വിറ്റിട്ട് പകരം തൂവലുകൾ വാങ്ങണമെന്ന്' പക്ഷിയുടെ മനസ്സിൽ ഒരാശയം പൊട്ടിമുളച്ചു. വിനാശകാലേ വിപരീതബുദ്ധിയെന്നെ പറയേണ്ടു. പക്ഷി പറഞ്ഞു. എനിക്ക് ധാരാളം തൂവലുകൾ ഉണ്ട് ഞാൻ ഒരെണ്ണം പറിച്ചുതരാം പകരം പുഴുക്കൾ തന്നാൽ മതി കൃഷിക്കാരനും സമ്മതമായി ആ പ്രക്രിയ ദിവസങ്ങളോളം തുടർന്നു. അവസാനം ഒരു ദിവസം വന്നു എല്ലാ തൂവലുകളും കൊടുത്തു കഴിഞ്ഞു . കർഷകന് കൊടുക്കാൻ തൂവലുകളില്ല പകരം പുഴുക്കളുമില്ല. പറക്കാൻ തൂവലില്ലാത്ത പക്ഷിക്ക് ഇരതേടി പോകാനും വയ്യാതെയായി . ആഹാരമില്ലാതെ അവശനും വികൃതനുമായി ക്ഷീണിതനായ പക്ഷി പാടാതെയായി. എളുപ്പത്തിൽ കാര്യം നേടിയ പക്ഷി അവസാനം മരണത്തിലേക്ക് നീങ്ങി.

വിവേക ബുദ്ധിയുള്ള മനുഷ്യനും കുറുക്കുവഴിയിലൂടെ സഞ്ചരിച്ചാൽ ഈ അവസ്ഥ തന്നെയാണ് ഫലം. പ്രയ്നിച്ചു ജീവിക്കുക അല്ലെങ്കിൽ താൽകാലിക നേട്ടങ്ങൾ ദുഖത്തിലാഴ്ത്തും. പെട്ടന്ന് നേടുന്നവ പെട്ടന്ന് പൊലിഞ്ഞു പോകും നിരാശയാൽ ജീവിതം ദുസ്സഹമാകും.

സ്വാർത്ഥത മറ്റൊരു കാൻസർ. ഇത് മനുഷ്യനിൽ നിന്നും സമൂഹത്തിലേക്ക് പടരും. അത്യാർത്തിയിലേക്ക് നയിക്കുന്ന രോഗമാണ്. അത് മനുഷ്യബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടും. അന്ധനായി മറ്റുള്ളവരുടെ സുഖസൗകര്യങ്ങൾ കവർന്നെടുക്കാൻ നിർബന്ധിക്കും മനുഷത്വവും സഹാനുഭുതിയുമെല്ലാം തീണ്ടാപ്പാടകലെയാകും.

ആഗ്രഹമാകാം ദുരാഗ്രഹം ഹാനികരം. ഇന്നത്തെ സമൂഹത്തിൽ ദൈനംദിനം നാം കാണുകയും കേൾക്കുകയും ചെയ്യുന്ന അത്യാപത്തുകൾ ഇവയുടെ ഫലമാണ് .

തെറ്റ് കണ്ടാൽ തിരുത്താതിരിക്കുന്നത് അതിനെ അനുകൂലിക്കുന്നതിന് തുല്യമാണ്. പ്രശ്നം പരിഹരിക്കുന്നതിലൂടെയാണ് കൃത്യമായി ശരി ചെയ്യുന്നത്. അതിന് പല കടമ്പകൾ കടക്കേണ്ടിവരും. അത് ചെയ്യാതിരുന്നാൽ ആത്മവിശാസം നഷ്ടപ്പെടും കുറ്റബോധം ഉടലെടുക്കും സ്വയം പരിതപിക്കുന്നവർക്ക് നിഷ്ക്രിയരാകാനേ പറ്റു.

പ്രകൃതിനിയമം നമ്മുടെ പ്രവർത്തിയെ സ്വാധിനിക്കും അതിനനുസൃതമായി കർമ്മം ചെയ്താലേ ഫലമേകു . പ്രയ്നിക്കാതെ വിശ്വാസമർപ്പിച്ചിരിക്കുന്നത് കൊടും ചതിയാണ് പ്രകൃതി വിരുദ്ധമായ കാര്യങ്ങൾ ഒരിക്കലും ഫലവത്താകില്ലയെന്ന നഗ്നസത്യം മനസ്സിലാക്കണം. മാറ്റത്തിനുവേണ്ടി മാറ്റം വരുത്തുന്നത് ഉചിതമല്ല. വിപരീതഫലമാണ് വിതയ്ക്കുക. വിജയവും പരാജയവും പ്രകൃതി നിയമമാണ്. ഭാഗ്യനിർഭാഗ്യ പരീക്ഷണമല്ല പ്രവർത്തിയും വിജയവും ആപേക്ഷികമാണെന്നത് മനസ്സിലാക്കണം.

നമ്മുടെ ലക്ഷ്യപ്രാപ്തിയിലേക്കുള്ള വഴിയിൽ ഉറച്ച തീരുമാനത്തോടെ മുമ്പോട്ടു പോകുകയാണാദ്യം വേണ്ടത്. മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണം ധാരാളം വിത്തുവിതയ്ക്കുന്നവനേ ധാരാളം കൊയ്യാൻ കഴിയു. നിർലോഭം ശ്രമം തുടരണം. ഏത് പ്രതിബന്ധങ്ങളെയും തരണം ചെയ്യുമെന്ന ദൃഢപ്രതിജ്ഞ എടുക്കണം.

മനുഷ്യ മനസ്സിനെ പ്രാചീനമതാചാര്യർ ഒരു പൂന്തോട്ടത്തോടാണ് ഉപമിക്കുന്നത്. ആ തോട്ടത്തിൽ നല്ല ചെടികളുടെ വിത്തിട്ട് നല്ല ചെടികൾ പൊട്ടിമുളച്ചാൽ നല്ല പൂക്കൾ വിരിയും. ഒരു വിത്തും പാകത്തിരുന്നാൽ കുറെ അഴുക്കുചെടികളായിരിക്കും അവിടെ വളരുക. നല്ല ചിന്തകളും ആശയങ്ങളും മനസ്സിൽ നിറച്ചാൽ നല്ല പ്രവർത്തികൾ ചെയ്യാൻ പ്രചോദനം ലഭിക്കുമെന്ന് സാരം.

എല്ലാവരും വിജയം ആഗ്രഹിക്കും അതിനായി തയാറെടുക്കുന്നവർ വിരളമാണ്. മാനസികവും ശാരീരികവുമായി തയാറെടുക്കുന്ന ഒരു വ്യക്തിക്ക് ത്യാഗവും ആത്മനിയന്ത്രണവും കൂടിയേ തീരു. ഈ രണ്ടു ഗുണങ്ങൾ ഒത്തുച്ചേർന്നാൽ പിൻതിരിപ്പൻ ശക്തികളെ ഭയക്കേണ്ടതില്ല.

*******

# ബുദ്ധിയിൽ നിന്നും നിർമ്മിത ബുദ്ധിയിലേയ്ക്ക്... (3)

സി. രാമചന്ദ്രൻ - 9995820684

**ഉപകരണങ്ങൾ: ഭൗതികവും ബൗദ്ധികവും**

'മനുഷ്യൻ' എത്ര മനോഹര പദം എന്ന് മാക്സിം ഗോർക്കി വിസ്മയിച്ചിട്ടുണ്ട്. പരിമിതമായ ശാരീരിക ശക്തി മാത്രമുള്ള മനുഷ്യൻ മറ്റുപല ജന്തുക്കളുമായി താരതമ്യപ്പെടുത്തുമ്പോൾ നിസ്സഹായനാണ്. പറക്കാൻ ചിറകുകളില്ല, കൂർത്ത നഖങ്ങളോ, കൂർത്ത പല്ലുകളോ ഇല്ല, തീഷ്ണമായ കാഴ്ചയില്ല , ഘ്രാണ ശക്തി കുറവ്- ഇതെല്ലാമായിട്ടും മനുഷ്യൻ ജൈവ പ്രകൃതിയെ നിയന്ത്രിക്കുന്നു, ഭൗതിക ശക്തികളെ ഔചിത്യപൂർവ്വം മെരുക്കുകയോ , സ്വയം മെരുങ്ങുകയോ ചെയ്യുന്നു. പരിണാമപരമായി മനുഷ്യന്റെ തലയോട്ടിക്കുള്ളിൽ വികസിച്ചുവന്ന മസ്തിഷ്കം എന്ന മഹാത്ഭുതത്തിന്റെ കൗശലപൂർണ്ണമായ പ്രവർത്തനഫലമായിട്ടാണിതെല്ലാം സാധ്യമാകുന്നത്. ചിറകില്ലാതെ ആകാശത്ത് പറക്കാനും, ആഴക്കടലിൽ ഊളിയിടുവാനും മനുഷ്യനെ പ്രാപ്തമാക്കിയത് ഒന്നര കിലോഗ്രാമിൽ താഴെ മാത്രം തൂക്കമുള്ള മസ്തിഷ്കങ്ങളുടെ കൂട്ടായ പ്രവർത്തന ഫലമാണ്.

കോടാനുകോടി വർഷങ്ങളിലൂടെ കടന്നുവന്ന പരിണാമപ്രക്രിയയ്ക്കവസാനമുണ്ടായ അത്ഭുത വസ്തുവാണ് ചോറുരുളപോലെ മൃദുവായ തലച്ചോറ്. കണ്ടതോ, കേട്ടതോ, അനുഭവിച്ചതോ അല്ലാത്ത ഒരു ഭൂതകാലത്തെ, ഒരു ഫോറൻസിക് വിദഗ്ധനെപ്പോലെ അല്ലങ്കിൽ ഡിക്റ്ററ്റീവിനെപ്പോലെ, തെളിവുകളിലൂടെ ചികഞ്ഞെടുക്കുന്ന ദൗത്യവും മനുഷ്യ മസ്തിഷ്കത്തിന്റെതാണ്. അരലക്ഷം വർഷങ്ങളുടെ മാത്രം വികാസചരിത്രമുള്ള ആധുനിക മനുഷ്യ മസ്തിഷ്കം അന്വേഷിക്കുന്നത് 1380 കോടി വർഷങ്ങളുടെ ദീർഘകാല ചരിത്രമുള്ള പ്രപഞ്ച വികാസത്തിന്റെതാണ്.

ചരിത്രാതീതകാലത്തെ അൻപതുലക്ഷം വർഷം മാത്രം പഴക്കമുള്ള ഇരുകാലികളുടെ പരിണാമചരിത്രം ചികഞ്ഞെടുക്കുക എന്നതു പോലും ദുർഘടമായ ദൗത്യമാണ്. മനുഷ്യ ചരിത്രം അടരുകളായി മണ്ണിൽ പുതഞ്ഞു കിടക്കുകയാണ്. ഓരോ അടരുകളിലുമുള്ള അസ്ഥികൂടങ്ങൾ, ഫോസിലുകൾ, പ്രാചീന ആയുധങ്ങൾ , മൺപാത്രങ്ങൾ , ഗുഹാചിത്രങ്ങൾ , പ്രതിമകൾ തുടങ്ങിയവ കണ്ടെത്തി, അവയുടെ കാലഗണനനടത്തി വിശകലനം ചെയ്ത് നിഗമനങ്ങളിലെത്തുക എന്നതാണ് ശാസ്ത്രീയ മാർഗ്ഗം. ഫോസിലുകളാണ് ഏറ്റവും പ്രധാനവും വിശിഷ്ടവുമായ പഠനവസ്തു.

എല്ലാത്തരം മണ്ണിലും ഫോസിലുകൾ ഉണ്ടാകുകയില്ല . ക്ഷാരഗുണമുള്ള മണ്ണുള്ള പ്രദേശത്താണ് ഫോസിലുകൾ രൂപപ്പെടുക . ചുണ്ണാമ്പുകല്ലുഗുഹകൾ ഫലപ്രദമായ ഒരു വിഭവമാണ്. അമ്ല ഗുണമുള്ള മണ്ണാണെങ്കിൽ ജൈവ വസ്തുക്കൾ ദ്രവിച്ചു പോകും. അതുകൊണ്ട് ഇന്ത്യയിൽ അത്തരം ഫോസിലുകൾ വിരളമാണ്. ഫോസിലുകളുടെ പഴക്കം അറിയുക എന്നത് പ്രധാനമാണ്. ആധുനിക ശാസ്ത്രത്തിൽ അതിന് ഫലപ്രദമായ പല ഉപായങ്ങളുമുണ്ട് . ഏറ്റവും പഴക്കമേറിയത് ഏറ്റവും അടിയിൽ എന്ന ക്രമത്തിലായിരിക്കും വസ്തുക്കളുടെ മണ്ണിലെ കിടപ്പ്. ഈ കിടപ്പ് കാലഗണനയ്ക്കു സഹായകവുമാണ്. പുരാതനനരവംശ ശാസ്ത്രം, മധ്യകാല നരവംശ ശാസ്ത്രം, ആധുനിക നരവംശ ശാസ്ത്രം എന്ന് വിഭജിച്ച് സൂഷ്മമായ പരിശോധന ഓരോ കാലഘട്ടത്തിലേതിനും സാധ്യമാണ്. പുരാവസ്തു ശാസ്ത്രവും അനുബന്ധമായി സഹായകമാകും . ചരിത്രം ഉരുത്തിരിഞ്ഞു വരുന്നത് അത്ഭുതകരമായ ഒരു കാഴ്ചയാണ്.

കാലഗണനയ്ക്കായി ശാസ്ത്രം പ്രയോഗിക്കുന്ന ഒരു പ്രധാന മാർഗ്ഗം റേഡിയോ മെട്രിക് രീതിയാണ്. വിവിധ അടരുകളുടെ കാലനി

ർണ്ണയം ഇതിലൂടെ സാധ്യമാണ്. പൊട്ടാസ്യം-ആർഗോൺ കാലഗണനാരീതി ഇതിൽ പ്രധാനമാണ്. അധികം സാങ്കേതികതയിലേക്ക് കടക്കുന്നില്ല. റേഡിയോ ആക്ടീവ് പൊട്ടാസ്യം ആർഗോണായി മാറുന്നതിനെടുക്കുന്ന കാലം കണക്കാക്കലാണ് ഇതെന്ന് ഏകദേശം മനസ്സിലാക്കുക . ഒരു കിലോ പൊട്ടാസ്യം അരകിലോ ആയി മാറുവാൻ 130 കോടി വർഷമെടുക്കും. എത്ര ശതമാനം പൊട്ടാസ്യം അവശേഷിക്കുന്നു എന്ന് നോക്കി കാലഗണന നടത്തും. ഫോസിലുകളുടെയും ശിലകളുടെയും കാലപ്പഴക്കം കണക്കാക്കാൻ ഇത് സഹായകമാണ്.

പല്ലുകളുടെയും, എല്ലുകളുടെയും കാലപ്പഴക്കം നിർണ്ണയിക്കുവാനും പദ്ധതിയുണ്ട്. എല്ലുകളിലുള്ള ഫ്ളൂറിനും, യുറേനിയവും അളവിൽ കുറയുകയും നൈട്രജന്റെ അളവു കൂടി വരുകയും ചെയ്യുമെന്നതിനാൽ അത് കാലപ്പഴക്കത്തിന് ആനുപാതികമായിട്ടായിരിക്കും . ഈ മൂലകങ്ങളുടെ  അളവ് താരതമ്യം ചെയ്യുന്നതിലൂടെ കാലഗണന നിർണ്ണയിക്കാം.

കാർബൺ 14, കാർബൺ 12 എന്നി സമസ്ഥാനീയ മൂലകങ്ങൾ ശരീരത്തിലുണ്ട് കാർബൺ14 സ്ഥിരതയുള്ളതല്ല. അത് കാർബൺ12 ആയി മാറിക്കൊണ്ടിരിക്കും. ജീവിച്ചിരിക്കുന്ന ശരീരത്തിൽ ഇത് തുല്യമായിരിക്കും. കാർബൺ14, 12 ആയി മാറുന്നതിന് ഒരു നിരക്കുണ്ട്. 6000 വർഷംകൊണ്ട് കാർബൺ 14 ന്റെ പകുതി അളവ് കുറയും. അത്രയും ഭാരം കാർബൺ 12 ന് കൂടുകയും ചെയ്യും.  40000 വർഷം വരെ പുറകിലേക്കുള്ള പ്രായം ഇതിലൂടെ കണക്കാക്കാം.

തടിയുടെ വാർഷിക വലയങ്ങൾ നോക്കി മരത്തിന്റെ പ്രായം നിർണ്ണയിക്കുന്ന രീതി സ്കൂൾ കുട്ടികൾക്കുപോലുമറിയാം. പൂമ്പൊടിയുടെ പ്രായം കണക്കാക്കാൻ സ്വീകരിച്ചിട്ടുള്ള 'പോളൻ അനാലിസസ്' പ്രായഗണനയ്ക്ക് വലിയ സഹായം ചെയ്യുന്നുണ്ട്. പ്രാകൃത മനുഷ്യൻ ശവത്തോടൊപ്പം പൂക്കൾ  അടക്കം ചെയ്ത അവസ്ഥകളുണ്ട്. പൂമ്പൊടി വിശകലനം ചെയ്ത് എത്ര കാലം മുൻപുള്ള ശവശരീരമാണ് അതെന്ന് കണക്കാക്കാവുന്നതാണ് . അതുപോലെ തന്നെ പ്രാചീന കാലത്തെ കൃഷിരീതികളും , കൃഷിസസ്യങ്ങളും ഈ രീതിയിൽ പഠനവിധയമാകുന്നുണ്ട് .

മൺപാത്രങ്ങളുടെ കാലനിർണ്ണയത്തിന് തെർമോലൂമിനിസെൻസ് (TL) എന്ന ഒരു സാങ്കേതിക വിദ്യയുണ്ട്. ഭൂമിക്കടിയിൽ നിന്ന് ലഭിക്കുന്ന ഒരു മൺപാത്രം വെളിച്ചം തട്ടാനനുവദിക്കാതെ ലബോറട്ടറിയിലേക്ക് കൊണ്ടുപോകും. ഇരുട്ടുമുറിയിൽ നേരിയ പ്രകാശം അതിൽ പതിപ്പിക്കും . മൺപാത്രത്തിൽ അടങ്ങിയിട്ടുള്ള ക്വാർട്ട്സ്ക്രിസ്റ്റലിലെ ഇലക്ട്രോണുകൾ ഉത്തേജിതമായി അത് പ്രകാശം പ്രസരിപ്പിക്കും. അതിന്റെ തീവ്രതയളന്ന് ക്രിസ്റ്റലിന്റെയും അതിലൂടെ പാത്രങ്ങളുടെയും പ്രായം കണക്കാക്കാം . മൺപാത്ര നിർമ്മാണം എന്ന് തുടങ്ങിയെന്നും മറ്റും കണക്കാക്കുന്നത് അങ്ങനെയാണ്.

പരിണാമവും ചരിത്രവും പഠനവിഷയമാക്കുമ്പോൾ വിശകലനത്തിന് ശാസ്ത്രം സ്വീകരിക്കുന്ന ചില പദ്ധതികളാണ് ഉദാഹരണമായി നൽകിയത്. സങ്കീർണ്ണമായ പദ്ധതികൾ അനവധി ഇനിയുമുണ്ട് . നമ്മെ സംബന്ധിച്ച് ഒരു ഏകദേശ ധാരണ മതി.

പണിയായുധ നിർമ്മാണത്തിന്റെ പ്രത്യേകിച്ച് മുറിക്കാനുള്ള ഉപകരണങ്ങളുടെ വികാസത്തിനനുസരിച്ചാണ് മനുഷ്യന്റെ മസ്തിഷ്കവും പടിപടിയായി പ്രാപ്തി വർദ്ധിപ്പിച്ചത്. മനുഷ്യ സംസ്കാരങ്ങളെ വേർതിരിച്ചിട്ടുള്ളതും ഇതിനെ അടിസ്ഥാനമാക്കിയാണ്. പുരാതന ശിലായുഗം, നവീന ശിലായുഗം, വെങ്കലയുഗം, ഇരുമ്പുയുഗം എന്നിങ്ങനെ പ്രാചീന സംസ്കാരങ്ങളെ വേർതിരിച്ചിട്ടുള്ളതുപോലെ  ആധുനിക ജീവിതത്തെയും അപ്രകാരം വിഭജിച്ചിട്ടുണ്ട് .

പുരാതന ശിലായുഗം 12000 വർഷങ്ങൾക്ക് മുമ്പ് അവസാനിക്കുകയും നവീന ശിലായുഗം 8000 വർഷങ്ങൾക്ക് മുമ്പ് ആരംഭിക്കുകയും ചെയ്യുന്നതിനിടയിലുള്ള നാലായിരം വർഷങ്ങൾ നീളുന്ന മധ്യശിലായുഗത്തിലാണ് കൃഷി കണ്ടുപിടിക്കുന്നതും വികസിപ്പിക്കുന്നതും .

കൃഷിക്ക് അരിവാൾ ആദ്യമായി ഉപയോഗിച്ചത് പാലസ്തീൻകാരാണ്. അന്ന് യഹൂദ മതമോ, ക്രിസ്തു മതമോ ഇസ്ലാമോ ഒന്നും ആവിർഭവിച്ചിട്ടില്ല എന്ന് ഓർമ്മിക്കുമല്ലോ.

ഭാഷ വിപ്ലവത്തിന് ശേഷം മനുഷ്യ സമൂഹത്തിലുണ്ടായ പരിവർത്തനം കാർഷിക വിപ്ലവത്തിലൂടെയായിരുന്നു. രണ്ടു കൈകൾ സ്വതന്ത്രമായതിനു ശേഷം, തീയുടെ കണ്ടുപിടുത്തത്തിന് ശേഷം, ഭാഷ രൂപപ്പെട്ടതിനു ശേഷം നാലാമതുണ്ടായ വൈജ്ഞാനിക വിപ്ലവമാണ് കൃഷിയുടെ കണ്ടുപിടുത്തം. ജീവിതശൈലിയെ അത് അടിമുടി പരിഷ്കരിച്ചു. ഉണ്ടായ ഉപകാരണങ്ങൾക്കു കണക്കില്ല. കൈക്കോട്ട്, കോടാലി, കല്ലുളി, പാര, വഞ്ചി , വണ്ടി എന്നിങ്ങനെ അതിന്റെ പട്ടിക നീണ്ടുപോകും. ചരിത്രത്തിന് പുതിയൊരു അടിത്തറ രൂപപ്പെടുകയായിരുന്നു. ഭാഷ, ഭരണം, മതം, കല, കളി, പണം തുടങ്ങിയ ബൗദ്ധിക ഉപകരണങ്ങളും അതോടൊപ്പം ആവിർഭവിച്ചു വികസിച്ചു. മനുഷ്യന്റെ യുക്തിപൂർവ്വമായ ആദ്യകാല സൃഷ്ടികളിൽ ഒന്ന് ദൈവം തന്നെയായിരുന്നു. സാമൂഹ്യ ജീവിതത്തിന് ആവശ്യമായിരുന്ന ദൃഢത കൈവരിക്കുവാൻ 'ദൈവം' മനുഷ്യനെ സഹായിച്ചു. അടുത്ത വൈജ്ഞാനിക വിപ്ലവമായ ജ്ഞനോ ദയവും നവോത്ഥാനവും വരെ അതതു സംസ്കാരങ്ങൾ സൃഷ്ടിച്ച വൈവിധ്യമാർന്ന ദൈവങ്ങൾക്കുതന്നെയായിരുന്നു ബൗദ്ധികമായ ആധിപത്യം.


(തുടരും.....)

# നാരായണീയ ദിനാഘോഷം

2024 ഡിസംബർ 13-ാം തീയതി (വൃശ്ചികം-28) നാരായണീയ ദിനത്തിൽ എറണാകുളം ടി.ഡി. എം ഹാളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 3 മണി വരെ സമ്പൂർന്ന നാരായണീയ പാരായണം നടത്തുന്നു.

**എല്ലാ ഭക്തജനങ്ങളേയും സാദരം സ്വാഗതം ചെയ്യുന്നു.**

**ജനറൽ സെക്രട്ടറി**




**എറണാകുളം കരയോഗത്തിന്റെ 2025-ലെ കലണ്ടർ ഡിസംബർ 25 മുതൽ കരയോഗം ഓഫിസിൽ നിന്നും അംഗങ്ങൾക്ക് ലഭിക്കുന്നതാണ്.**

ജീവിതാനുഭവങ്ങൾ

# ചതുരംഗ വീഥി

ഹരിഹരനന്ദനൻ : 99625 83139

**മനശ്ശാസ്ത്ര സമീപനം**

ചെസ്സിൽ മനശ്ശാസ്ത്രപരമായ ഒരു ചിന്താ പദ്ധതി ഉണ്ടെന്നത് എനിക്ക് വലിയൊരു തിരിച്ചറിവായിരുന്നു. എഴുപതുകളിൽ കോർച്ച്നോയി-കാർപോവ് മത്സരത്തിനിടയിൽ ഒരു വലിയ വിവാദം സദസ്സിനിടയിൽ ഇരുന്നിരുന്ന ഒരു പാരാസൈക്കോളജിസ്റ്റായ വ്ലാഡിമിർ സുഖാർ ആയിരുന്നു. അതായിരുന്നു ദിനപ്പത്രങ്ങൾ കളിയേക്കാൾ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തിരുന്നതും. വളരെ രസകരമായ ആ വിവാദം സോവിയറ്റ് യൂണിയന്റെ ഈ ഒരു യുദ്ധ തന്ത്രത്തിന്റെ മുറകളാണെന്നും ഞാൻ വായിച്ചു മനസ്സിലാക്കിയിരുന്നു. പക്ഷെ അത് പ്രധാനമായും കോർച്ച്നോയിയുടെ മാനസിക വിഭ്രാന്തിയായാണ് അന്നെനിക്ക് തോന്നിയത്. ഒരു പക്ഷെ കോളേജിൽ പഠിച്ചിരുന്ന എനിക്ക് ആ സമ്പ്രദായം പരിചയമില്ലാത്തതിനാലാവണം അന്നങ്ങിനെ തോന്നിയത്.

പക്ഷെ ഉയർന്ന തലത്തിലുള്ള കളികളിൽ മനശ്ശാസ്ത്രം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണെന്നത് നമുക്ക് മനസ്സിലാക്കിതന്നത് സോവിയറ്റ് യൂണിയനാണ്. ഇങ്ങിനെ ഒരു സൈക്കോളജിസ്റ്റ് ആനന്ദിന്റെ ആദ്യ ക്യാൻഡിഡേറ്റ്സ് (ലോക ചാമ്പ്യൻഷിപ്പിന്റെ രണ്ടാം പടി) മത്സരം 1991-ൽ ചെന്നൈയിൽ നടന്നപ്പോൾ അദ്ദേഹത്തിന്റെ എതിരാളിയായ അലക്സി ഡ്രീവിന്റെ ടീമിലും ഉണ്ടായിരുന്നു. ഇന്ത്യൻ എക്സ്പ്രസ്സിനു വേണ്ടി കൊച്ചിയിൽ നിന്നും അന്നത്തെ മദിരാശിയിൽ പോയി റിപ്പോർട്ട് ചെയ്ത എനിക്ക് ആദ്യത്തെ ഒന്ന് രണ്ടു ദിവസം ഇയാളായിരുന്നു വാർത്തകളിലെ ഇര. അയാൾ എവിടെ ഇരിക്കുന്നു, എന്തെല്ലാം ചെയ്യുന്നു എന്നെല്ലാം നോക്കി വളരെ ഗൗരവത്തോടെ റിപ്പോർട്ട് അടിച്ചു കൊടുത്ത എനിക്ക് അന്ന് ഒരു സി ഐ ഡി യുടെ മനോഭാവമാണുണ്ടായിരുന്നത് എന്നത് ഒരു രസകരമായ അനുഭവമായിരുന്നു. അന്ന് ആ മത്സരം പാട്ടും പാടി ജയിച്ച ആനന്ദിന് പക്ഷെ മനശ്ശാസ്ത്രം വാസ്തവത്തിൽ ഒരു പ്രധാനമായ വിഷയമാണ് എന്ന് മനസ്സിലാക്കി കൊടുത്ത അനുഭവങ്ങൾ വരാനിരിക്കുന്നതെ ഉണ്ടായിരുന്നുള്ളു.

അതായത് വാസനാശുദ്ധിയോടെ ഒരു അമച്വറിന്റെ രീതിയിൽ ഒരു കലയിൽ കഴിഞ്ഞു കൂടുന്നവനും തൊഴിൽ പരമായി അഥവാ പ്രൊഫഷണലും തമ്മിലുള്ള വ്യത്യാസം ഓരോ രംഗത്തും പ്രകടമാവുന്നതാണ്. അത് കലയിലായാലും സാഹിത്യത്തിലായാലും കായികരംഗത്തായാലും അങ്ങിനെതന്നെ. വിനോദത്തിനു വേണ്ടി നാം കളിക്കുന്ന ചെസ്സിൽ ഒരു ഉദ്ദേശമേ ഉള്ളു. നല്ല നീക്കങ്ങൾ നടത്തുക മനസ്സിന് തൃപ്തികരമായ ഓർമ്മിക്കാവുന്ന അനുഭവങ്ങൾ ഉണ്ടാവുക; അത് തന്റെ തന്നെയായാലും പ്രതിയോഗിയുടെയായാലും ആസ്വദിക്കുക എന്നത് ആരോഗ്യകരമായ ഒരു പ്രവണതയാണ്. വാസ്തവത്തിൽ പ്രതിയോഗി എന്ന വാക്കു തന്നെ ഈ സമ്പ്രദായത്തിൽ ശരിയല്ല. പങ്കാളി എന്നതാണ് കൂടുതൽ യോജ്യം.

എന്നാൽ തൊഴിൽ ആവുന്ന ചെസ്സിനു അല്ലെങ്കിൽ കലയ്ക്ക് ലാഭം പ്രധാനമാണ്. ഇതിനു അപവാദങ്ങളില്ലെന്നല്ല; കാരണം അരവിന്ദനും ഗോപാലകൃഷ്ണനും തകഴിയും നമ്മുടെ ആദ്യകാല രാഷ്ട്രീയ നേതാക്കളും മറ്റു പലരും ഈ വിഭാഗത്തിൽ പെടുന്നവരാണ്. കായിക രംഗത്തും ചെസ്സിലും തൊഴിൽ രംഗത്തുള്ളവർ ജയിക്കുക എന്ന ആദ്യന്ത ലക്ഷ്യം ലാക്കാക്കിയാണ് പ്രവർത്തിക്കുന്നത്. അപ്പോൾ അവിടെ വിവിധ രീതികളിലുള്ള പരിശീലനങ്ങൾ കടന്നു വരു

ന്നു എന്നതും സ്വാഭാവികമാണ്. അതിന്റെ ഫലമായാണ് ചെസ്സിൽ പുതിയ രീതികൾ വന്നതും മനശ്ശാസ്ത്രം ഒരു പ്രധാന ഘടകക മായി തീർന്നതും.

ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറു കളിൽ ആനന്ദ് ഒരേ രീതിയിൽ മാത്രം കളി ക്കുന്നയാളായിരുന്നു. അതായത് തന്റെ മാത്രം ശൈലിയിൽ. എതിരാളി ആരായാലും ഒരേ തുടക്കം (ഓപ്പണിങ്ങ്), തന്റെ വാസനക്കനുസൃ തമായ പൊസിഷനുകൾ തേടിപ്പിടിക്കുക തു ടങ്ങിയ പരമ്പരാഗതമായ സമ്പ്രദായം. അത് കൊണ്ടുതന്നെയാണ് എതിരാളികൾക്ക് അദ്ദേഹ ത്തിനെതിരായി എളുപ്പം തയ്യാറെടുക്കുവാൻ കഴി ഞ്ഞത്. എതിരാളിയെ മുൻകണ്ടു അയാൾക്ക് വേണ്ടി അയാളുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസൃ തമായ രീതികൾ അറിഞ്ഞു പ്രവർത്തിക്കുക എന്ന സമ്പ്രദായം.

മനശ്ശാസ്ത്രം വലിയ രീതിയിൽ ആനന്ദിനെ വലച്ചത് ഇന്ത്യയിൽ തന്നെ സാന്ഘിനഗ റിൽ തൊണ്ണൂറ്റിമൂന്നിലെ ഗതകാംസ്ക്കിയുമാ യുള്ള ക്യാൻഡിഡേറ്റ്സ് പോരാട്ടത്തിലാണ്. ഒരു വിശ്രമ ദിനത്തിന് മുൻപ് മൂന്നു കളി കൾ ബാക്കി നിൽക്കെ രണ്ടു പോയിന്റ് ലീ ഡ് കിട്ടിയ ആനന്ദ് സംഘാടകനായ സാന ഘി വിശ്രമ ദിവസത്തിൽ നടത്തിയ ഒരു പ്ര ത്യേക അത്താഴ വിരുന്നിൽ മണിക്കൂറുകളോ ളം ചിലവഴിക്കുകയും ആ മത്സരം യാഥാർ ത്ഥമായും അവസാനിച്ചു എന്ന് കരുതുകയും ചെയ്തു. വാസ്തവത്തിൽ സാംഘിയാണ് അങ്ങിനെ കരുതിയത് എന്ന് ഞാനടക്കമുള്ള മാധ്യമ പ്രവർത്തരും വിശ്വസിച്ചിരുന്നു എന്ന് ആ വിശ്രമ ദിവസത്തിൽ നടന്ന പിന്നാമ്പുറ വിശേഷങ്ങളിൽ നിന്നും വ്യക്തമാണ്. കാ രണം അന്ന് നടന്ന ലോക ഫെഡറേഷന്റെ എ ജി എം മീറ്റിംഗിൽ അടുത്ത സ്റ്റേജ് മത്സരങ്ങളും സാംഘി ഏറ്റെടുത്തു. ആനന്ദ് ഉണ്ടാവുമെന്ന അടിയുറച്ച വിശ്വാസത്തിൽ. ആ വിരുന്നിൽ പങ്കെടുക്കാതെ കാമ്സ്കി തന്റെ മുറിയിലിരുന്ന് അടുത്ത മൂന്നു കളികൾക്കാ യി പരിശീലിക്കുകയായിരുന്നു. അദ്ദേഹം അടു ത്ത രണ്ടു കളികൾ ജയിക്കുകയും പിന്നെ ഒരു സമനിലയിലൂടെ മൽസരം ടൈബ്രേക്ക റിലേക്കു കൊണ്ട് പോവുകയും ചെയ്തു. ടൈ ബ്രേക്കറിൽ ആനന്ദിനെ നിലം പരിശാക്കി ആ റഷ്യക്കാരൻ മുന്നോട്ടു പോവുകയും ചെയ്തു. അന്ന് ആനന്ദ് പഠിച്ച പാഠം ഒരു മത്സരവും അത് പൂർണമായി അവസാനിക്കുന്നത് വരെ തീർത്തും തീരുന്നില്ല എന്നതാണ്. സാംഘിക്ക് വലിയൊരു തുക മുടക്കി ആനന്ദ് ഇല്ലാതെ അടുത്ത മത്സരങ്ങൾ നടത്തേണ്ടിയും വന്നു. അന്ന് പഠിച്ച പാഠങ്ങൾ അടുത്ത വർഷം കാ മ്സ്കിയുമായുള്ള ലാസ് പാൽമാസിലെ ഒരു പ്രധാന മത്സരത്തിൽ ആനന്ദിന് പ്രയോജനപ്ര ദമായിരുന്നു. ഞങ്ങൾ മാധ്യമങ്ങളെ രണ്ടാഴ്ച കാണാതെ അവസാന ദിവസം മത്സരം ജയി ച്ചതിനു ശേഷം മാത്രം കണ്ടു ആനന്ദ് അത് വിശദീകരിക്കുകയും ചെയ്തു.

1995-ലെ ലോക ചാമ്പ്യൻഷിപ്പിലെ ഗാരി കാ സ്പറോവുമായുള്ള എറ്റുമുട്ടൽ അദ്ദേഹത്തിനൊ രു വലിയ തിരിച്ചറിവായിരുന്നു. ന്യൂയോർക്കി ലെ വേൾഡ് ട്രേഡ് സെൻടറിയിലെ 108-ാം നിലയിലെ എ മത്സരത്തിൽ തന്റെ റഷ്യൻ പ്രതിയോഗിയെ ഞെട്ടിച്ചു കൊണ്ട് ആദ്യ ലീ ഡ് എടുത്ത ആനന്ദ് പിന്നെ കാസ്പറോവിന്റെ മനശാസ്ത്ര യുദ്ധത്തിന് മുൻപിൽ കീഴടങ്ങു കയായിരുന്നു. പൊതുവേ സാധു പ്രകൃത ക്കാരനായിരുന്ന ആനന്ദ് കാസ്പറോവിന്റെ സ്റ്റേജ് സൂത്രങ്ങളിൽ ഉലഞ്ഞ് അടുത്ത രണ്ടു മൂന്നു കളികൾ തോൽക്കുകയായിരുന്നു. പ്രധാനമായും ക്ലോക്കിൽ ആഞ്ഞടിക്കുക സ് റ്റേജിൽ ഷൂ അമർത്തി ചവിട്ടി പുറത്തേക്കും അകത്തേക്കും വരിക തുടങ്ങിയ ഗിമ്മിക്കുകൾ. അന്നവിടെ സന്നിഹിതനായിരുന്നത് കൊണ്ട് ആ സൂത്രങ്ങൾ ആനന്ദിനെ എന്തു മാത്രം വിഷമിപ്പിച്ചു എന്നതും എനിക്ക് ഒരു പു തിയ അനുഭവമായിരുന്നു. വാസ്തവത്തിൽ ഒരു മനശ്ശാസ്ത്ര വിദഗ്ധനെ തന്റെ ടീമിൽ ഉൾപ്പെടുത്തിയതായി ആനന്ദ് രേഖപ്പെടുത്തിയി

ട്ടില്ല. എതിരാളികൾക്കനുസരിച് അദ്ദേഹം തന്റെ യുദ്ധ മുറകൾ മാറ്റിക്കൊണ്ടിരുന്നു എന്ന് മാത്രം. അതും ഒരു കണക്കിന് മനസ്സാസ്ത്രത്തിന്റെ ഒരു വകഭേദമാണ് എന്ന് പറയാം. മുതിർന്ന പ്രായത്തിൽ മാത്രം പക്വത കൈവന്ന ഒരു കളിക്കാരനാണ് ആനന്ദ്. അത് കൊണ്ട് തന്നെ അദ്ദേഹം ലോക ചാമ്പ്യൻ ആവുന്നത് 31 -ാം വയസ്സിലാണ്. പിന്നീട് പതിനാലു വർഷത്തോളം അതെ രീതിയിൽ കളിച്ചു എന്നത് അദ്ദേഹത്തിന്റെ നിഷ്ഠയുടെ പ്രതിഫലനമാണ്.

ഈ മനശ്ശാസ്ത്ര വിദഗ്ധൻ ഒരു ശക്തനായ ചെസ്സ് കളിക്കാരനാവണമെന്നത് നിർബന്ധമില്ല. എന്നാൽ പഴയ റഷ്യൻ സമ്പ്രദായത്തിൽ അവർ ആ മേഖല മാത്രം നോക്കിയിരുന്ന വിദഗ്ധനായിരുന്നു. എന്നാൽ ഇന്ന് യുവതലമുറ ശ്രദ്ധിക്കുന്നത് ഇത്തരമൊരു സമ്പ്രദായത്തിൽ ഒരു ചെസ്സ് കളിക്കാരൻ തന്നെയാണെങ്കിൽ കൂടുതൽ പ്രയോജനപ്രദമാവുമെന്നതാണ്. പ്രഗ്നാനന്ദയുടെ കാര്യം തന്നെയെടുക്കാം. ഇപ്പോൾ പതിനെട്ടു വയസ്സുള്ള പ്രഗ്നാനന്ദയുടെ പരിണാമം സംഭവിക്കുന്നത് മൂന്നു വർഷം മുൻപാണ്. അന്ന് ഒന്നാം ലോക നമ്പർ കളിക്കാരനായ മാഗ്നസ് കാൽസനെ തോൽപ്പിച്ചു ആ കൂട്ടി ലോക ശ്രദ്ധ പിടിച്ചു പറ്റി. പിന്നെയങ്ങോട്ട് അവന്റെ കുതിപ്പായിരുന്നു. ചെന്നൈയിലെ തന്നെ തന്റെ ആദ്യകാല ഗുരുവായ രമേഷിനോടോപ്പവും അയാൾ ഇതുവരെ എത്തി. ഇനിയങ്ങോട്ട് ശക്തനായ പരിശീലകൻ വേണമെന്ന നില വന്നപ്പോളും അതിന്റെ സൂചകമായി ഈ വർഷം പീറ്റർ സവിഡ്ലറെ തന്റെ മുഖ്യ പരിശീലകനായി കണ്ടെത്തിയപ്പോളും അയാൾ രമേശിനെ ഉപേക്ഷിച്ചില്ല. തന്റെ മനശ്ശാസ്ത്രം അത്ര കണ്ടു ഹൃദിസ്ഥമായ ഒരു വ്യക്തിയാണ് രമേശ് എന്ന് മനസ്സിലാക്കിയ പ്രഗ്ന ഇപ്പോളും ചെസ്സിന്റെ മുകളിൽ ആവശ്യമായ ഉപദേശങ്ങളും അഭിപ്രായങ്ങളും തേടുന്നത് തന്റെ ആദ്യ ഗുരുവിൽ നിന്നാണ് എന്നത് അദ്ദേഹം മറച്ചു വയ്ക്കുന്നില്ല. ഇത്തരം കാര്യങ്ങൾ വ്യക്തിപരമായ തീരുമാനങ്ങളാണ്; അവക്ക് ഒരു ചട്ടക്കൂട്ടിന്റെ ഉള്ളിൽ നിന്ന് ഒരു ടെസ്റ്റ് ബുക്ക് പരിവേഷം കൊടുക്കാനാവില്ല. എല്ലാവരുടെ മനസ്സും ഒരേ ചിന്താഗതിയിലാവില്ലല്ലോ.

പ്രഗ്നയ്ക്കു അവന്റെ അമ്മ എപ്പോളും താങ്ങായി കൂടെയുണ്ടാവണം. അതും അവന്റെ മനസ്സുമായി ബന്ധപ്പെട്ട ഒരു വിശേഷമാണ്. ഒരു കുട്ടിയുടെ വളർച്ചയുടെ പ്രധാന പടവുകളിൽ കൂടെ കൈ പിടിച്ചു കൊണ്ട് പോവുക എന്നത് അമ്മയുടെ മാത്രം തീരുമാനമാകണമെന്നില്ല മകന് കൂടി അത് തോന്നിയിരിക്കണം. അതെ സമയം അതെ പ്രായമുള്ള മറ്റൊരു ചെന്നൈക്കാരൻ ഗുകേഷ് ഇവന്റെ തന്നെ അല്ലെങ്കിൽ കുറച്ചു കൂടി ഉയരത്തിൽ ലോക ചാംപ്യൻഷിപ് മത്സരം കളിക്കുമ്പോളും ഇത്തരം സഹായങ്ങളൊന്നും തേടുന്നില്ല. അതിന്റെ മനശ്ശാസ്ത്രം അവനു നമ്മളെല്ലാം അഭിനന്ദന സൂചകമായി പറയുന്ന പക്വത തന്നെയാണെന്ന് പറയാം. അതിന്റെ അർഥം പ്രഗ്ന ഇപ്പോളും ഒരു കുട്ടിയാണെന്നല്ല. വിവിധ സാഹചര്യങ്ങളിൽ വളരുന്ന കുട്ടികൾ മുതിർന്നവരാവുമ്പോൾ വിവിധ സ്വഭാവ വിശേഷങ്ങൾ കാണിക്കുന്നുവെന്ന മനശാസ്ത്രം തന്നെയാണത്.

മനശാസ്ത്രം ഒരു വിദ്യാഭ്യാസ വിഷയമായി സർവകലാശാലകളിൽ വന്നിട്ട് അമ്പതു കൊല്ലങ്ങളായിട്ടേയുള്ളു. ഇന്നത് വിവിധ മേഖലകളിലേക്ക് വ്യാപിച്ചു കഴിഞ്ഞു. അതിന്റെ അർത്ഥം ഒരു പ്രധാന ബിരുദമെടുത്തു പിന്നെ നമ്മുടെ തൊപ്പിയിൽ തൂക്കാൻ പറ്റുന്ന ഒരു വിശേഷപ്പെട്ട തൂവൽ ആയി ഇത് വളർന്നു കഴിഞ്ഞു എന്ന് വേണം പറയാൻ. എന്നാലാണ് രമേശിനെപ്പോലുള്ളവർ ബിരുദങ്ങളൊന്നും ഇല്ലാതെ ചെസ്സിൽ ഇത് അഭ്യസിക്കുന്നു എന്നത് സ്തുത്യർഹമാണ്. ഒരു സാധാരണ അദ്ധ്യാപകനിൽ നിന്നും അദ്ദേഹത്തിനുള്ള വ്യത്യാസം ഒരു പ്രഗ്നയെയോ ഒരു ചെറിയ സംഘം ചെസ്സ് കുട്ടികളെയോ മാത്രമേ പഠിപ്പിക്കേണ്ടിയുള്ളൂ എന്നതാണ്. എന്തായാലും വരും വർഷങ്ങളിൽ നമ്മൾ വിചാരിക്കാത്ത മേഖലകളിൽപ്പോലും മനശ്ശാസ്ത്രം കടന്നു വരുമെന്നത് നിശ്ചയമാണ്.

(തുടരും....)

# മദ്യത്തിൽ മുങ്ങുന്ന മലയാളി

വിജി പാഴൂർ (ഫോൺ: 9447696190)

ലോകത്തിന്റെ ഏതു കോണിലും മലയാളി എത്താത്ത സ്ഥലമില്ല. ബുദ്ധിശക്തികൊണ്ടും പ്രയത്നം കൊണ്ടും ഉന്നത സ്ഥാനത്തെത്തുവാൻ മലയാളികൾ മിടുക്കരുമാണ്. ഇൻഡ്യാ മഹാരാജ്യത്തിന്റെ ഇങ്ങേത്തലയ്ക്കൽ സ്ഥിതിചെയ്യുന്ന ഒരു കൊച്ചു സംസ്ഥാനമാണ് കേരളം. ഭൂപ്രകൃതിയാൽ സുന്ദരമായ, പ്രകൃതി വിഭവങ്ങൾ ഒട്ടേറെയുള്ള നമ്മുടെ നാട് ഒരു കാലത്ത് വിദേശിയരുടെ പറുദീസയായിരുന്നു. കാപ്പിയും, കുരുമുളകും, ഏലവും, തേയിലയും കശുവണ്ടിയും എല്ലാം സുലഭമായി വിളഞ്ഞിരുന്ന ഫലഭൂയിഷ്ടമായ ഭൂമി. അദ്ധ്വാനശീലരായിരുന്നു മലയാളികൾ. വയലുകളും പുഴകളും കൃഷിയും കൊണ്ടു ഏറെ സമ്പന്നവും ആയിരുന്നു.

അദ്ധ്വാനിച്ചു തളരുമ്പോൾ അല്പം കുത്തരിക്കഞ്ഞിയിലോ പനങ്കള്ളിലോ ഒക്കെ തളർച്ച മാറ്റിയിരുന്ന പുരുഷന്മാർ. പനങ്കള്ളും തെങ്ങിൻ കള്ളുമായിരുന്നു അന്നത്തെ ലഹരിവസ്തുക്കൾ. തികച്ചും പ്രകൃതിദത്തമായവ. ശരീരത്തിന് ഹാനിയുണ്ടാക്കാത്ത ഈ പാനീയങ്ങൾ വിട്ട് വിദേശ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമയായിക്കൊണ്ടിരിക്കുന്ന കാഴ്ച ഞെട്ടിക്കുന്നതും ഏറെ വേദനാജനകവുമാണെന്നതാണ് യാഥാർത്ഥ്യം. ഈ സ്ഥിതിക്ക് മാറ്റമുണ്ടായേ മതിയാകൂ.

മൂന്നു കോടിയിലധികം വരുന്ന മലയാളികളിൽ അമ്പതുലക്ഷം പേരോളം മദ്യപാനികളെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മദ്യവും മയക്കുമരുന്നും മലയാളിയെ കാർന്നുതിന്നുകൊണ്ടിരിക്കുന്നു. മുതിർന്നവർ മാത്രം കഴിച്ചിരുന്ന മദ്യം ഇന്ന് ഏറെ ഉപയോഗിക്കുന്നത് ചെറുപ്പക്കാരാണെന്നുള്ളത് നമ്മെ ഭയപ്പെടുത്തുന്നു. സ്കൂൾ തലം മുതൽ ഇവയുടെ ഉപയോഗം ഉണ്ടെന്നുള്ളതും, അവമൂലം രോഗങ്ങളും ആത്മഹത്യകളും ഏറിവരുന്നു എന്നുള്ളതും നാം കാണാതെ പോകരുത്. ഇൻഡ്യയിൽ, ഏറ്റവും കൂടുതൽ ആത്മഹത്യകൾ നടക്കുന്നതും കേരളത്തിലാണെന്ന് കണക്കുകൾ പറയുന്നു.. നമ്മുടെ നാട്ടിൽ മദ്യഷാപ്പുകൾ വർദ്ധിച്ചുവരുന്നതിന് ഒരു പരിധി വരെ സർക്കാരും ഉത്തരവാദിയാണെന്ന് പറയാതെ വയ്യ. യാതൊരു നിയന്ത്രണവും ഇല്ലാതെ മദ്യം ഒഴുകുകയാണ് കേരളത്തിൽ. ഇതിനൊരു മാറ്റം വരണമെങ്കിൽ സർക്കാർ തന്നെ മുൻകൈ എടുക്കേണ്ടതായിട്ടുണ്ട്. തൊഴിലില്ലായ്മയും ജീവിത സമ്മർദ്ദങ്ങളും യുവാക്കളെ മദ്യപാനാസക്തരാക്കുന്നു. കൂട്ടുകുടുംബ കെട്ടുപാടുകളിൽ സുരക്ഷിതരായിരുന്ന മലയാളി അണുകുടുംബത്തിലേക്കു മാറിയപ്പോൾ നിയന്ത്രിക്കാൻ ആളില്ലാതായി എന്നതും വസ്തുതയാണ്. പരിമിതമായ വിഭവങ്ങൾ കൊണ്ടു ജീവിതസുഖം കണ്ടെത്തിയിരുന്ന മലയാളിക്ക് ആർഭാടജീവിതത്തോട് പ്രതിപത്തിയുണ്ടായതും, ജീവിതച്ചെലവ് വർദ്ധിച്ചപ്പോൾ ഒരാളുടെ വരുമാനം കൊണ്ടു ജീവിക്കാനാവില്ല എന്നായി. അച്ഛനുമമ്മയും ജോലിക്ക് പോയിത്തുടങ്ങിയപ്പോൾ മക്കളെ നിയന്ത്രിക്കാനും സ്നേഹം പകരാനും അവർക്കു സമയമില്ലാതായി. അവർ പുറത്തു സൗഹൃദങ്ങൾ തേടി. പലപ്പോഴും ചീത്ത കൂട്ടുകെട്ടുകളിൽ ചെന്നുപെടുകയും ലഹരി ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്യുന്നു.

ആഘോഷമെന്നാൽ, മലയാളിക്ക് മദ്യമില്ലാതെ പറ്റില്ലെന്ന സ്ഥിതിയാണിപ്പോൾ. ഓണവും വിഷുവും വിവാഹങ്ങളും എന്തിന് ഒരു പിറന്നാൾ വന്നാൽ പോലും മദ്യമൊഴുക്കിയാലേ തൃപ്തിയാകൂ. എങ്ങോട്ടാണീ പോക്കെന്ന് ഒരു പിടിയും കിട്ടുന്നില്ല. നമ്മുടെ സത്വം ഇല്ലാതായിക്കൊണ്ടിരിക്കുന്ന കാഴ്ച ഭീതി ജനിപ്പിക്കുന്നു. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ആൺ പെൺ വ്യത്യാസമില്ലാതെ മദ്യപിക്കുന്നു. ജോലിയുള്ള വനിതകളും ഇക്കാര്യത്തിൽ മോശമല്ല. ജീവിത മൂല്യങ്ങൾക്ക് ഒരു

( ശേഷം 35-ാം പേജിൽ)



# ദന്ത സംരക്ഷണം

ഡോ. പവിത്ര. ബി. നായർ - 9037480091

നമ്മുടെ ദിനചര്യയിൽ ദന്ത ആരോഗ്യത്തിന് വളരെ അധികം പ്രാധാന്യമാണുള്ളത്. രാവിലെ ഉണർന്നാൽ നമ്മൾ ആദ്യം ചെയ്യുന്ന കാര്യം പല്ലുകൾ വൃത്തിയാക്കുക എന്നതാണ്. രാത്രി ഉറങ്ങുന്നതിനുമുമ്പും പല്ലുകൾ വൃത്തിയാക്കണം എന്നുള്ളത് നമ്മൾ ചെറുപ്പത്തിലെ കേൾക്കുന്ന കാര്യമാണ്. അത്ര അധികം പ്രാധാന്യമായ കാര്യം ആയിരുന്നിട്ടുപോലും എന്തുകൊണ്ടാണ് നാം ദന്ത ചികിത്സയിൽ പിന്നോട്ട് പോകുന്നത്. ശരീരത്തിലെ മറ്റേതൊരു അവയവം പോലെ തന്നെ പ്രാധാന്യമുള്ള ഭാഗമാണ് പല്ലുകൾ. മനുഷ്യ ശരീരത്തിന് ആവശ്യമായ ഏതൊരു ഭക്ഷണപദാർത്ഥവും ശരീരത്തിൽ എത്തുന്നത് വായിൽക്കൂടിയാണ്. നമ്മുടെ ദഹനപ്രക്രിയ ആരംഭിക്കുന്നത് തന്നെ വായിൽ നിന്നാണ്. ഓരോ ഭക്ഷണവും നമ്മൾ ആസ്വദിച്ച് കഴിക്കുന്നത് തന്നെ നാക്കിലെ രസമുകുളങ്ങൾ ഉള്ളതുകൊണ്ടാണ് അതുപോലെതന്നെ മനുഷ്യന് അക്ഷരസ്ഫുടതയോടെ സംസാരിക്കാൻ കഴിയുന്നതിലും പല്ലുകൾക്ക് വളരെ അധികം പ്രാധാന്യമുണ്ട്. അങ്ങനെ നമ്മുടെ ജീവിത ദിനചര്യയിൽ നാം അറിയാതെതന്നെ പല്ലുകൾക്ക് വളരെ അധികം പ്രാധാന്യമുണ്ട്. നമുക്ക് പനി, ജലദോഷം തുടങ്ങിയ രോഗങ്ങൾ വരുമ്പോൾ ആദ്യം തന്നെ ഭക്ഷണത്തിന്റെ രുചി പോകുന്നത് ഓർത്തുനോക്കൂ. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും നാം ദന്തസുരക്ഷക്ക് വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നുണ്ടോ?. ഭൂരിഭാഗം ജനങ്ങളും പല്ലുവേദന മൂർദ്ധന്യത്തിൽ എത്തുമ്പോൾ മാത്രമാണ് ചികിത്സയെക്കുറിച്ച് ആലോചിക്കുന്നത് തന്നെ. അതു നിമിത്തം ചികിത്സിച്ചു ഭേദമാക്കാൻ പറ്റിയ പല്ലുകൾ പോലും നീക്കം ചെയ്യണ്ട അവസ്ഥ സംജാതമാകുന്നു. ഇത്തരം സന്ദർഭങ്ങൾ ഒഴിവാക്കുവാനും സമയോചിതമായ ചികിത്സ ഉറപ്പുവരുത്താനും ഇടക്കിടെയുള്ള ദന്ത പരിശോധന അനിവാര്യമാണ്. നാം മറ്റേതു അവയവം ആണെങ്കിലും ചിലവ് നോക്കാതെ ചികിത്സിക്കാറുണ്ട്. എന്നാൽ നാം അത്ര പ്രാധാന്യം ദന്ത സംരക്ഷണത്തിനോ, ചികിത്സക്കൊ കൊടുക്കാറുണ്ടോ?. എന്തുകൊണ്ടാണ് ദന്തചികിത്സയിൽ മാത്രം നമുക്കൊരു വിട്ടുവീഴ്ച മനോഭാവം ഉള്ളത്. നമ്മുടെ പല്ല് എത്രകാലം നിലനിർത്തികൊണ്ടു പോകാൻ സാധിക്കും എന്നതാണ് ചിന്തിക്കേണ്ടത്. അതുകൊണ്ടുതന്നെ ദന്തചികിത്സക്ക് ഉപയോഗിക്കുന്ന വസ്തുക്കൾക്കും അതിന്റെതായ ഗുണമേന്മയും, ചിലവും വരും എന്നുള്ള കാര്യം നാം വിസ്മരിക്കുന്നു. ദന്തചികിത്സക്കുവേണ്ടി നല്ല മെറ്റീരിയൽ ഉപയോഗിക്കുമ്പോൾ അതിനനുസരിച്ച് ചെലവ് വരുന്നത് സ്വാഭാവികമാണ്. അതിനാൽ നാം ഒരു വിട്ടു വീഴ്ചക്കും ഒരുങ്ങരുത്.

ദന്തവിഭാഗം എത്രമാത്രം പുരോഗമിച്ചാലും അത് ജനങ്ങളിലേക്ക് എത്തിക്കാൻ സാധിച്ചില്ലെങ്കിൽ ഒരു പ്രയോജനവും ഇല്ല. അതിനാൽ ജനറൽ ഹെൽത്ത് ചെക്കപ്പിന്റെ കൂടെത്തന്നെ നാം ദന്തആരോഗ്യത്തിനും കുറച്ച് സമയം മാറ്റിവെക്കണം . ചിലരെ സംബന്ധിച്ച് രണ്ടുനേരം പല്ലുതേക്കുന്നത് മാത്രമാണ് ദന്തപരിചരണം എന്നൊരു ധാരണയാണ്. എന്നാൽ ഒരുപാടുനേരം പല്ല് ഉരച്ചുതേച്ചതുകൊണ്ട് ഒരു കാര്യവും ഉണ്ടാവില്ല . പല്ലുകൾ വൃത്തിയായി തേയ്ക്കുന്ന വിധം ഒരു ദന്തഡോക്ടറുടെ അടുത്തുനിന്ന് ചോദിച്ചു മനസ്സിലാക്കണം. ശക്തമായ പല്ലുതേക്കൽ കാരണം പല്ലിനു ധാരാളം തേയ്മാനം വരികയും അത് പിന്നീട് പല്ലുപുളിപ്പിന് കാരണം ആകുകയും ചെയ്യാം.

ബ്രഷ് ഉപയോഗിച്ച് പല്ലു വൃത്തിയാക്കുന്നതുപോലെ തന്നെ പ്രധാനപ്പെട്ട മറ്റു ചില കാര്യങ്ങൾ ഉണ്ട് നാക്ക് വൃത്തിയാക്കുക, പല്ലുകൾക്കിടയിൽ ഡെൻറ്റൽ ഫ്ളോസ് (Dental Floss) ഉപയോഗിക്കുക തുടങ്ങിയ രീതികളും നാം അവലംബിക്കേണ്ടതാണ് . ബ്രഷ് ചെയ്യുന്നതിലുപരി നാം ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ വായ വെള്ളം ഉപയോഗിച്ച് നന്നായി വൃത്തിയാക്കുന്നത്, അണുബാധ കുറക്കുവാൻ സഹായിക്കും. ഇങ്ങനെ നമ്മുടെ ദിനചര്യകളിൽ ചെറിയ രീതിയിലുള്ള മാറ്റങ്ങൾ വരുത്തിയാൽ ദന്തസുരക്ഷ നമുക്ക് മെച്ചപ്പെടുത്താം ഇടക്കിടെ പല്ലുവേദന വന്നുപോകുമ്പോൾ പലപ്പോഴും നാം അതിന്‌വേണ്ടത്ര പ്രാധാന്യം കൊടുക്കാറില്ല. എന്നാൽ ഇത് തുടക്കത്തിലേ ചികിത്സിച്ചു ഭേദമാക്കാൻ പറ്റുന്ന അവസ്ഥയാണ്. എന്നാൽ വേദന കൂടുന്ന അവസരത്തിൽ ചികിത്സക്ക് വരുമ്പോൾ പല്ലിലുള്ള അണുബാധ/കേട് കൂടിയിട്ടുണ്ടാകും. അത് ചികിത്സിച്ച് ഭേദമാക്കാനും സമയം എടുക്കും. ഈ അവസ്ഥ ഒഴുവാക്കണമെങ്കിൽ ചെറിയ വേദന വരുമ്പോൾ തന്നെ ഒരു ദന്തഡോക്ടറുടെ നിർദ്ദേശാനുസരണം ദന്തസംരക്ഷണം നടത്തേണ്ടതാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം ലഹരി വസ്തുക്കളുടെ ഉപയോഗം കൊണ്ട് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളാണ്. സിഗരറ്റ്, പാൻ മുതലായ ലഹരിവസ്തുക്കളുടെ അമിത ഉപയോഗം വായിലെ അർബുദത്തിന് കാരണമാകുന്നു. ക്രമേണ നമ്മുടെ ആരോഗ്യത്തെത്തന്നെ ബാധിക്കുന്നു. അർബുദത്തിനെക്കുറിച്ചുള്ള ബോധവൽക്കരണം സമൂഹത്തിൽ വളരെ അനിവാര്യമാണ്.

ദന്തസുരക്ഷ നമ്മുടെ ദിനചര്യയുടെ ഒരു ഭാഗമാണ്. എന്നാൽ രാവിലെ പല്ലുതേക്കുന്നതുപോലെ രാത്രിയിൽ പല്ലുതേക്കാൻ നമ്മളിൽ പലരും മടിക്കുന്നു. രാത്രിയിൽ പല്ല് വൃത്തിയാക്കാൻ നമ്മൾ ശീലിക്കണം. രാത്രിസമയങ്ങളിൽ വായിൽ Saliva Level കുറവാണ്. അതുകൊണ്ട്തന്നെ അണുക്കളുടെ പ്രവർത്തനം മൂലം പല്ലിൽ Cavity രൂപപ്പെടാനും Plaque/ഫലകം അടിഞ്ഞുകൂടാനുമുള്ള സാധ്യത കൂടുതലാണ്. കാലക്രമേണ അത് മോണരോഗങ്ങൾക്ക് കാണാമാകാൻ ഇടവരുത്തുകയും ചെയ്യുന്നു. പ്രമേഹ രോഗികൾ ദന്തസംരക്ഷണം നടത്തേണ്ടത് വളരെ അത്യാവശ്യമാണ്. അടുത്തകാല ഗവേഷണങ്ങളിൽ ദന്തആരോഗ്യം ഹൃദയസംബന്ധമായ അസുഖങ്ങൾ, അർബുദം തുടങ്ങിയവയുമായി ബന്ധമുള്ളതായി കണ്ടിട്ടുണ്ട്.ഇതൊക്കെക്കൊണ്ടുതന്നെ നമുക്ക് ദന്ത ആരോഗ്യത്തെക്കുറിച്ച് കുടുതൽ ബോധവൽക്കരണം അനിവാര്യമാണ്. വർഷത്തിൽ ഒരിക്കലെങ്കിലും മുടങ്ങാതെ ദന്തപരിശോധന നടത്തുക. ഒരു ദന്തഡോക്ടറുടെ നിർദ്ദേശപ്രകാരം ശരിയായ രീതിയിൽ ബ്രഷ് ചെയ്യുക, പല്ലുകൾ വൃത്തിയായി സൂക്ഷിക്കുക. ശരീരത്തിലെ മറ്റ് അവയവങ്ങൾ പോലെ തന്നെ ദന്തങ്ങൾക്കും വേണ്ടുന്ന പ്രാധാന്യം നൽകിയാൽ ആരോഗ്യമുള്ള ഒരു ജീവിതം മുന്നോട്ട് നയിക്കാൻ നമുക്ക് സാധിക്കും.

*******

(൩൩-ാം പേജിന്റെ തുടർച്ച...)

വിലയും കല്പിക്കാത്ത യുവജനങ്ങൾ ഏറി വരുന്നു. മദ്യപാനം കൂടുന്നതിനൊപ്പം കുറ്റകൃത്യങ്ങളും കൂടി വരുന്നതു നമുക്കു കാണാനാകും. കുറ്റങ്ങൾ അധികവും നടക്കുന്നത് മദ്യലഹരിയിലാണ് എന്നു കണക്കുകൾ സൂചിപ്പിക്കുന്നു. മദ്യത്തിനടിമപ്പെട്ടു പോയാൽ അതിൽ നിന്ന് രക്ഷപ്പെടുവാൻ പലർക്കും കഴിയാറില്ല. സിനിമയും മദ്യപാനത്തെ മാന്യതയായി കാണുന്ന തരത്തിലേക്ക് വഴിതിരിക്കുന്നുണ്ട്. പണ്ട് വില്ലന്മാരാണ് മദ്യപിച്ചിരുന്നതെങ്കിൽ ഇന്നത് നായകന്മാർ മദ്യപിക്കുന്ന അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു.

ഇതിനെല്ലാം കാരണം, മദ്യം സുലഭമായി ഇവിടെ ലഭിക്കുന്നു എന്നതാണ്. അതിനൊരു മാറ്റം ഉണ്ടായേ പറ്റൂ. മാതാപിതാക്കളും അദ്ധ്യാപകരും സർക്കാരും ഇക്കാര്യങ്ങൾ വളരെ ഗൗരവമായി ചിന്തിക്കണം. ഇപ്പോൾ തന്നെ വളരെ വൈകിയിരിക്കുന്നു. നാളത്തെ തലമുറ ആരോഗ്യത്തോടെയിരിക്കുവാനും കുറ്റകൃത്യങ്ങളിൽ നിന്ന് മുക്തരാകാനും നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

*******

# നമഃശിവായ

ഡോ. കെ. ഹരിഹരൻ - 9847313322

(തുടർച്ച...)

ശിവായ ഗൗരിവദനാബ്ജവൃന്ദ സൂര്യായ, നമഃശിവായ മന്ത്രത്തിന്റെ മാദ്ധ്യമണിത്വം 'ശി' അക്ഷരമാണ്. 'ശി' യുടെ അർത്ഥം ശിവായയുമാണ്. നമഃശിവായയുമാണ്. ശിവൻ തന്നെ ന കാരത്തേയും മ കാരത്തേയും വ കാരത്തേയും ശ കാരത്തേയും സശക്തവും, സ പ്രകാശമാനവുമാക്കുന്നു. ഓരോ അക്ഷരത്തിനും നമഃശിവായ എന്നർത്ഥമുണ്ട്. അതിനെ പ്രതീപ്തമാക്കുന്നതു ശിവരൂപമായ 'ശി' യാണ്. ശിവ ശബ്ദത്തിനു ആനന്ദം, സുഖം എന്ന് അർത്ഥം പറഞ്ഞു അത് സിദ്ധമാക്കാനുള്ള വിശേഷമാണ്. ഗൗരി വദനാബ്ജവൃന്ദ സൂ...ര്യായ. സൂര്യൻ താമരയെ ആനന്ദിപ്പിക്കുന്നതു പോലെ തന്നെ ശിവൻ ഗൗരിയെ ആനന്ദിപ്പിക്കുന്നതിനാൽ ശിവശബ്ദം ശിവാർത്ഥകവുമാണ്, ആനന്ദാദി അർത്ഥകവുമാണ്. അങ്ങനെ ശങ്കരൻ ഗൗരിനിരന്തരവിഭുഷിതവാമഭാഗനും, ഗൗരവദനാബ്ജവൃന്ദാസൂര്യനുമായിതീർന്നു. പരമാനന്ദത്തിന്റെ പ്രാകാട്യം തന്നെ ഇതിന്റെ വ്യംഗ്യാർത്ഥം.

'ശിവായ ഗൗ ....' മദ്ധ്യത്തിലെ 'ശി'തന്നെയാണ് രണ്ടു വശത്തെയ്ക്കും കൈകാലുകൾ നീട്ടിയിരിക്കുന്നത്. ഇതിന്റെ മഹത്വം ബഹുവിശേഷം തന്നെ. 'ശി' എന്നതിന് 'ശിവായ' എന്നും 'നമഃ ശിവായ' എന്നും രണ്ടുതരത്തിൽ വ്യാഖ്യാനിച്ചു. ഒരു ക്ഷണം പോലും ഗൗരിശങ്കര വിയോഗമില്ല. ഗൗരി നിരന്തര വിഭുഷിത വാമഭാഗമാണ്. അവിടെ നിരന്തര സന്തോഷമാണ്. വദനാരവിന്ദം നിരന്തരം വിടർന്നിരിക്കും. സൂര്യൻ എത്ര സമയം മുന്നിലുണ്ടോ, അത്രയും സമയം താമര വിരിഞ്ഞു തന്നെ നിൽക്കും. ദ്വൈതസംസ്കാരം അതിപ്രപലമാണ്. അതുകൊണ്ട് ദ്വൈതസംസ്കാരസഹിതമായ മൂല അവിദ്യയാൽ ദ്വൈതം ജന്മമെടുക്കുകതന്നെ ചെയ്യും. മൂല അവിദ്യയിൽ നിന്നു തന്നെ ജഗത്തിന്റെ ഉല്പത്തിയുണ്ടാകും. എന്നിരിക്കിലും ആ സംസ്കാരവും അതിനുകാരണമാണ്. അതിനാൽ ശ്രുതിജന്യ ബോധമുണ്ടായാലും ജഗത്ത് അനുവർത്തിതമാകും. വേദങ്ങളിൽ പറഞ്ഞിട്ടുള്ള യജ്ഞം, ദാനം, തപം ആദിയായവകളാൽ പൂർണ്ണനായ ശ്രോതാവ് ദുർലഭമാണ്. ഇവകളാൽ ശ്രവണത്തിൽ വരാവുന്ന പാപരൂപമായ കൊടുങ്കാറ്റിന്റെ മാലിന്യമില്ലാതാകുന്നു. അതുകൊണ്ട് ആചാര്യൻ അബ്ജ ശബ്ദം പ്രയോഗിച്ചിരിക്കുന്നു 'അവ' എന്നത് സത്കർമ്മത്തിനാണ് പറയുന്നത്. നിഘണ്ടുവിൽ അപ് ശബ്ദം കർമ്മത്തിനു പര്യായമായി വരുന്നു. ഇക്കാര്യം ആദ്യം തന്നെ വിശകലനം ചെയ്തു കഴിഞ്ഞു. വേദാനുവചനാദികർമ്മങ്ങളാൽ ഉൽപ്പന്നമായ പുണ്യത്താൽ പ്രതിബന്ധങ്ങളെ നിരാകരിക്കാൻ കഴിയും. അപ്പോഴാണ് ശ്രവണം തന്റെ ശക്തിയോടുകൂടി ഉപസ്ഥിതമാകുന്നത്. ശ്രവണാദികൾ ആവർത്തിച്ചു ചെയ്യണം വീണ്ടും വീണ്ടും ശ്രവണം ചെയ്യണം. ഔപനിഷദ കഥാപാത്രമായ ശ്വേതകേതുവിന് തത്ത്വമസി എന്ന മഹാകാവ്യം ഒൻപതു തവണ കേൾക്കേണ്ടിവന്നു. അപ്പോൾ മറ്റു സാധാരണക്കാരുടെ കാര്യം പറയേണ്ടതുണ്ടോ? നമുക്കെത്ര തവണ കേൾക്കേണ്ടി വരും? പല തവണ വേണ്ടി വരും ശ്രവണം, മനനം, നിധിധ്യാസനം ഇവ മൂന്നും സുഷുപ്തിപര്യന്തവും മരണപര്യന്തവും തുടരേണ്ടതുണ്ട്. ഭോജനം ജീവനാംഗമായതുപോലെ ഭജനവും ശ്രവണാദികളും ജീവനാംഗമാകണം. പ്രതിദിനം ശ്രവണം ചെയ്യണം. ഇടയ്ക്കു ഉപേക്ഷിക്കരുത്. ഉപേക്ഷിച്ചാൽ അത് ഏകാദശിയെന്നു കരുതണം. ഭക്ഷണം ജീവിതാംഗമാണങ്കിലും ഏകാദശിക്കുപേക്ഷിക്കുന്നു

ണ്ടല്ലോ. പക്ഷെ ഏകാദശി ദിവസം പാലും പഴവുമെല്ലാം കഴിക്കും. ഒഴിവുദിവസം റെക്കാർഡ് കേൾക്കണം. അല്ലെങ്കിൽ വേദാന്തഗ്രന്ഥങ്ങൾ വീട്ടിലിരുന്നു വായിക്കണം ഇതാണ് ശ്രവണത്തിന്റെ ആവൃത്തി. അതുപോലെ മനനത്തിനും ആവൃത്തിയുണ്ട്. ഒൻപതു തവണ തത്ത്വമസി കേട്ടു . എന്നാൽ അതിന്റെ യുക്തികളെ ഓരോതവണയും വ്യത്യസ്ഥതയോടെയാണു കേട്ടത്. ഇതാണ് മനനം നിദിദ്ധ്യാസനം സ്വയം ആവൃത്തി രൂപത്തിൽ തന്നെയാണ്. ഏകാകാരമായ ചിത്തവൃത്തി പ്രവാഹം തന്നെയാണ് നിദിദ്ധ്യാസനം സരോവരത്തിൽ ആയിരകണക്കിന് കമലങ്ങൾ ഉള്ളപ്പോൾ കമലവൃന്ദം എന്നു പറയുന്നതുപൊലെയാണ് ആയിരകണക്കിന് ശ്രവണാദി രൂപങ്ങൾ ബ്രഹ്മകാരവൃത്തികളായിരിക്കുന്നത്. ഈ ആശയം വെച്ചാണ് വദനാബ്ജവൃന്ദമെന്നു പറഞ്ഞത് 'വദ' ധാതുവിൽ നിന്നും വദനം ഉണ്ടായി, 'വദ വ്യക്തായാം വാചി'- വദതി, വദന്തി എന്നിവ അതിന്റെ രൂപങ്ങൾ 'ഉദ്യതെ ഉച്യതേ ബ്രഹ്മയസ്മാത് കാരണത് തദ് വദനം' ശ്രവണ, മനന, നിദിദ്ധ്യാസനങ്ങൾക്കുവേണ്ടി, ഒരാളും കേൾക്കാനില്ലെങ്കിൽ ആരെങ്കിലും പറയുമോ? അപ്പോൾ വദനത്താൽ ശ്രവണാദികളും , വൃന്ദത്താൽ അവയുടെ ആവൃത്തിയെന്നു വ്യക്തമാകും. ഗൗരിശബ്ദത്താൽ സത്ത്വാത്മികയായ ബ്രഹ്മവിദ്യാരൂപത്തിലുള്ള വൃത്തിയുടെ പ്രാപ്തിയുണ്ടാകും. ബ്രഹ്മരൂപിയായ സൂര്യനു മുന്നിൽ എപ്പോഴാണോ ഈ വൃത്തികൾ എത്തുന്നത് അപ്പോഴവ വിടരും. അരുണോദയത്തിലാണ് താമരയും പതുക്കെപ്പതുക്കെ വിടർന്നു വരുന്നത്. സൂര്യോദയമായാൽ പൂർണ്ണമായും വിടരും. അതുപോലെ കുറച്ചുദിവസത്തെ ആവൃത്തികളാൽ കുറേശ്ശെ ബ്രഹ്മപ്രകാശമുണ്ടാകുന്നു. അവസാന ആവൃത്തികളാൽ പൂർണ്ണബ്രഹ്മം പ്രകാശിക്കും. ഇങ്ങനെ വിവേചനം ചെയ്താൽ അംബുജാതം തുടങ്ങിയ പദങ്ങൾ മാറിപ്പോകും. കർമ്മബോധകമായി അപ് ശബ്ദം മാത്രം മതി. ആയിരക്കണക്കിന് വൃത്തികളെ സൂചിപ്പിക്കാനാണ് 'വൃന്ദ' ശബ്ദം സ്വപ്രകാശബ്രഹ്മബോധകമായാണ് സൂര്യശബ്ദം സ്വാത്വിക ബ്രഹ്മവിദ്യയെ അറിയാനാണ് ഗൗരി ശബ്ദം. ആ സൂര്യൻ തന്നെ 'ശി' കാര അർത്ഥമായ ശിവൻ ശിവായ എന്നു തുടങ്ങി സുര്യായ എന്നുവരെയുള്ളതിന്റെ ഒരുമിച്ചുള്ള അർത്ഥമെന്താണോ ഉരുത്തിരിയുന്നത് അതിനെ വീണ്ടും വീക്ഷിക്കാം. ശിവന്റെ അർത്ഥം വശീ എല്ലാത്തിനെയും വശത്തിലാക്കുന്നവൻ ഹിംസ സിംഹം എന്നതുപോലെ ഇതിന്റെ വിശേഷ നിർദ്ദേശം ഇല്ല അതിനാൽ 'സർവ്വം യസ്യ വശേ' എന്നെടുക്കാം. ഈശ്വരൻ എന്നു പറഞ്ഞാൽ ജഗദീശ്വരൻ. സർവ്വേശ്വരൻ എന്നാവും അർത്ഥം. ശിവന്റെ വശത്താണ് മുഴുവൻ ജഗത്തും. ഒരേയൊരു വശി സർവ്വഭൂതാന്തരാത്മാവാണ്. കുടത്തിന്റെ അന്തരാത്മാവ് മണ്ണ് ആയിരിക്കുന്നതുപോലെ. മണ്ണ് തനിക്കുള്ളിൽ കുടത്തെവെച്ചിരിക്കുകയാണ്. മണ്ണിനെ വിട്ടു കുടത്തിനു പുറത്തുവരാനാവില്ല കുടമില്ലെങ്കിലും മണ്ണിന് ആസ്തിത്വമുണ്ട്. എന്നാൽ മണ്ണില്ലെങ്കിൽ കുടമില്ല. ഇപ്രകാരമാണ് ശിവപരമാത്മാവിന്റെ വശത്താണ് ജഗത്ത്. പരമാത്മാവിന്റെ അകത്താണ് ജഗത്തെന്നും ശ്രുതിയും പറയും.

ഗൗരി വദനാബ്ജ വൃന്ദ സുര്യായ എന്നതിന്റെ അർത്ഥം പറഞ്ഞു. പാർവ്വതിയുടെ വദനാരവിന്ദം വിടർത്തുന്ന സൂര്യൻ അദ്ധ്യാത്മപക്ഷത്തിലെ അർത്ഥത്തിൽ ഗൗരിയുടെ അർത്ഥം ബ്രഹ്മവിദ്യ എന്നാകുന്നു. അത് തന്നെ അത്യന്തം സ്വച്ഛമാണ്. ജ്ഞാനം സ്വച്ഛമാണ്. സാത്വകം തന്നെയാണ്. പക്ഷെ വിഷയ സ്പർശം വന്നാൽ അത് അസ്വച്ഛമാകും. സംസാരിക വിഷയങ്ങൾ ത്രിഗുണാത്മകമായാൽ അതിന്റെ വിഷയജ്ഞാനവും മലിനമാണ്. അതുപൊലെ ജ്ഞാനത്തിൽ വിഷയം കടന്നുവന്നാൽ മലിനമായ വിഷയ സമ്പർക്കം കൊണ്ട് ജ്ഞാനവും മലിനമായി കാണപ്പെടും. ജ്ഞാനത്തെ അഥവ ബ്രഹ്മവിദ്യയെ ഇവിടെ ഗൗരി പദം കൊണ്ട‍ർത്ഥമാക്കുന്നു. വദനം 'വദ വ്യക്തയാം വാചി'

( ശേഷം 40-ാം പേജിൽ)

എൻ. രാജശേഖരൻ – 9895550719

# പശ്ചിമഘട്ട മലനിരകളും വയനാട് ദുരന്തവും

(തുടർച്ച.....)

**പ്രശ്നങ്ങൾ:**

കുടിയേറ്റങ്ങളും, കൈയ്യേറ്റങ്ങളുമെല്ലാം ഏറെ കുറെ അവസാനിച്ചപ്പോൾ എണ്ണമറ്റ പ്രശ്നങ്ങളാണ് ഹൈറേഞ്ചിൽ ഇപ്പോഴുള്ളത്. ശക്തമായ മഴമൂലം മേൽമണ്ണ് മൊത്തമായി തന്നെ വളരെ പെട്ടന്ന് ഒലിച്ചു പോയിരിക്കുന്നു. ജലത്തെ ആഗിരണം ചെയ്യാനുള്ള മണ്ണിന്റെ സംരക്ഷണശേഷി നഷ്ടപ്പെട്ടു കഴിഞ്ഞു.

മറ്റൊരു ഗുരുതര പ്രശ്നം ജലക്ഷാമമാണ്. ലോറിയിലും മറ്റും ജലം എത്തിക്കേണ്ട അവസ്ഥയാണ് ഇന്ന്, നഗരവത്കരണം നേടിയത് ജലമലിനീകരണവും ഖരമാലിന്യങ്ങളുടെ കൂമ്പാരവുമാണ്. മലകളും താഴ്‌വരകളും കൊണ്ട് നിറഞ്ഞിരുന്ന ഹൈറേഞ്ച് ഇന്ന് മണ്ണിടിച്ചിലിന്റെയും ഉരുൾപൊട്ടലിന്റെയും കേന്ദ്രമായി മാറിയിരിക്കുന്നു. 2018-ലെ കാലവർഷത്തിൽ 278 സ്ഥലത്താണ് ഉരുൾപൊട്ടൽ ഉണ്ടായത്. 50-ൽപ്പരം പേർ മരണമടഞ്ഞു.

വനങ്ങൾ നശിപ്പിക്കപ്പെട്ടതോടെ കാലാവസ്ഥാമാറ്റം, വരൾച്ച എന്നിവയായി ഫലം. മഴയുടെ അളവ് കുറഞ്ഞു വന്നിരിക്കുന്നു, ഇപ്പോൾ. നേരത്തെ ഹൈറേഞ്ചിലുണ്ടായിരുന്ന തണുപ്പ് ഇന്നില്ല, ടുറിസം കൊണ്ട് പരിസ്ഥിതിക്ക് വലിയൊരളവിൽ നാശങ്ങളാണ് സംഭവിച്ചത്. ശീതകാലാവസ്ഥ ആസ്വദിക്കുവാൻ വന്നവർ വലിച്ചെറിയുന്ന പ്ലാസ്റ്റിക് സാധനങ്ങൾ വൻ പ്രശ്നങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ ഒരു അവസ്ഥയിലാണ് പശ്ചിമഘട്ടത്തിൽ അവശേഷിക്കുന്ന വനമെങ്കിലും രക്ഷിച്ചെടുക്കാൻ വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കേന്ദ്രഗവൺമെന്റ്, പ്രൊഫ. മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിൽ ഒരു സമിതിയെ നിയോഗിച്ചത്.

**മാധവ് ഗാഡ്ഗിൽ**

പ്രൊഫ. മാധവ് ഗാഡ്ഗിലിനെ കുറിച്ച് ചുരുക്കം ചില കാര്യങ്ങൾ അറിഞ്ഞിരിക്കുന്നത് നന്ന്. ജീവശാസ്ത്ര പഠനത്തിനുശേഷം, ഗണിത പരിസ്ഥിതി ശാസ്ത്രത്തിൽ ഹാർവാഡ് യൂണിവേഴ്സിറ്റിയിൽനിന്ന് ഡോക്ടറേറ്റ് നേടി ഹാർവാഡിൽ ഒരു ഐ. ബി. എം ഫെലോയും, കൂടാതെ അപ്ലൈഡ് മാത്തമാറ്റിക്സിൽ റിസർച്ച് ഫെലോയും . ജീവശാസ്ത്ര അദ്ധ്യാപകനുമായിരുന്നു അദ്ദേഹം. കൂടാതെ, 1973 മുതൽ 2004 വരെ ബംഗ്ലൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ അദ്ധ്യാപകൻ, സ്റ്റാൻഫോഡിലും , കാലിഫോർണിയ സർവ്വകലാശാലയിലും വിസിറ്റിങ്ങ് പ്രൊഫസർ, 215 ഗവേഷണ പ്രബന്ധങ്ങളുടെയും ആറ് പുസ്തകങ്ങളുടെയും ഗ്രന്ഥകർത്താവ് എന്നി നിലകളിൽ അതിപ്രഗത്ഭനായിരുന്ന ഒരു വ്യക്തിയെയാണ് പശ്ചിമഘട്ടമലനിരകളിൽ അവശേഷിക്കുന്ന വനങ്ങളെ രക്ഷിച്ചെടുക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കേന്ദ്രഗവൺമെന്റ് നിയോഗിച്ചതെന്നു ഓർക്കണം.

പശ്ചിമഘട്ട സംരക്ഷണത്തിന് വേണ്ട വിശദമായ നിർദ്ദേശങ്ങൾ അടങ്ങിയ പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതിയുടെ റിപ്പോർട്ട് (Western Ghats Ecology Expert Panel – WGEEP) 2011, ആഗസ്റ്റ് 31-ാം തിയതി മാധവ് ഗാഡ്ഗിൽ സമർപ്പിച്ചു. പശ്ചിമഘട്ടനിരകൾ പങ്കിടുന്ന ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, കേരളം, തമിഴ്നാട് എന്നി സംസ്ഥാനങ്ങളെല്ലാം ഗാഡ്ഗിൽ സമിതി റിപ്പോർട്ടിനെ എതിർത്തു.

ഇതു കൂടാതെ ഭൂമാഫിയക്കാരുടെ പ്രതിക്ഷേധങ്ങളുടെ വൻ നിരയായിരുന്നു അന്ന് അരങ്ങേറിയത്. ആയിരക്കണക്കിന്

വനഭൂമി കയ്യേറിയ കയ്യേറ്റക്കാരും, കുടിയേറ്റക്കാരും റിപ്പോർട്ടിനെതിരെ സ്ഥാപിത താൽപര്യക്കാർ പ്രചരിപ്പിച്ച കള്ളപ്രചാരണത്തിൽ വിശ്വസിച്ച പൊതു സമൂഹത്തിലെ ഒരു വിഭാഗവും അവരുടെ സ്ഥാപിത താൽപ്പര്യ സംരക്ഷകരായ കേരളത്തിലെ രണ്ട് രാഷ്ട്രീയപാർട്ടികളുടെ മുന്നണികളുമായിരുന്നു ഈ പ്രതിക്ഷേധങ്ങളുടെയെല്ലാം പിന്നിൽ. ഗവണ്മെന്റ് ഓഫിസുകളും ട്രാൻസ്പോർട് ബസ്സുകളുമെല്ലാം നശിപ്പിച്ചുകൊണ്ടുള്ള സംഹാര നർത്തനമായിരുന്നു അന്ന് പ്രതിക്ഷേധക്കാർ നടത്തിയത്. റിപ്പോർട്ട് ഒരിക്കൽ പോലും വായിച്ച് നോക്കാതെ, അതിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ് അന്ന് അവർ ചെയ്തത്. അദ്ദേഹത്തിന്റെ ജീവിത കാലയളവിൽ നല്ലൊരു ഭാഗവും ചിലവഴിച്ചത് പശ്ചിമഘട്ടത്തിന് വേണ്ടിയായിരുന്നു. അദ്ദേഹത്തിന്റെ ആത്മകഥയുടെ പേര് തന്നെ 'പശ്ചിമഘട്ടം ഒരു പ്രണയ കഥ' എന്നാണ്, പൂർണ്ണമായും ശാസ്ത്രത്തിനു വേണ്ടി സമർപ്പിതമായ ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. അന്താരാഷ്ട്ര തലത്തിൽ തന്നെ അറിയപ്പെടുകയും രാജ്യം തന്നെ 'പത്മശ്രീ', 'പത്മവിഭൂഷൺ' എന്നി ബഹുമതികൾ നൽകി ആദരിക്കുകയും, ചെയ്ത ഈ വലിയ മനുഷ്യനെ ക്രൂരമായി അധിക്ഷേപിച്ചും, അവഗണിച്ചും ഓടിച്ചതിന്റെ ശാപമാണ്, പിന്നീടിങ്ങോട്ട് കേരളത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങളെന്നു ആരെങ്കിലും പറഞ്ഞാൽ അവരെ കുറ്റപ്പെടുത്തേണ്ടതില്ല.

2018–ൽ കേരളത്തിൽ മഹാപ്രളയം ഉണ്ടായ അന്ന് സോഷ്യൽ മീഡിയയിൽ ഏറ്റവുമധികം ഉയർന്നു കേട്ട പേര് മാധവ് ഗാഡ്ഗിലിന്റെതായിരുന്നു. പിന്നെ, 2020 ആഗസ്റ്റ് 6–ാം തിയതി രാജമലയിലെ പെട്ടിമുടിയിൽ 66 പേരുടെ ജീവനെടുത്ത ദുരന്തസമയത്തും വളരെപ്പേർ ഗാഡ്ഗിലിന്റെ പേര് പറഞ്ഞിരുന്നു. ഇപ്പോഴും വയനാട് നടന്ന മഹാദുരന്തത്തിലും അദ്ദേഹത്തിന്റെ പേര് എത്രയെത്ര തവണയാണ് ആളുകൾ പറഞ്ഞുകേട്ടത്. ഗാഡ്ഗിലിനെ നഖശിഖാന്തം എതിർത്തവരും, അനുകൂലിക്കുന്നവരും ധാരാളമുണ്ട്.

പക്ഷേ എതിർക്കുന്നവരോട്, ഒരു ഒറ്റ അപേക്ഷ മാത്രമേയുള്ളു. ഗാഡ്ഗിലിന്റെ റിപ്പോർട്ട് സശ്രദ്ധം, നിഷ്പക്ഷമായി, ഒരു മുൻവിധിയുമില്ലാതെ രാഷ്ട്രീയവും, വോട്ടുബാങ്കും മറന്ന്, രാജ്യതാൽപ്പര്യം മാത്രം മുൻനിർത്തി ഒരു ഒറ്റ പ്രാവശ്യം ഒന്ന് വായിച്ചുനോക്കുമോ? ഒരു കാര്യം തികഞ്ഞ ആത്മാർത്ഥയോടെ, സത്യസന്ധതയോടെ പറയട്ടെ! മാധവ് ഗാഡ്ഗിലിന്റെ റിപ്പോർട്ടിനെ, നെഞ്ചത്ത് കൈവച്ചു നിഷ്പക്ഷമായി കാര്യങ്ങളെ വീക്ഷിക്കുന്ന ഒരാൾക്ക് എതിർക്കാനാവില്ല അത്രയ്ക്ക് നിഷ്പക്ഷവും സത്യസന്ധവുമായിരുന്നു അദ്ദേഹത്തിന്റെ റിപ്പോർട്ട്.

മാധവ് ഗാഡ്ഗിൽ, തന്റെ പഠനറിപ്പോർട്ടിൽ പറഞ്ഞ ഒരു വാചകം എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തട്ടെ, 'പശ്ചിമഘട്ടം ആകെ തകർക്കപ്പെട്ടിരിക്കുന്നു. ഇനിയും നടപടിയെടുത്തില്ലങ്കിൽ കേരളത്തെ കാത്തിരിക്കുന്നത് വൻ ദുരന്തമാണ്. അത് നിങ്ങൾ വിചാരിക്കും പോലെ യുഗങ്ങൾ ഒന്നും വേണ്ട നാലോ, അഞ്ചോ വർഷങ്ങൾ മതി. അന്ന് ഞാനും നിങ്ങളും ജീവിച്ചിരിപ്പുണ്ടാകും. ആരാണ് കള്ളം പറയുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാകും'.

2020–ൽ പെട്ടിമുടിയിലുണ്ടായ ദുരന്തത്തിലും അദ്ദേഹം പറഞ്ഞു. 'എന്നെ തള്ളി പറഞ്ഞവർ സുരക്ഷിതരായി, സുഖമായി ജീവിക്കുന്നു. എനിക്കെതിരെ തെരുവിൽ ഇറക്കപ്പെട്ട പാവങ്ങൾ മണ്ണിനടിയിലും ഇനിയെങ്കിലും എന്നെ വിശ്വസിക്കു!' ആരെയാണ് നാം വിശ്വസിക്കേണ്ടത്? മാധവ് ഗാഡ്ഗിലിന്റെ കോലം കത്തിച്ചവരെയോ? അതോ, മനുഷ്യ സ്നേഹിയും, പരിസ്ഥിതി ശാസ്ത്രജ്ഞനുമായ ഗാഡ്ഗിലിനെയോ?.

പശ്ചിമഘട്ടനിരകളെ മാധവ് ഗാഡ്ഗിൽ മുന്ന് മേഖലകളായി തരംതിരിക്കുകയാണ് ആദ്യം ചെയ്തത്.

**1) ഒന്നാമത്തെ മേഖല:** ഒന്നാമത്തെ മേഖലയിൽ അദ്ദേഹം ഉൾപ്പെടുത്തിയ സ്ഥലങ്ങളാകട്ടെ, വളരെ പ്രാധാന്യമുള്ളതും ശ്രദ്ധിക്കേണ്ട സ്ഥലങ്ങളുമായിരുന്നു. കേരളത്തിലെ നദികളുടെ ഉത്ഭവസ്ഥാനം ഇവിടെ നിന്നാണ്. പശ്ചിമഘട്ടനിരകളിലെ ഏറ്റവും ഉയരം കൂടിയ സ്ഥലങ്ങളാണ് ഇവ. ഇരുപതു ഡിഗ്രിയിലധികം ചരിവുള്ള ഈ പ്രദേശങ്ങളിൽ എന്തെല്ലാം നിയന്ത്രണങ്ങൾ വേണമെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. അതീവ പരിസ്ഥിതി ലോല മേഖലയായ ഈ പ്രദേശങ്ങളിൽ യാതൊരു വിധ വികസന പ്രവർത്തനങ്ങളും നടത്താൻ പാടുള്ളതല്ല. ഇപ്പോൾ ദുരന്തത്തിൽപ്പെട്ട വയനാട് ജില്ലയിലെ പ്രദേശങ്ങൾ, ഈ ഒന്നാമത്തെ മേഖലയിൽപ്പെടുന്ന പ്രദേശങ്ങളാണ്.

**2) രണ്ടാമത്തെ മേഖല:** രണ്ടാമത്തെ മേഖലയിൽ വളരെ പരിമിതമായ തോതിൽ കൃഷി ചെയ്യാൻ അനുവാദമുണ്ട്. പക്ഷെ, ഖനനം, മരം വെട്ടൽ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നിരോധനമുണ്ട്.

**3) മൂന്നാം മേഖല:** മൂന്നാം മേഖലയിൽ യഥേഷ്ടം കൃഷി, ക്വാറി അടക്കമുള്ള ഖനനങ്ങളും നടത്താനുള്ള അനുവാദമുണ്ട്.

പക്ഷേ, യാതൊരു വിധ ഇടപെടലുകളും പാടില്ല എന്ന് നിഷ്കർഷിച്ച, അടിവരയിട്ട് പറഞ്ഞ അതീവലോല പ്രദേശങ്ങളായ ഒന്നാം മേഖലയിലാണ് കൈയ്യേറ്റക്കാരും, കുടിയേറ്റക്കാരും മറ്റും ആക്രമിച്ചു കയറിയത്. അവർക്ക് സർവ്വാത്മനാ പിന്തുണക്കാൻ ക്വാറി മാഫിയയും, ചില രാഷ്ട്രീയ പാർട്ടികളും, മതതീവ്രവാദികളും ഉണ്ടായിരുന്നു. ചരിവുള്ള പ്രദേശങ്ങളിലെ മനുഷ്യന്റെ ഇടപെടലുകൾക്കുള്ള എല്ലാ മാനദണ്ഡങ്ങളും കാറ്റിൽ പറത്തിക്കൊണ്ടുള്ള ചൂഷണമാണ് നടന്നത്. ഏറ്റവും വലിയ സംരക്ഷിതമേഖലയെ തകർത്തെറിയാൻ ഈ അവിശുദ്ധ കൂട്ടുകെട്ടിന് കഴിഞ്ഞു എന്നത് ഒരു വലിയ സത്യം തന്നെയാണ്.

(തുടരും.......)

---

(37-ാം പേജിന്റെ തുടർച്ച...)

എന്ന് ധാതുപാഠം. വദന, കഥന എന്നിവ പര്യായങ്ങൾ ശ്രുതി കഥനമായാൽ ശ്രവണമാകും. അപ്പോൾ മനനമുണ്ടാകും. മനനത്താൽ തിദിധ്യാനവും ഉണ്ടാകും. അതിനാൽ കഥനത്തെ ആശ്രയിച്ചു നിൽക്കുന്ന ശ്രവണാദികൾ തന്നെയാണ് വദന എന്നതിനർത്ഥം. കൂടാതെ അവ ശ്രവണാദിഅബ്ജവുമാണ്. അപ് ശബ്ദത്തിന് വെള്ളമെന്നും കർമ്മമെന്നും അർത്ഥമുണ്ട്. അബ്ജയുടെ അർത്ഥമാണ് കർമ്മളു.

'തമേവ വേദാനു വചനേന ബ്രാഹ്മണാ
വിവിദിഷന്തി യജ്ഞേന ദാനേന തപസാ'

വേദപാഠം ആദിയായവയാണ് വേദാനു വചനങ്ങൾ.

'യജ ദേവ പൂജാ സംഗതികരണ ദാനേഷമു'

എന്നതനുസരിച്ച് ദേവപൂജനം സത്സംഗതി ആദിയായവ യജ്ഞങ്ങളാണ്. ഇവിടെയും ആഹൂതികളുണ്ട്. 'ശബ്ദാദീൻ വിഷയാനന്യ ഇന്ദ്രിയഗ്നിഷു ജാഹ്വതി' ശ്രോത്രരൂപികുണ്ഡം. ഇന്ദ്രിയരൂപിഅഗ്നി. അതിൽ ശബ്ദാകാരം ഹോമിക്കുന്നു. അതുതന്നെയാണ് ഹവനം. അതുതന്നെ യജ്ഞം എന്നാൽ ഹവന സാമഗ്രികൾ യോജിച്ചവയായാലേ യജ്ഞമായി കരുതുകയുള്ളു. നെയ്യ്, അരി, പായസം, പഴം, എള്ള് ആദിയായവയാണ് ഹോമിക്കുന്നത്. പവിത്രമായ മാവിൻകൊമ്പും ഉപയോഗിക്കാം. ഉപനിഷദ് ശബ്ദം, ഗീതാശബ്ദം, മന്ത്രം, സ്ത്രോത്രം ആദിയായവ പവിത്രങ്ങളായ ഹവന സാമഗ്രികളാണ്. സത്സംഗം, ശ്രവണം, തുടങ്ങിയവ യജ്ഞമാണ്. ദാനം കർത്തവ്യമാണ്. സ്വശക്തിയനുസരിച്ച് സ്വയംക്രിത നിയമമനുസരിച്ചുള്ള ധനാദികളുടെ ദാനം പുണ്യകർമ്മമാകുന്നു. തപവും പുണ്യകർമ്മമാണ്. ഇവ ആവശ്യം ചെയ്യേണ്ടതാണ്. ജപധ്യാനാദികൾ തപസ്സാണ്. ഇവകൊണ്ട് വിദ്യയുണ്ടാകും. ബ്രഹ്മവിദ്യയെ അബ്ജം എന്നു വിളിക്കും ഇവയ്ക്കെല്ലാം സുര്യാനാണ് ശിവൻ. പ്രേരണാദായി അല്ലെങ്കിൽ പ്രകാശകൻ ശിവൻ തന്നെയാണ്.

(തുടരും.......)

# *ദൃക്ക്ദൃശ്യ വിവേകം*( *19* )

സി. നാരായണൻ – 9819456012

വേദാന്തശാസ്ത്ര പ്രകാരം, ബ്രഹ്മം മാത്രമാണ് ഉള്ളതായിരിക്കുന്നത്. സത്തും ചിത്തും ആനന്ദവുമാണ് ബ്രഹ്മലക്ഷണങ്ങൾ. ബ്രഹ്മത്തിനു മാത്രമാണ് ഉണ്മ എന്നതിനാൽ, ദ്രഷ്ടാവായ ഞാനും, ദൃശ്യമായ ജഗത്തും ബ്രഹ്മം തന്നെ. എന്നാൽ നാമാരും ആ സത്യം തിരിച്ചറിയുന്നില്ല. മായ എന്ന ഒരു ഘടകത്തിന്റെ സ്വാധീനത്താൽ, യഥാർത്ഥത്തിൽ ദൃഗും സാക്ഷിയുമായ ബ്രഹ്മചൈതന്യം, അന്തഃകരണത്തോടു യോജിപ്പിച്ച്, ജ്ഞാതാ എന്ന വ്യക്തിയായി അറിയപ്പെടുന്നു. അതു പോലെ ബാഹ്യമായ ലോകത്തിൽ, ബ്രഹ്മസത്തയെ നാമരൂപങ്ങളായും കാണുന്നു. സാക്ഷിചൈതന്യം മാത്രമാണ് സത്യം. പുറത്തുള്ള ലോകത്തേയും അകത്തുള്ള ചിന്തകളേയും അറിയുന്ന ജ്ഞാതാ മിഥ്യയാണ്. എന്നാൽ സാക്ഷിയും ജ്ഞാതാവും തമ്മിലുള്ള വ്യത്യാസം മായയുടെ ആവരണശക്തിയിൽ മറയപ്പെട്ടിരിക്കുന്നു.

അകത്തുള്ള സാക്ഷിചൈതന്യമാകുന്ന ബ്രഹ്മത്തേയും, പുറത്തുള്ള ബ്രഹ്മത്തേയും മനുഷ്യമനസ്സിന് സാക്ഷാത്ക്കരിക്കാവുന്നതാണ്. അങ്ങനെ സാക്ഷാക്കരിക്കുന്നതിനെ സമാധി എന്നു പറയും. ഇരുപത്തിമൂന്നാമത്തെ ശ്ലോകത്തിൽ, ദൃശ്യാനുവിദ്ധാനം, ശബ്ദാനുവിദ്ധാനം എന്നിങ്ങനെ അന്തർഭാഗത്ത് രണ്ടു തരം സവികല്പസമാധികൾ പരിശീലിക്കാമെന്നു പറഞ്ഞു. പിന്നെ ആ രണ്ടുതരത്തിലുള്ള സവികല്പസമാധികളും നിർവികല്പസമാധിയിൽ പൂർണ്ണത പ്രാപിക്കുമെന്നും പറയുകയുണ്ടായി.

ഇരുപത്തിനാലാമത്തെ ശ്ലോകത്തിൽ, ദൃശ്യാനുവിദ്ധസവികല്പസമാധിയുടെ പ്രകൃതം വിശദീകരിച്ചു. എങ്ങനെയെന്നാൽ, മനസ്സിലെ ദൃശ്യങ്ങളെ അഥവാ ചിന്തകളെ പൂർണ്ണമായി അവഗണിച്ച്, ആ ജഡമായ ചിന്തകൾ ഏതു ചൈതന്യത്തിലാണോ അറിയപ്പെടുന്നതായിത്തീരുന്നത്, ആ ചൈതന്യത്തിൽ മനസ്സുറപ്പിക്കുക എന്നതാണ് ദൃശ്യാനുവിദ്ധ സവികല്പസമാധി. അതിൽ ചിന്തകളുടെ സ്വഭാവം തീരെ പ്രസക്തമല്ല. ചിന്തകൾക്ക് അസ്തിത്വവും പ്രകാശവും പ്രദാനം ചെയ്യുന്ന സാക്ഷിചൈതന്യമാണ് പ്രധാനം. ശിവമായിരിക്കുന്ന ആ ചൈതന്യത്തിൽ മാത്രം മനസ്സുറപ്പിച്ച് അതിനെ ധ്യാനിക്കുക. അത്തരത്തിൽ വേർ തിരിഞ്ഞു കിട്ടുന്ന ചൈതന്യത്തെ നിർവികല്പസമാധിയിലെത്തിക്കാനായി, ഒരു പടി കൂടി കടക്കണമെന്ന് ആചാര്യൻ ഉപദേശിക്കുന്നു. അതാണ് ശബ്ദാനുവിദ്ധസവികല്പസമാധി. ഇരുപത്തഞ്ചാമത്തെ ശ്ലോകം അതാണു പറയുന്നത്.

അസംഗ സച്ചിദാനന്ദ
 സ്വപ്രഭോ
ദ്വൈതവർജ്ജിതഃ
 അസ്മീതിശബ്ദ
വിദ്ധോയം
 സമാധിഃ സവികല്പഃ. ( 25 )

അസംഗഃ = ഒന്നിനോടും ചേർച്ചയില്ലാത്ത
സച്ചിദാനന്ദ: = സത്തും ചിത്തും ആനന്ദവുംസ്വരൂപമായത്
സ്വപ്രഭഃ = സ്വയം പ്രകാശിക്കുന്നത്.
ദ്വൈതവർജ്ജിതഃ = രണ്ടാമതൊന്നില്ലാത്ത
അസ്മി = ഞാൻ ആകുന്നു
ഇതി അയം (ഭാവയേത്) = എന്നിങ്ങനെ ധരിക്കണം
ശബ്ദവിദ്ധഃ = വാക്കുകളോടുകൂടിയ
സവികല്പഃ = ധ്യാതാ, ധ്യേയം എന്ന വ്യത്യാസത്തോടു കൂടിയ
സമാധി = മനസ്സിന്റെ നിശ്ചലത്വം.

(‘ഞാൻ അസംഗനാണ്, സച്ചിദാനന്ദമാണ്, സ്വപ്രകാശകനാണ്, അദ്വയനാണ്’ എന്നിങ്ങനെയുള്ള ശ്രുതിവചനങ്ങളുടെ ധ്യാനത്തെ ശബ്ദാനുവിദ്ധ സവികല്പ സമാധിയെന്നു പറയുന്നു.)

'ദൃഗ് ദൃശ്യവിവേകം' എന്ന ഈ കൃതി സരസ്വതീരഹസ്യോപനിഷത്തിനെ ആസ്പദമാക്കിയുള്ളതാണെന്നു തുടക്കത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. ഇതിലെ ചില ശ്ലോകങ്ങൾ, ആ ഉപനിഷത്തിലെ മന്ത്രങ്ങൾ തന്നെയാണ്. ഈ ശ്ലോകം സരസ്വതീരഹസ്യോപനിഷത്തിലെ 62-ാം മത്തെ മന്ത്രമാണ്.

ഒരു ചിന്തയുടെ രൂപം മിത്ഥ്യയാണെങ്കിലും അത് പ്രകാശിക്കുന്നത് സത്യമായ ചൈതന്യത്തിലാണ്. ആ ചൈതന്യമാണ് നാമോരോരുത്തരുടെയും ഞാൻ എന്ന സത്ത. ഞാൻ ദുഃഖിയും ഭീതനുമൊക്കെയാവുന്നത് സത്യമായ ചൈതന്യത്തെ മറന്ന, ഞാനെന്നാൽ നാമരൂപാത്മകമായ ശരീരമനാദികളാണെന്നു തെറ്റിദ്ധരിക്കുന്നതു കൊണ്ടാണ്. ഈ ചൈതന്യത്തെ മനസ്സിലുറപ്പിക്കാൻ, ശ്രുതി അതിന്റെ ലക്ഷണങ്ങൾ പറയുന്നു. ആ ലക്ഷണങ്ങൾ മനസ്സിൽ ജപിക്കാനുള്ളതല്ല. അവയുടെ അർത്ഥത്തെ മനനം ചെയ്യുകയാണ് വേണ്ടത്. അവയുടെ സ്മരണം, സ്ഫുരണമായി മനസ്സിൽ തെളിയണം. ശ്രുതി, ധ്യാനത്തിനു വേണ്ടി പറയുന്ന വാക്കുകൾ, മാമ്പഴം, കുതിരവണ്ടി, ജലം എന്നിവയെപ്പോലെ ലൗകികവസ്തുക്കളെ കുറിക്കുന്നവയല്ല. ശ്രുതി നിർദ്ദേശിക്കുന്നു എന്ന ഒറ്റക്കാരണത്താൽത്തന്നെ ആ വാക്കുകൾക്കു പ്രത്യേകശക്തിയുണ്ട്. ഈ ശ്ലോകത്തിലെ നാലു വാക്കുകൾ ഏതൊക്കെയാണെന്നു നോക്കാം

***അസംഗം***

യഥാർത്ഥത്തിലുള്ള ഞാനെന്ന സാക്ഷി ചൈതന്യം, അസംഗമാണ്. അതിനൊന്നുമായ്യും കൂടിച്ചേരാനാവില്ല. കൂടിച്ചേരൽ സംഭവിക്കണമെങ്കിൽ ആ വസ്തുവിനവയവങ്ങൾ വേണം. സർവ്വവ്യാപിയായ ചൈതന്യത്തിന് അവയവങ്ങളില്ല. പഞ്ചഭൂതങ്ങളിലൊന്നായ ആകാശ (space) ത്തിനു പോലും ഒരു വസ്തുവുമായും സംബന്ധമില്ല. അപ്പോൾ ആകാശത്തേക്കാൾ സൂക്ഷ്മമായ ചൈതന്യത്തിനെങ്ങനെ സംഗമുണ്ടാവും?

നമുക്കു ചുറ്റുമുള്ള വസ്തുക്കളുമായും വ്യക്തികളുമായും യഥാർത്ഥത്തിൽ നമുക്കൊരു ബന്ധവുമില്ല. ആരുമായാണ് നമുക്കു സ്ഥിരമായ ഒരു ബന്ധമുള്ളത? നാം ബാല്യം മുതൽ ഇന്നു വരെ എത്ര പേരായി സൗഹൃദബന്ധത്തിലും ക്രയവിക്രിയാബന്ധങ്ങളിലും ഏർപ്പെട്ടു.? ഗാഢമെന്നു ഒരു കാലത്ത് വിശ്വസിച്ചിരുന്ന പല ബന്ധങ്ങളും നാമിന്ന് ഓർക്കുന്നു പോലുമില്ല. അതുപോലെ തന്നെയാണ് വസ്തുക്കളുടെ കാര്യവും. ഉടമസ്ഥതയിൽ അഭിമാനം കൊണ്ടിരുന്ന പല വസ്തുക്കളേയും ഇപ്പോൾ ഓർമ്മിച്ചെടുക്കുക പോലും അസാദ്ധ്യമാണ്. ഇപ്പോൾ എന്റെതെന്നു കരുതുന്ന വീടും സ്വത്തുമെല്ലാം വന്നു ചേർന്നവയാണ്. താത്വികമായിട്ടെങ്കിലും അവ ഏതു നിമിഷവും നഷ്ടപ്പെടാവുന്നവയുമാണ്. സ്വന്തമെന്നു കരുതുന്ന ശരീരമായിപ്പോലും, ശരിക്കു പറഞ്ഞാൽ നമുക്കു ബന്ധമൊന്നുമില്ല. കാരണം, അത് നിരന്തരം മാറിക്കൊണ്ടിരിക്കുന്നുണ്ട്. ബാല്യത്തിൽ എന്റെതെന്നു ധരിച്ച ശരീരമല്ല ഇപ്പോളുള്ളത്. മർമ്മപ്രധാനമായ ചില മാറ്റങ്ങൾ അതിൽ സംഭവിക്കുന്നത് ഞാനറിയുന്നു പോലുമില്ല സദാ മാറിക്കൊണ്ടിരിക്കുന്ന ഒരു ശരീരമായി ഞാനെങ്ങനെ ബന്ധം വെക്കും?

നമുക്കു ശരീരമായോ മനോബുദ്ധിയായൊ, ലോകമായോ ഒരു ബന്ധവുമില്ലെന്ന്, നാം സുഷുപ്തിയിലേക്കു കടക്കുമ്പോളത്തെ അവസ്ഥ വിശകലനം ചെയ്താൽ മനസ്സിലാവും. അവിടെ നാമെല്ലാം വിട്ടു നിൽക്കുന്നു. ഏതെങ്കിലും വസ്തുക്കളേയോ ശരീരത്തെപോലുമോ ആശ്രയിക്കാതെ നാം ഉറക്കത്തിൽ സുഖനിർവൃതി അനുഭവിക്കുന്നു. നമുക്കു ചിന്തിക്കാവുന്നതിൽ വെച്ച് ഏറ്റവും ശക്തമായ മമതാബന്ധം, പ്രായം കുറഞ്ഞ ഒരമ്മക്ക് തനിക്കു ജനിച്ച ആദ്യത്തെ കുഞ്ഞിനോടു തോന്നുന്ന ബന്ധമാണ്. ആ അമ്മയുടെ ശ്വാസോച്ഛ്വാസം പോലും തന്റെ ശിശുവിന്റെ സുഖത്തെ ചുറ്റിപ്പറ്റിയാവും. എന്നാൽ ആ അമ്മ സുഷുപ്തിയെ പ്രാപിക്കുമ്പോൾ തന്റെ കുഞ്ഞിനെ പാടെ വിസ്മരിക്കുന്നു. മാത്രമല്ല, ആ മറവിയിൽ എന്തെന്നില്ലാത്ത ആനന്ദവും അനുഭവിക്കുന്നു. അതിനു കാരണം,

സുഷുപ്തിയിൽ ആ അമ്മ, തന്റെ സ്വരൂപവുമായി വളരെയടുക്കുന്നുവെന്നും കുഞ്ഞിനു സ്വരൂപമായി ഒരു ബന്ധവുമില്ല എന്നുമാണ്.

ഇവിടെ മനസ്സിലാക്കേണ്ടതായ ഏറ്റവും പ്രധാന വസ്തുത, ഈ സാക്ഷിചൈതന്യം അസംഗമായതിനാൽ ലോകത്തിലെ ഒന്നും അതിന്റെ സ്വരൂപമായ ആനന്ദത്തെ ബാധിക്കുന്നില്ലെന്നാണ്. അത് നിത്യസ്വതന്ത്രമായി നില കൊള്ളുന്നു. സ്വപ്നത്തിലെ എന്തിനോടും ജാഗ്രത്തിലെ ശരീരം അസംഗമായാണല്ലോ സ്ഥിതി ചെയ്യുന്നത്.

***സച്ചിദാനന്ദം***

സത്, ചിത്, ആനന്ദം എന്നിവയാണ് ബ്രഹ്മത്തിന്റെ ലക്ഷണങ്ങൾ. ആ മൂന്നും ബ്രഹ്മത്തിന്റെ ഗുണങ്ങളല്ല, ബ്രഹ്മത്തിന്റെ സ്വരൂപമാണ്. സത് എന്നാൽ അസ്തിത്വം. നാം ഓരോ വസ്തുവും, മേശ ഉണ്ട്, കുടം ഉണ്ട്, പശു ഉണ്ട് എന്നിങ്ങനെയാണല്ലോ അവയെയെല്ലാം ബോധിക്കുന്നത്. ആ ഉണ്മ ബ്രഹ്മത്തിന്റെ മാത്രം ലക്ഷണമാണ്. കുടം ഉണ്ട് എന്നു പറയുമ്പോൾ, കുടം എന്ന നാമരൂപം ബ്രഹ്മത്തിൽ ആരോപിച്ചിട്ടാണ് കുടം എന്ന പ്രത്യേക ബോധം ഉണ്ടാവുന്നത്. ബ്രഹ്മം ചിത് അഥവാ ബോധമാണെന്നു മുൻപേ പറഞ്ഞു. ബോധത്തിലാണ് എല്ലാം നില കൊള്ളുന്നത്. ബോധത്തിൽ നിന്നു വിട്ടു നിൽക്കുന്ന ഒരു വസ്തുവിനെ എങ്ങനെയറിയാൻ? ആനന്ദവും ബ്രഹ്മത്തിന്റേതു മാത്രമാണ്. വസ്തുക്കളിൽ ആനന്ദമുണ്ടെന്നുള്ളത് ഒരു തെറ്റിദ്ധാരണയാണ്. സുഷുപ്തിയിൽ ഒരു വസ്തുവിന്റയും സംബന്ധമില്ലാത്തപ്പോളും നാം നിരതിശയമായ ആനന്ദം അനുഭവിക്കുന്നുണ്ട്. ഇന്ദ്രിയങ്ങൾ നിദ്ര പൂണ്ട്, മനസ്സു ലയിക്കുന്ന ആ അവസരത്തിൽ നാമനുഭവിക്കുന്നത്, ആത്മാനന്ദമാണെന്നതിനു സംശയമില്ല.

***സ്വപ്രഭ***

നമുക്ക് വിഷയജ്ഞാനമുണ്ടാവുന്നത്, വിഷയം അതിനെ സംബന്ധിക്കുന്ന ഇന്ദ്രിയവുമായി സംയോജിക്കുമ്പോളാണ്. പക്ഷേ ഒരിന്ദ്രിയത്തിനും സ്വന്തമായ ചൈതന്യമില്ല. ഉദാഹരണത്തിനു കണ്ണിനു സ്വന്തവും സ്വതന്ത്രവുമായ കാഴ്ചശക്തി ഉണ്ടെന്നിരിക്കട്ടെ. നമ്മളിൽ ഇരുപത്തിനാലു മണിക്കൂറും കാഴ്ച എന്ന അറിവ് വിളങ്ങിക്കൊണ്ടിരിക്കും എന്നാൽ അങ്ങനെ സംഭവിക്കുന്നില്ലല്ലോ. മനസ്സുമായി കൂടിച്ചേരുമ്പോൾ മാത്രമേ 'കാണൽ' എന്ന പ്രക്രിയ സംഭവിക്കുന്നുള്ളൂ. എന്നാൽ മനസ്സിനും സ്വന്തമായ ചൈതന്യം ഇല്ല. അതും ചൈതന്യം കടമെടുക്കുന്നതാണ്. അല്ലെങ്കിൽ ഉറക്കം എന്ന പ്രതിഭാസം തന്നെയുണ്ടാവില്ല. മനസ്സു സദാ ബോധരൂപമായിത്തന്നെയിരിക്കും. മാത്രമല്ല, മനസ്സ് ഏതോ ഒരു സത്തക്ക് വിഷയമാവുന്നുണ്ടെന്നു കാണാം. അതു കൊണ്ടാണ് നമുക്ക് മനസ്സിന്റെ സ്വാസ്ഥ്യം അസ്വാസ്ഥ്യം എന്നീ അവസ്ഥകൾ അറിയാൻ സാധിക്കുന്നത്. വിഷയമായിത്തീരുന്ന എന്തും ജഡമാണ്. മനസ്സ് ഏതു തത്ത്വത്തിനാണോ വിഷയമായിത്തീരുന്നത്, ആ തത്ത്വം സ്വയം ചേതനമാവാതെ വയ്യ. അല്ലാത്ത പക്ഷം, അതിനെ അറിയുന്ന മറ്റൊരു തത്ത്വം, മറ്റൊന്നായ അതിനേയും അറിയുന്ന വേറെയൊന്ന്, എന്നിങ്ങനെ അനവസ്ഥാദോഷത്തിൽ കലാശിക്കും.

ഉപനിഷത്തുകളിൽ ആത്മാവിന്റെ സ്വപ്രഭാസ്വഭാവം ഉടനീളം പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്.

'തമേവഭാന്തം അനുഭാതി സർവ്വം' (അതു പ്രകാശിക്കുന്നു, മറ്റെല്ലാം പ്രതിഫലിക്കുന്നു) എന്ന വാക്യം മൂന്നു ഉപനിഷത്തുകളിലുണ്ട്

***ദ്വൈതവർജ്ജിതം***

ബ്രഹ്മം സത് അല്ലെങ്കിൽ അസ്തിത്വമാണ്. പ്രപഞ്ചത്തിൽ അസ്തിത്വം ബ്രഹ്മത്തിനു മാത്രമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പ്രപഞ്ചത്തിന്റെ അസ്തിത്വം ബ്രഹ്മത്തിന്റെതാണ്. മറ്റൊന്നു കാണപ്പെടുന്നുണ്ടെങ്കിൽ അത് ബ്രഹ്മത്തിൽ മിന്നി മറയുന്ന പ്രതീതി മാത്രമാണ്. ഒരു ദൃഷ്ടാന്തത്തിലൂടെ അതു വിശദീകരിക്കാം. ഒരു സ്വർണ്ണക്കടയിൽ നെക്ക്ലസ്സ്, വള, അരഞ്ഞാണം, മോതിരം മുതലായ പലതരം ആഭരണങ്ങൾ കാണാം. എന്നാൽ അവയെല്ലാം സ്വർണ്ണം എന്ന ഒരൊറ്റ വസ്തുവിന്റെ രൂപഭേദങ്ങളാണ്. ആഭരണത്തിനു സ്വർണ്ണ

ത്തിൽ നിന്നു വ്യതിരിക്തമായി ഒരസ്തിത്വമില്ല. സ്വർണ്ണം നെക്ക്ലസ്സ് എന്നിങ്ങനെ രണ്ടു പേരുകൾ പറയുമെങ്കിലും, സ്വർണ്ണത്തിൽ നിന്നു വേറിട്ടു നിൽക്കുന്ന രണ്ടാമത്തേതായ ഒരു സത്തയല്ല നെക്കലസ്സ്. നെക്കലസ്സിന്റെ തിളക്കവും തൂക്കവും സ്വർണ്ണത്തിന്റെതാണ്. അതായത്, ഒന്നു സ്വർണ്ണം, പിന്നെയൊന്നു നെക്ക്ലസ്സ്, എന്നിങ്ങനെ രണ്ടു ഭിന്ന യാഥാർത്ഥ്യങ്ങളില്ല. തത്വജ്ഞാനത്തിന്റെ ഭാഷയിൽ സ്വർണ്ണം അദ്വയമാണ്.അതായത്, കാരണം, കാര്യം എന്നിങ്ങനെ രണ്ടുണ്ടെന്നു തോന്നപ്പെടുന്നുണ്ടെങ്കിലുംരണ്ടാമതായി ഒന്നില്ല. തികച്ചും അതു പോലെ നിർവിശേഷമായ ഒരേയൊരു ബോധമാണ്, 'ഞാൻ' എന്നും 'ഇതെ'ന്നുമുള്ള രണ്ടു ഭിന്ന അറിവുകളായി തോന്നപ്പെടുന്നത്. അവ പേരിൽ മാത്രമാണ് രണ്ട്. യഥാർത്ഥത്തിൽ ഒന്നാണ് അതാണ് ദ്വൈതവർജ്ജിതമെന്നു പറഞ്ഞാൽ .

ശ്ലോകത്തിൽ പറയപ്പെട്ട നാലു കൂടാതെ ശ്രുതിയിൽ പിന്നേയും ആത്മാവിന്റെ മാഹാത്മ്യം കാണിക്കുന്ന പ്രയോഗങ്ങളുണ്ട്. സോഹം, ശുദ്ധോഹം, ബുദ്ധോഹം, അനന്തോഹം, അഖണ്ഡബോധരൂപോഹം, വിദിതവിദതതോന്യഹം, അക്ഷരോഹം, സ്വയംജ്യോതിരഹം, നിരീഹോസ്മി, നിർമ്മമോസ്മി, സ്വസ്ഥോസ്മി, നിസ്പൃഹോസ്മി, ശാന്തോഹം, ശിവോഹം. എന്നീ പ്രയോഗങ്ങളും ശബ്ദാനുവിദ്ധസമാധിക്കുപയോഗിക്കാവുന്നതാണ്.

ഇങ്ങനെ ആത്മാവിനെ ശ്രുതിയിലെ ശബ്ദങ്ങളുടെ സഹായത്തോടെ ധ്യാനിക്കുമ്പോളും, ധ്യാനം, ധ്യാതാ, ധ്യേയം എന്ന ത്രിപുടി നില നിൽക്കുന്നുണ്ട്. അതുകൊണ്ടാണതിനെ സവികല്പസമാധി എന്നു വിളിക്കുന്നത്. ത്രിപുടിയും ചൈതന്യത്തിൽ ലയിക്കുന്നതാണ് നിർവികല്പസമാധി. അത് അടുത്ത ശ്ലോകത്തിൽ വിശദീകരിക്കപ്പെടും.

(തുടരും.......)

മിനിക്കഥ

ഉണ്ണി വാരിയത്ത് - 9867179480

## 'മന:ക്ലേശം'

കാണുമ്പോഴെല്ലാം അവൻ പറയും ജീവിതം പ്രശ്ന സങ്കീർണ്ണമാണെന്നും അതുകൊണ്ടുതന്നെ വിരസമാണെന്നും. ചിലർ അങ്ങനെയാണ്. അശുഭാപ്തി വിശ്വാസവും നിഷേധാത്മക ചിന്തയും അവരുടെ കൂടപ്പിറപ്പുകളാണ്.

പ്രതിസന്ധികളെ വകവെയ്ക്കാതെ തുടരേണ്ടതാണ് ജീവിതയാത്ര. എത്രാമത്തെ കാലടിവെയ്പിലാണ് ജീവിതം മാറിമറിയുക എന്ന് ആർക്കും പറയാനാവില്ല. അപ്രതീക്ഷിതസമയത്ത് അത് സംഭവിച്ചിരിക്കും. അങ്ങനെ വിശ്വസിച്ചാൽ പാതി മന:ക്ലേശം അവിടെ തീരുമല്ലോ!

## 12-ാം ചരമവാർഷികം

**07.12.2024**



**എം. കെ. പണിക്കർ**

കല്യാൺ, പ്ലോട്ട് നമ്പർ 44, കൃഷ്ണവിഹാർ കോളനി, പനമ്പിള്ളി നഗർ, കൊച്ചി - 682036

**സപ്ത കുടുംബാംഗങ്ങൾ**

# പ്രകൃതിയുടെ കരുതൽ



പ്രൊഫ. ജ്യോതിലക്ഷ്മി . പി : 7012287878

(ഈ ഓർമ്മക്കുറിപ്പ് ഡിസംബർ 4ന് ആചരിക്കുന്ന Wild life Conservation day- യുടെ ഓർമ്മപ്പെടുത്തൽ ആയി സമർപ്പിക്കുന്നു.)

തിരക്കേറിയ ഔദ്യോഗിക ജീവിതത്തിൽ നിന്നുള്ള റിട്ടയർമെന്റിനു ശേഷം അനുഭവിക്കേണ്ടിവന്ന ആശുപത്രി വാസവും ചികിത്സകളും ശരീരത്തെയും മനസ്സിനേയും ഒരേപോലെ തളർത്തിയകാലം. നിലയ്ക്കാത്ത നൃത്തത്തിന്നവസാനം തലച്ചുറ്റി താഴെ വീണുഴറിപോയ കുട്ടിയെപോലെ പകച്ചുപോയ സമയങ്ങൾ. ദൈവാനുഗ്രഹവും, കുടുംബത്തിന്റെ പൂർണ്ണ പിന്തുണയും മനോധൈര്യവുമൊക്കെ കൊണ്ട് മെല്ലെ തിരിച്ചു വന്നു, സാധാരണ ജീവിതത്തിലേക്ക് . പക്ഷെ ചികിത്സയും നീണ്ട വിശ്രമവും ജീവിതത്തെ ഉന്മേഷരഹിതവും വിരസവുമാക്കിയിരുന്നു. ഇതിൽ നിന്നൊരു താൽക്കാലിക മാറ്റമെങ്കിലും വേണമെന്ന് അതിയായി ആഗ്രഹിച്ചിരിക്കുമ്പോഴാണ് ഔദ്യോഗിക ആവശ്യവുമായി ബന്ധപ്പെട്ട് അട്ടപ്പാടിയിലേക്ക് ഒരു ചെറിയ യാത്ര പോകാം എന്ന ആശയം ഭർത്താവ് പറഞ്ഞത്. കേൾക്കാൻ കൊതിച്ചിരുന്ന കാര്യം , ഞാൻ സന്തോഷത്തോടെ സമ്മതിച്ചു. ആൾക്കൂട്ടത്തിൽ നിന്നൊഴിഞ്ഞ് പ്രകൃതിയിലേക്ക് ഒരു യാത്ര തന്നെയാണ് മനസ്സുകൊണ്ട് ഞാൻ ആഗ്രഹിച്ചിരുന്നത്.

യാത്രയുടെ ആദ്യദിവസം ഔദ്യോഗിക കാര്യങ്ങൾക്ക് മാറ്റിവെച്ച് രണ്ടാം ദിവസമാണ് അട്ടപ്പാടി ഷോളയൂരിലെ ചില സ്ഥലങ്ങൾ കാണാനായി ഒരു ഓഫ് റോഡ് ട്രിപ്പ് പോയത്. ഭവാനിപ്പുഴയുടെ ഒരു ഭാഗമായ ചിറ്റൂർപ്പുഴയിൽ ഇറങ്ങാവുന്ന ഒരു സ്ഥലത്തേക്കാണ് ആദ്യം പോയത്. കാലത്ത് എട്ടുമണി കഴിഞ്ഞിരുന്നു. വെയിൽ പരന്നു തുടങ്ങുന്നുവെങ്കിലും മഞ്ഞിന്റെ മുടലുമുണ്ട് . സുഖകരമായ കാലാവസ്ഥ. ജീപ്പ് ഒരു ടാറിടാത്ത പരുക്കൻ വഴിയിലേക്ക് തിരിഞ്ഞു. ഇടുങ്ങിയ, പൊന്തകൾ നിറഞ്ഞ വളവുകളും കയറ്റിറക്കങ്ങളുമുള്ള വഴി. പൊന്തചെടികളിലവിടവിടെ കുഞ്ഞു സൂര്യകാന്തി പോലെയുള്ള മനോഹരമായ പൂക്കൾ, നിറയെ പൂമ്പാറ്റകളും. ഓഫ് റോഡ് യാത്രയിലെ കുലുക്കങ്ങളും, വളവുകളുമൊക്കെ ആസ്വദിച്ച് ഞാനിരുന്നു. പൊന്തയിലെ ചെടികളിൽ മെല്ലെയുരസി ഒരു നല്ല വളവെടുത്ത് ജീപ്പ് മുന്നോട്ട് നീങ്ങിയപ്പോൾ , എന്താരസം, ജീപ്പിന്റെ മുൻപിൽ നിറയെ വായുവിൽ പാറിനടക്കുന്ന ചെറിയ അപ്പൂപ്പൻതാടികൾ. പൊന്തയിലെ കുഞ്ഞു സൂര്യകാന്തിപ്പൂവുകൾ പലതുമുണങ്ങി അപ്പൂപ്പൻതാടി പോലെയുള്ള വിത്തുകളായി , ജീപ്പിന്റെ ഉരസലിലും കാറ്റിലും പെട്ട് പാറിക്കളിക്കുന്ന ദൃശ്യം, മനസ്സിലുമൊരു സന്തോഷത്തിൻ നുരപൊട്ടിയ പോലെ. കുറെ വളവുകളും കയറ്റങ്ങളും പിന്നീട് ഒരു ചതുപ്പുള്ള സ്ഥലത്തിനരികെ ജീപ്പ് നിർത്തി. ഇനി ഒരു ഇറക്കമിറങ്ങി നടന്നാൽ പുഴയായി. ദൂരെ നിന്നുതന്നെ കാണാം തെളിഞ്ഞ പുഴയോരം. ചുറ്റും ചെറിയ കുറ്റിച്ചെടികളിലൊക്കെ ഒരു തരം മഞ്ഞപ്പൂക്കൾ വിടർന്നു ചിരിച്ചു നിൽക്കുന്നു, നിറയെ ഉരുളൻ കല്ലുകൾക്കുമീതെ തെളിഞ്ഞൊഴുകുന്ന തണുത്ത പുഴ, പുഴയെ തൊട്ട് പറക്കുന്ന വെയിൽ നിറമുള്ള തുമ്പികൾ. പുഴയിലിറങ്ങിനിന്ന് കൈക്കുമ്പിളിൽ വെള്ളമെടുത്ത് കണ്ണും മുഖവും കഴുകുമ്പോൾ, ഹാ, ആത്മാവുപോലും കുളിർന്ന പോലെ. വെള്ളത്തിലെ ചെറിയ കല്ലുമുട്ടി മീനുകൾ പമ്മി വന്നു കാലിൽ കടിക്കുന്നു. അവയെ പിടിക്കാൻ ഒരു വൃഥാ ശ്രമം നടത്തിയപ്പോഴാ

ണ് പുഴയിലെ മണൽത്തരികൾക്കിടയിലെ സ്വർണ്ണപ്പൊടിത്തിളക്കം കണ്ണിലുടക്കിയത്. അട്ടപ്പാടി പുഴയോരങ്ങളിൽ അപൂർവ്വമായി കാണപ്പെടുന്ന 'ഇക്വിസിറ്റം' എന്ന സസ്യത്തെപ്പറ്റിയുള്ള ഓർമ്മകൾ പൊടുന്നനെ മനസ്സിലേക്ക് വന്നു. ചുറ്റും പുഴയോരത്തേക്ക് അറിയാതെ കണ്ണുകൾ തെരഞ്ഞു, പക്ഷെ ഇവിടെയൊന്നും കാണാനില്ല. പക്ഷെ ആ ചെടിയുമായി ബന്ധപ്പെട്ട കുറെ ഭൂതകാല ചിന്തകൾ ഉന്മേഷവാഹിയായ ഒരു മന്ദമാരുതനെപ്പോലെ മനസ്സിലേക്ക് തള്ളിക്കയറി.

ഒരു വഴക്കമില്ലാത്ത പേരുള്ള ചെടിയെപ്പറ്റി എന്താണോർക്കാൻ എന്ന് തോന്നാം. പക്ഷെ ആറേഴുവർഷം സസ്യശാസ്ത്രം പഠിച്ചു, ഏകദേശം മുപ്പതു വർഷത്തോളം കോളേജിൽ ബോട്ടണി അദ്ധ്യാപികയായും, പിന്നീട് പ്രിൻസിപ്പലായി റിട്ടയർ ചെയ്തും കഴിഞ്ഞുപോയ എന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും മനുഷ്യരുടെ മുഖത്ത് നോക്കുന്നതിലേറെ കൗതുകത്തോടെ കാട്ടുചെടികളെ തെരഞ്ഞുനടന്നത് മറക്കാൻ പറ്റില്ലല്ലോ? റോഡിലും, ഇടവഴികളിലും, വയൽ വരമ്പിലും, കുന്നുംപുറത്തും, പുഴക്കരയിലും, അമ്പലക്കാവിലുമൊക്കെ നടക്കുമ്പോൾ അറിയാതെ ശ്രദ്ധ ചുറ്റും നിൽക്കുന്ന ചെടികളിലേക്ക് പോകും. ഇതിന്റെ ബൊട്ടാണിക്കൽ നെയിം , ഫാമിലി , എവിടെ നിന്ന് ഏതു ശേഖരിക്കാൻ കിട്ടും എന്നൊക്കെ . അദ്ധ്യാപികയായിരുന്നപ്പോൾ സിലബസ് പ്രകാരമുള്ള ചില അപൂർവ്വ സസ്യങ്ങൾ എങ്ങനെ ശേഖരിച്ചുകൊണ്ടുവന്ന് പ്രക്റ്റിക്കൽ ചെയ്യിക്കുമെന്നോർത്ത് വ്യാകുലപ്പെട്ടിട്ടുണ്ട് . മിക്കവയും ചുറ്റുപാടുകളിലുള്ളവ തന്നെയായിരിക്കുമെങ്കിലും ചിലത് വ്യത്യസ്ത ചുറ്റുപാടിലുള്ളതും അപൂർവ്വവുമായിരിക്കും. അത്തരത്തിലുള്ള സസ്യമാണ് ഇവിടെ പ്രതിപാദിച്ച 'ഇക്വിസിറ്റം'. അപുഷ്പിത സസ്യങ്ങളുടെ ഒരു വിഭാഗമായ 'പെറ്ററിഡോ ഫൈറ്റ്'യിൽ ഈ സസ്യത്തെ ഉൾപ്പെടുത്തിയിരിക്കുന്നു. സ്വർണ്ണത്തിന്റെ ഇൻഡിക്കേറ്റർ ആണ് ഈ ചെടിയെന്നതാണ് ഇതിന്റെ പ്രത്യേകത, അഥവാ ഈ സസ്യം പ്രകൃത്യാ വളരുന്ന മണ്ണിൽ സ്വർണ്ണത്തിന്റെ ചെറിയ അംശം ഉണ്ടാകും .കേരളത്തിൽ വളരെ അപൂർവ്വമാണെങ്കിലും

അട്ടപ്പാടിഭാഗത്ത് പുഴയോരങ്ങളിൽ ചിലയിടത്ത് ഉണ്ട് എന്ന് കേട്ടിട്ടുണ്ട് . ഈ ചെടി സാധാരണ ഞങ്ങൾ ശേഖരിക്കാറുള്ളത് ബോട്ടണിക്കാരുടെ ഒരു കാലത്തേ സ്ഥിരം സ്റ്റഡിടൂർ ഡെസ്റ്റിനേഷനായ ഊട്ടിയിൽ നിന്നാണ്. അവിടെ ഞങ്ങൾക്കാവശ്യമായ പലതരം ചെടികൾ ശേഖരിച്ചു തരുന്ന ചില ആൾക്കാരുണ്ട് . അവർക്ക് ചെറിയൊരു തുക കൊടുത്താൽ ഇവയൊക്കെ എത്തിച്ചുതരുമായിരുന്നു. അവയൊക്കെ ഫോർമാലിൻ നിറച്ച വലിയ കുപ്പികളിലാക്കി സൂക്ഷിച്ചാൽ രണ്ടു മുന്ന് വർഷം ഉപയോഗിക്കാൻ സാധിക്കും . അങ്ങനെ പോകെ കുറച്ചു വർഷങ്ങളിൽ ഊട്ടിവഴിയുള്ള സ്റ്റഡിടൂറുകൾ നടക്കാതെ വന്നപ്പോൾ ഞങ്ങൾക്ക് ലാബിൽ ഇക്വിസിറ്റത്തിന് ക്ഷാമമമായി. ആ കാലത്താണ് അട്ടപ്പാടിയിൽ നിന്നുള്ള മരുതൻ ബോട്ടണി വിദ്യാർത്ഥിയായി എത്തിയത്. അവസാന ആശ്രയമെന്നുകരുതി മരുതനെ ഡിപ്പാർട്ട്മെന്റിൽ വിളിപ്പിച്ചു, ഇക്വിസിറ്റത്തിന്റെ കുറെ ഫോട്ടോയും , ലാബിലെ കുപ്പിയിൽ അവശേഷിച്ച ഭാഗങ്ങളും കാട്ടിക്കൊടുത്ത് ബോധവൽക്കരിച്ച് അട്ടപ്പാടി പുഴയോരങ്ങളിൽ തെരയാനയച്ചു. വാരാന്ത്യങ്ങളിൽ അവൻ വീട്ടിൽ പോകുമ്പോൾ അടുത്തുള്ള പുഴയുടെ ഭാഗങ്ങളിൽ തിരഞ്ഞെങ്കിലും ഈ ചെടി കാണാൻ സാധിച്ചില്ല. പിന്നീട് കാലിക്കറ്റ് യൂണിവേഴ്സിറ്റി ബോട്ടണി ഡിപ്പാർട്ട്മെന്റിൽ അന്വേഷിച്ചപ്പോൾ അവിടത്തെ ഒരു റിസേർച്ച് സ്കോളർ പറഞ്ഞ അറിവുവെച്ച് അട്ടപ്പാടിയിലെ ഒരു പ്രത്യേക സ്ഥലത്തെ പുഴയോരത്ത് തെരയാൻ മരുതനോട് പറയുകയും, അവിടെ നിന്നും ആ സസ്യം അതിന്റെ പ്രധാനഭാഗമായ കോൺ ഉൾപ്പെടെ ശേഖരിച്ചുകൊണ്ടുവരികയുമുണ്ടായി . പാരിജാത പുഷ്പം കണ്ടെത്തിയ ഭീമസേനനെ

പ്പോലെ 'ഇകിസിറ്റം' കണ്ടെത്തിയ ഹീറോയായി മരുതൻ മാറുകയും, ടിച്ചേർസിനെല്ലാം പ്രിയപ്പെട്ടവനാവുകയും ചെയ്തു. മണൽത്തരികൾക്കിടയിൽ കണ്ട സ്വർണ്ണത്തിളക്കം എന്നെ ഇകിസിറ്റത്തിലേക്കും മരുതനിലേക്കും കുറെ നല്ല ഓർമ്മകളിലേക്കും കൊണ്ടെത്തിച്ചു. ഇപ്പോൾ അവൻ എവിടെയാണാവോ? P.S.C കോച്ചിംഗിന് കുറച്ചുനാൾ പോയിരുന്നു. . ഇടക്ക് കോളേജിൽ വന്നപ്പോൾ ഏതോ ലിസ്റ്റിലുണ്ടെന്നും ജോലി കിട്ടാൻ സാദ്ധ്യതയുണ്ടെന്നും ഇപ്പോൾ താൽക്കാലിക ജോലിക്കുപോകുന്നുവെന്നും പറഞ്ഞിരുന്നു. ഇപ്പോൾ കുറെയായി വിവരങ്ങളില്ല.

അല്പമകലെയായി നിന്നിരുന്ന ജീപ്പിന്റെ സാരഥി ശ്യാമിനോട് സ്വർണ്ണത്തരികളെപ്പറ്റി അന്വേഷിച്ചപ്പോൾ അറിഞ്ഞത് ചില ആൾക്കാർ വന്ന് മണലരിച്ചുനോക്കാറുണ്ടെന്നാണ്. പക്ഷെ സ്വർണ്ണത്തിന്റെ വളരെ ചെറിയ അംശം വേർതിരിക്കാൻ ചിലർക്കേ അറിയൂ അത്രേ.

വെയിലിന് ശക്തിയേറിവന്നു. കുറച്ചകലെ മരങ്ങളുള്ള തണലുള്ള ഭാഗത്തേക്ക് ഞങ്ങൾ നീങ്ങി . അവിടെ തള്ളി നിൽക്കുന്ന വലിയ പാറക്കല്ലുകളിലൊന്നിൽ പുഴയിലേക്ക് അലസമായ് കാലുകളിട്ടുകൊണ്ട് ഞാനിരുന്നു. മരത്തണലിന്നടിയിൽ അപ്പോഴും മഞ്ഞിന്റെ തണുപ്പ് തങ്ങി നിന്നിരുന്നു. അപ്പോഴാണ് പാറക്കൂട്ടത്തിലേക്കും, ജലപ്പരപ്പിലേക്കും, പൊന്തക്കാടുകളിലേക്കും മാറി മാറി പറന്നുക്കളിക്കുന്ന ഇണത്തുമ്പികൾ എന്റെ കണ്ണിൽപ്പെട്ടത്. കറുത്തനിറമുള്ള രണ്ടിന്റേയും ചിറകുകൾ കടും പച്ച മിന്നൽ വർണ്ണങ്ങളാൽ മോടിപിടിപ്പിച്ചിരിക്കുന്നു. അവ പറക്കുമ്പോൾ ജലപ്പരപ്പിലൂടെ രണ്ടു കടുംപച്ച മിന്നൽപ്പിണർ മിന്നിമായുന്ന പോലെ . ഇത്ര ഭംഗിയുള്ള തുമ്പികളെ ഞാനധികം കണ്ടിട്ടില്ല. മിന്നും പച്ചനിറമുള്ള ഈ തുമ്പികളെ അവയുടെ നിറത്തോടു ചേർന്ന് നിൽക്കുന്ന മനോഹരമായ പ്രകൃതി എത്ര കരുതലോടെ സംരക്ഷിക്കുന്നു. മലിനീകരിക്കപ്പെടാത്ത അട്ടപ്പാടിയിലെ ഏതോ പുഴയോരവും പ്രകൃതിയും ഇതുപോലെ അതിന്റെ സനിഗ്ധമായ കരുതലിന്റെ കരങ്ങളാൽ ഇപ്പോഴും ഇകിസിറ്റം സസ്യത്തെ ചേർത്തുപിടിച്ചിട്ടുണ്ടാവും, ഭൂമിയിൽ നിന്നും എന്നെന്നേക്കും നഷ്ടപ്പെട്ടുപോകാതെ എന്ന് ഞാനോർത്തു. എന്റെ ഹൃദയത്തിലും സന്തോഷവും, സമാധാനവും നിറയുകയായിരുന്നു. മഞ്ഞിന്റെ നേർത്ത തണുപ്പുകലർന്ന ഇളം വെയിലും, വിടർന്നു ചിരിക്കുന്ന ഈ മഞ്ഞപ്പൂക്കളും, മിന്നുന്ന പച്ചനിറമുള്ള തുമ്പികളും , സ്ഫടിക സമാനമായ കുളിർനീരും , ഉരുളൻ കല്ലുകളും, സ്വർണ്ണമണൽത്തരികളും, കല്ലുമുട്ടി മീനുകളും, കുഞ്ഞു ചിത്രശലഭങ്ങളും പിന്നെയുമെന്തൊക്കെയോ ഒത്തുചേർന്ന ഈ മനോഹര തീരം എന്റെ രോഗാതുരമായ മങ്ങിയ മനസ്സിനെയും ശരീരത്തെയും പ്രസരിപ്പിന്റെയും, പ്രത്യാശയുടെയും തെളിമയുള്ള തീരങ്ങളിലേക്ക് എങ്ങനെ ആവാഹിച്ചുകൊണ്ടുപോകുന്നു എന്നത്ഭുതപ്പെട്ട് ഞാനിരുന്നു. പുരോഗതിയിലേക്കുള്ള പ്രയാണങ്ങളിൽ പ്രകൃതിയെ പരമാവധി മുറിവേൽപ്പിക്കുന്ന മനുഷ്യനും ആശയറ്റ ഘട്ടങ്ങളിൽ പ്രകൃതി മാത്രമാണ് പ്രത്യാശാദായകം ആകുന്നതെങ്കിൽ മറ്റ് ജീവജാലങ്ങളുടെ നിലനിൽപ്പിന് എത്ര അനിവാര്യമാണ് അവയുടെ ചുറ്റുപാടും അന്തരീക്ഷവും.

ഇത്ര സന്തോഷത്തിലും കണ്ണുനിറയുന്നുവോ? കുറച്ചു നിമിഷങ്ങൾക്കകം ഞാനിവിടെനിന്നും തിരികെ പോകും. ജീവിതത്തിലിനി തിരികെ ലഭിക്കാൻ ഇടയില്ലാത്ത ഈ സുന്ദര നിമിഷങ്ങൾ എനിക്ക് നൽകിയ പരമകാരുണ്യകനായ ദൈവമേ ....നന്ദി, നന്ദി. നീ തന്നെയല്ലേ ഈ പ്രകൃതിയും. ആകുലതകൾ അലിഞ്ഞില്ലാതാകുന്നതിനോടൊപ്പം മനസ്സ് അലൗകികമായ പ്രകൃതിയെ പൂർണ്ണമായി ഉൾക്കൊള്ളുന്നതും, മറ്റൊരു തിളങ്ങുന്ന പച്ചത്തുമ്പിയായി ഈ പുഴയോരത്ത് പാറിനടക്കാൻ വെമ്പൽ കൊള്ളുന്നതും ഞാനറിഞ്ഞു.

*****

ജ്യോതിഷാചാര്യൻ: ജി. കെ. മേനോൻ
Ernakulam Karayogam 0484 - 2361160,
8848036518, 9645683491

ഓം

**1200 ധനുമാസഫലം**

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു



**(മേടക്കൂർ:** അശ്വതി ഭരണി കാർത്തിക ആദ്യ പാദം) സാമ്പത്തികപരമായി മെച്ചപ്പെടും വിദ്യാർത്ഥികൾക്ക് ഓർമ്മ കുറവ് പഠനകാര്യങ്ങളിൽ ബുദ്ധിമുട്ട് സൃഷ്ടിക്കും. എന്നാലും ഭാഗ്യത്തിന്റെ അനുകൂലത ലഭിക്കും. കലാപരമായ തൊഴിലിൽ പ്രവർത്തിക്കുന്നവർക്ക് ഗുണപരമായ പുരോഗതി ഉണ്ടാവും. ഡിസംബർ 28, 29 തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ ഈ ദിവസങ്ങളിൽ ദേവീ പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുന്നതും മന്ത്രജപം നടത്തുന്നതും നല്ലതാണ്



**(ഇടവക്കൂർ:** കാർത്തിക അവസാന മൂന്ന് പാദം രോഹിണി മകയിരം ആദ്യപകുതി) മംഗള കാര്യങ്ങൾക്കായി ധനം ചിലവഴിക്കും.ദാമ്പത്യ വിഷയങ്ങളിലെ അകൽച്ച മാറും. കേരളം വിട്ട് പുറത്ത് പോയി പഠിക്കാനും വിദേശ ജോലിക്ക് ശ്രമിക്കുന്നവർക്കും കാലം അനുകൂലമാണ്. ഡിസംബർ 30, 31 തിയതികൾ അഷ്ടമ രാശിക്കൂർ നക്ഷത്രങ്ങളാകയാൽ ഈ ദിവസങ്ങളിൽ ശൈവ വൈഷ്ണവ ക്ഷേത്ര ദർശ്ശനവും ദേവതാ പ്രീതികരമായ വഴിപാടുകൾ നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



**(മിഥുനക്കൂർ:** മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം) ഭുമി, പരമായ ഇടപാടുകളിലൂടെ ധനലാഭം ഉണ്ടാകും വിവാഹ മോചനത്തിന് ശ്രമിക്കുന്നവർക്ക് ആഗ്രഹം സഫലമാകും പ്രണയ ബന്ധങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാകും. ജനുവരി 1, 2 ദിവസങ്ങൾ അഷ്ടമ രാശിക്കൂർ നക്ഷത്രങ്ങളായതിനാൽ ഈ ദിവസങ്ങളിൽ ഗണപതി ക്ഷേത്രം, സർപ്പ ക്ഷേത്രം എന്നീയിടങ്ങളിൽ ദർശ്ശനവും മന്ത്രജപവും നടത്തുന്നത് നല്ലതാണ്.



**(കർക്കിടക്കൂർ:** പുണർതം അവസാന പാദം പൂയം, ആയില്യം) ഭാഗ്യാനുകൂലതകൊണ്ട് ധനലാഭം ഉണ്ടാവും. തൊഴിൽ മേഖലയിൽ ശോഭിക്കാൻ ബുദ്ധിമുട്ടും ആത്മവിശ്വാസം കുറയും. സാമ്പത്തിക വിഷയവുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ കലഹത്തിന് ഇടവരുത്താം. ജനുവരി 3, 4 ദിവസങ്ങൾ അഷടമ രാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ ഗണപതി സർപ്പപ്രീതികരങ്ങളായ മന്ത്രജപങ്ങൾ നടത്തുകയും ക്ഷേത്ര ദർശ്ശനം നടത്തി പ്രാർത്ഥിക്കുകയും ചെയ്യുന്നത് ഗുണകരമാകും.



**(ചിങ്ങക്കൂർ:** മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം ) വിദ്യാർത്ഥികൾക്ക് അശ്രദ്ധ നിമിത്തം തെറ്റ് പറ്റാൻ ഇടയുണ്ട്. തൊഴിലാളികൾക്ക് കർമ്മരംഗത്ത് ശത്രുക്കൾ ഉണ്ടാവുകയും ധനനഷ്ടം വരുകയും ചെയ്യാം. അലർജി സംബന്ധമായ രോഗങ്ങർക്കും അപഖ്യാതികൾ കേൾക്കുന്നതിനും സാധ്യതയുണ്ട്. ജനുവരി 6, 7 തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ ഈ ദിവസങ്ങളിൽ ദേവീക്ഷേത്ര ദർശ്ശനവും സർപ്പത്തിന് വിളക്ക് വെക്കുകയും പ്രാർത്ഥിക്കുന്നതും നല്ലതാണ്.



**(കന്നിക്കൂർ:** ഉത്രം അവസാന മൂന്നാം പാദം അത്തം ചിത്തിര ആദ്യ പകുതി) വിവാഹിതരാകുവാൻ ആഗ്രഹിക്കുന്നവർക്കും സന്താന സൗഭാഗ്യത്തിനായി ശ്രമിക്കുന്നവർക്കും ആഗ്രഹ പൂർത്തികരണത്തിന് ഈശ്വരാനുകൂലതയുള്ള സമയമാണ്. ആലോചയില്ലാത്ത പ്രവൃത്തികൾ മൂലം സ്വയം ദോഷങ്ങളും വരുത്തിവക്കും. ജനുവരി 8, 9 ദിവസങ്ങൾ അഷ്ടമ രാശി നക്ഷത്രങ്ങൾ ആയതിനാൽ ഈ ദിവസങ്ങളിൽ ശ്രികൃഷ്ണ ക്ഷേത്ര ദർശ്ശനവും ഭഗവാന് പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുകയും ചെയ്യുക.



**(തുലാക്കൂർ:** ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം.) പുതിയ വീട് വാങ്ങുന്നതിനും വാഹനം വാങ്ങുന്നതിനും ശ്രമിക്കുന്നവർക്ക് ആഗ്രഹ സഫലീകരണമുണ്ടാകും. വിദ്യാത്ഥികൾക്ക് വിദ്യാവിജയം ലഭിക്കും. ഭക്ഷണം മൂലം അലർജിക്ക് സാധ്യതയുണ്ട്. ജനുവരി 10.11 ദിവസങ്ങൾ അഷ്ടമ രാശിക്കൂർ നക്ഷത്രങ്ങളായതിനാൽ ഈ ദിവസങ്ങളിൽ ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.




**(വൃശ്ചികക്കൂർ:** വിശാഖം അവസാന പാദം. അനിഴം തൃക്കേട്ട) വിവാഹത്തിന് ശ്രമിക്കുന്നവർക്ക് പ്രതീക്ഷക്ക് വകയുണ്ട്.വീട് പുതുക്കി പണിയുന്നതിനും പഴയ വാഹനങ്ങൾ വാങ്ങുവാൻ ആഗ്രഹിക്കുന്നവർക്കും അനുകൂല ഫലം ഉണ്ടാകും. പ്രവർത്തി മണ്ഡലങ്ങളിൽ നിന്നും സർക്കാരിൽ നിന്നും ധനലാഭം പ്രതീക്ഷിക്കാം. ഡിസംബർ 16,17, ജനുവരി 13 അഷ്ടമ രാശിക്കുർ നക്ഷത്രങ്ങളായതിനാൽ ഈ ദിവസങ്ങളിൽ വിഷ്ണു ക്ഷേത്ര ദർശ്ശനവും ഭഗവാന് പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്.



**(ധനുക്കൂർ:** മൂലം പൂരാടം ഉത്രാടം ആദ്യ പാദം. ) വ്യവഹാരങ്ങളിലൂടെയും ചില മത്സരങ്ങളിലൂടയും ധനലാഭം ഉണ്ടാകാം. കടുത്ത പ്രതിസന്ധിയിൽ പോലും പോരാട്ട വീര്യം കൊണ്ട് വിജയം വരിക്കും. കഴിവ് പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ഉണ്ടാകും. തൊഴിൽ രംഗത്ത് സ്വസ്ഥത കുറയും. ഡിസംബർ 18, 19 തിയതികൾ അഷ്ടമ രാശിക്കൂർ നക്ഷത്രങ്ങളായതിനാൽ ഈ ദിവസങ്ങളിൽ ശിവക്ഷേത്ര ദർശ്ശനവും മന്ത്രജപവും സർപ്പപ്രീതികരങ്ങളായ വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.



**(മകരക്കൂർ:** ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യ. പകുതി) വീട് വാങ്ങാനോ പുതുക്കി പണിയാനോ ഉദേശിക്കുന്നവർക്ക് ആഗ്രഹം സഫലമാകും. കർമ്മരംഗത്തെ പ്രശ്നങ്ങർക്ക് പരിഹാരം ഉണ്ടാവും. നഷ്ടപ്പെട്ടെന്ന് കരുതിയ ധനം ചെറിയ രീതിയിലായാലും തിരികെ കിട്ടാം.ഡിസംബർ 20, 21 ദിവസങ്ങൾ അഷ്ടമ രാശി നക്ഷത്രങ്ങൾ ആയതിനാൽ ശാസ്താവിനും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ക്ഷേത്ര ദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



**(കുംഭക്കൂർ:** അവിട്ടം അവസാന പകുതി ചതയം പൂരുരുരുട്ടാതി ആദ്യ മൂന്ന് പാദം) വീടോ വാഹനമോ വാങ്ങുവാനായി ധനം ചിലവിക്കും.പൊതുതവേ മനസ്സിന് സന്തോഷം ലഭിക്കുന്ന അനുഭവങ്ങൾ വന്ന് ചേരും. ധനവും വാക്കും ശ്രദ്ധയോടെ ഉപയോഗിച്ചില്ലെങ്കിൽ പ്രശ്നങ്ങൾ ഉണ്ടാവും ഡിസംബർ 22, 23 തിയതികൾ അഷ്ടമ രാശിക്കൂർ നക്ഷത്രങ്ങളായതിനാൽ സർപ്പപ്രീതികരങ്ങളും വൈഷ്ണവ പ്രീതികരങ്ങളായതുമായ വഴിപാടുകളും ക്ഷേത്ര ദർശനങ്ങളും നടത്തുക.



**(മീനക്കൂർ:** പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി ) ധനപരമായും വിദ്യാപരമായും വേണ്ട പോലെ മികവ് പുലർത്തുവാൻ കഴിയില്ല. അലർജി സംബന്ധമായ പ്രശ്നങ്ങൾ അലോസരപ്പെടുത്തും. പങ്കാളികൾ അശ്രദ്ധമായി ചെയ്യുന്ന പ്രശ്നങ്ങൾ തലവേദന സൃഷ്ടിക്കും. ഡിസംബർ 25, 26 തിയതികൾ അഷ്ടമ രാശിക്കുർ നക്ഷത്രങ്ങളായതിനാൽ. സർപ്പ ക്ഷേത്ര ദർശനം നടത്തി യഥാശക്തി വഴിപാടും സർപ്പപ്രീതികരങ്ങളായ മന്ത്ര ജപങ്ങൾ നടത്തുന്നത് നല്ലതാണ്.

*ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*


# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair Boy, 26/177cm, Chathayam, MTech, Assist.Professor. Pref: Good looking Educated and working. Mob:9495211088, 8547752088


Email:akhil13598@gmail.com
Date of Birth: 13-05-1998 (10.20 am)
Sishta Dasa: 7-2-12




Contact Address:
MR. MURALEEDHARAN NAIR P K
PAYIKKATTU HOUSE
ERAMALLOOR P.O.
CHERTHALA, ALAPPUZHA - 688537

Nair Boy, 27/165cm, Vishakham 3/4 (Thulam), Bachelor in Architecture. self employed. Presently working in film industry. Mob:9449799365


Email:aravrnair@gmail.com
Date of Birth: 08-09-1997 (12.00 am)
Sishta Dasa: Jupiter - 8-2-14




Contact Address:
MR. ARAVINDAKSHAN NAIR
VARICATTU HOUSE, KUTHIATHODE P O, CHERTHALA PIN: 688533

Nair Boy, 26/182cm, Karthika 3/4 (Edavam), Bcom, Assistant Team leader- Mob:7025111244


Email:hkrishnan411@gmail.com
Date of Birth: 09-10-1998 (9.40 am)
Sishta Dasa: 0-0-0




Contact Address:
MR. MANIKANTAN
L-16, AMBADY
CHANGAMPUZHA NAGAR P.O.,
KALAMASSERY, ERNAKULAM

Nair Boy, 31/170cm, Chothi, (Divorced) BTech in EEE, Amazon Inc. Mob:9886835797


Email:latharaghavan6@gmail.com
Date of Birth: 07-04-1993 (11.01.00 pm)
Sishta Dasa: sun 1 -1-1




Contact Address:
MR. RAGHAVAN. M. C.
MANJUMMEL. P.O,
ERNAKULAM .DIST

Nair Boy, 32/175cm, Avittom 1/2 (Makaram), BA, NEBOSH, HSC.Officer, Prefer an educated girl . Mob:9497635751

Email:ecektgk@gmail.com
Date of Birth: 26-04-1992 (12.00 am)
Sishta Dasa: 0-0-0




Contact Address:
MR. R BALACHANDRAN PILLAI
GEETHANJALI, CHAMANADU
KUTHIATHODE P, O
CHERTHALA


**THOTTEKKATT DIWAN'S MEMORIAL A/C HALLS**

1. TDM HALL GANGA
2. TDM HALL PERIYAR (DINING HALL)
3. TDM HALL KAVERY
4. TDM HALL SOORYA (DINING HALL)
5. TDM HALL YAMUNA
6. TDM HALL NILA (DINING HALL)
7. TDM HALL PAMBA
8. TDM HALL NARMADA
9. TDM HALL SARASWATHY (DINING HALL)
10. TDM HALL GODAVARY (CONFERENCE HALL)
11. TDM HALL KRISHNA (EXHIBITION HALL)
12. TDM HALL SARAYU

For Details Contact: 0484 2361160, 9447171160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

# MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്



Nair Girl, 26/162cm, Chithira 1/2 (Thulam) Master of dental surgery. Studying final year. Mob:9446547161, 9447075161

Email:prabhathambika283@gmail.com
Date of Birth: 06-06-1998 (2.30.00am)
Sishta Dasa: Mars 2-1-10

കു
ബു മ

| | | | |
|---|---|---|---|
| ഗു മാ ല | ശു മ | ര ബു കു | |
| ശി | ഗ്രഹനില & അംശകം | | |
| | | | സ |
| | | ച | |

ല
ശി
ര സ ഗു
ശു
മാ
ച

Contact Address:
MR. SATHYASEELAN P S
LAKSHMI MANDIRAM, MAJOR ROAD,
VYTTILA , ERNAKULAM -682019

Nair Girl, 27/165cm, Punatham 3/4, (Mithunam) Business and finance CFA level 2, Fidelity USA, Pref: Looking for a Nair boy well settiled in US-Mob:9847469127


Email:latha.kochi@gmail.com
Date of Birth: 18-03-1997 (7.39.00 am)
Sishta Dasa: 0-0-0

മാ ച ഗു

| | | | |
|---|---|---|---|
| ര ബു മ ശി ല | | | ച മാ |
| ശു | ഗ്രഹനില & അംശകം | | |
| ഗു | | | |
| | | | കു സ |

ശു
സ ല
കു
ര ശി
മ ബു

Contact Address:
MR. BALACHANDRAN
DEIVEEGAM MAHATMA NAGAR TOG
PASS ROAD KALAMASERRY KOCHI


എറണാകുളം കരയോഗം മാംഗല്യം



www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി
മാംഗല്യത്തിൽ രജിസ്ട്രർ ചെയ്യൂ,
ഉത്തമ ജീവിത പങ്കാളിയെ കണ്ടെത്തൂ...

കൂടുതൽ വിവരങ്ങൾക്ക് – 0484 - 2361160

**എറണാകുളം കരയോഗം കഥകളി ക്ലബ്ബ്**

## പത്മഭൂഷൺ ഡോ. കലാമണ്ഡലം രാമൻകുട്ടി നായർ ജന്മശതാബ്ദി



അനുസ്മരണ പ്രഭാഷണം

ശ്രീ. ശ്രീവത്സൻ തിയ്യാടി നടത്തുന്നു



**2024**
**ഡിസംബർ 17**
**ചൊവ്വാഴ്ച വൈകുന്നേരം 5.45 ന്**
**ടി.ഡി.എം. കാവേരി ഹാളിൽ**

തുടർന്ന്

# കഥകളിപ്പദ കച്ചേരി

**പാട്ട്**

കലാമണ്ഡലം കൃഷ്ണകുമാർ



കലാമണ്ഡലം യശ്വന്ത്



**ചെണ്ട**

ഗോപികൃഷ്ണൻ തമ്പുരാൻ



**മദ്ദളം**

RLV ജിതിൻ



ഏവർക്കും സ്വാഗതം



# പ്രതിഭാ പുരസ്കാരം 2025

**എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 30-ാം മത് പുരസ്കാരത്തിനുള്ള ശുപാർശകൾ ക്ഷണിക്കുന്നു.**

2025-ൽ കഥകളി ക്ലബ്ബിന്റെ 67-ാം മത് വാർഷികത്തോടനുബന്ധിച്ച് പുരസ്കാരങ്ങൾ സമ്മാനിക്കും.

സഹൃദയരായ കഥകളി ആസ്വാദകരിൽ നിന്നും താഴെ പറയുന്ന പുരസ്കാരങ്ങൾക്കുള്ള ശുപാർശകൾ ക്ഷണിച്ചു കൊള്ളുന്നു. ശുപാർശകൾ ലഭിക്കേണ്ട അവസാന തീയതി **2025 ജനുവരി 15** ആണ്.

**► പുരസ്കാരങ്ങൾ ◄**

1. കളഹംസം – കഥകളിവേഷം
2. തൗര്യത്രികം – കഥകളി ചെണ്ടവാദനം
3. തൗര്യത്രികം – കഥകളി മദ്ദളവാദനം
4. തൗര്യത്രികം – കഥകളി സംഗീതം
5. കഥകളി ചമയം – ചുട്ടി
6. തൗര്യത്രികം – ഉടുത്തു കെട്ട്
7. സ്ത്രൈണം – കഥകളി രംഗത്തെ വനിതാ സാന്നിധ്യം

കഴിവതും മേൽപ്പറഞ്ഞ രംഗങ്ങളിൽ കാലങ്ങളായുള്ള സാന്നിധ്യവും, കലാപരമായ സംഭാവനകളും നൽകിയ കലാകാരന്മാരെയാണ് പുരസ്കാരത്തിനായി നിർദ്ദേശിക്കേണ്ടതെന്നും, എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പുരസ്കാരം മുൻകാലങ്ങളിൽ ലഭിച്ചിട്ടുള്ളവരെ പരിഗണിക്കുന്നതല്ല എന്നും അറിയിക്കുന്നു.

*കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക*

**Sarath Kumar - 9847049542**
എറണാകുളം കരയോഗം, ടി. ഡി. എം ഹാൾ കോംപ്ലക്സ്,
ഡി.എച്ച്. റോഡ്, കൊച്ചി-682016
Ph: 0484-2361160, E-Mail: ekmkgm@gmail.com

DATE OF PUBLICATION: 10-12-2024

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 16 | DECEMBER 2024 | Issue No. 12

## എറണാകുളം കരയോഗം സാംസ്ക്കാരികവേദി

### അകായിലെ സംഗീതം

ഡിസംബർ 15 ഞായറാഴ്ച വൈകുന്നേരം
4.00 മണിക്ക് ടി.ഡി.എം. ഹാളിൽ

2010-ന് ശേഷമുള്ള പാട്ടുകൾ
(പുതിയ പാട്ടുകൾ)

## ബീം ഡിസംബർ മാസ പരിപാടി



### പ്രണയ ഗീതങ്ങൾ

*by*

**നവനീത് ഉണ്ണികൃഷ്ണൻ**

**Date : 01-01-2025 Wednesday / 6.00 p.m**

**Venue: TDM Hall Ernakulam**

## എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പ്

ഡിസംബർ 14 ശനിയാഴ്ച വൈകുന്നേരം
4.00 മുതൽ 6.00 വരെ ടി.ഡി.എം. ഹാളിൽ

**Topic:**

**Project KAWH (Kochi as World Heritage): 2025 Activities**

**Participation:**

പ്രോജക്റ്റിൽ സന്നദ്ധസേവനം നടത്താൻ താൽപ്പര്യമുള്ള സംഘടനകൾക്കും വ്യക്തികൾക്കും മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു

**Registration: please send your contact details by Whatsapp No: 9871568309, Last date: 13-12-2024**

## എറണാകുളം കരയോഗം സാഹിതി യോഗം

ചർച്ച - കാളിദാസ സാഹിത്യം
അവതരണം - ശ്രീ. ടി. എൻ.ടി നായർ

ഡിസംബർ 22 ഞായറാഴ്ച വൈകുന്നേരം
3.30 - ന് ടി.ഡി.എം. ഹാളിൽ

ഏവർക്കും സ്വാഗതം

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi - 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan Nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.